# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Volume IV)




കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M.Sc., M.Ed., Ph.D.

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

## (Volume IV)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

The Travancore Syriac Orthodox Publishers
Kottayam -686 004
2012

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**

**(Vol. IV)**

By. Cor-Episcopo (Dr.) K. Mani Rajan

First Edition: 2009, The Travancore Syriac Orthodox Publishers, Kottayam-686 004

Reprint: 2012, The Travancore Syriac Orthodox Publishers, Kottayam-686 004

Copyright @ Author

All rights reserved . No reproduction or translation in whole or part is allowed without written permission from the author.

Price Rs. 45.00

Printed at: Dona colour Graphs, Kottayam

Published by: The Travancore Syriac Orthodox Publishers, Kottayam-686 004

Copies: 1000

# ഉള്ളടക്കം

1. വിശുദ്ധ ക്ലീമിസ് ....................5
2. പരിശുദ്ധനായ മോർ ശർബീൽ സഹദായും
സഹോദരി ബാബായിയും ....................7
3. സിനോപിലെ വിശുദ്ധ ഫോക്കാസ് ....................10
4. മോർ യാക്കോബ് മഫസ്ക്കൊ ....................13
5. വിശുദ്ധരായ യൂയാക്കീമും ഹന്നായും ....................15
6. സഭാചരിത്രകാരനായ കൈസര്യായിലെ യൂസേബിയസ് ....................17
7. ഏകാന്തവാസിയായ വിശുദ്ധ പൌലെ ....................20
8. ക്ലിസ്മയിലെ വിശുദ്ധ ഔഗേൻ ....................23
9. വിശുദ്ധ അഫ്രാത്ത് സന്യാസി ....................26
10. ഇളയവളായ വിശുദ്ധ മക്രീന ....................28
11. ഈജിപ്റ്റിലെ വിശുദ്ധ എപ്പിപാനിയോസ് ....................33
12. വിശുദ്ധ സെനോ ....................37
13. മോർ ബാലായ് മെത്രാപ്പോലീത്ത ....................38
14. ഇസഹാക്ക് മല്പാൻ ....................39
15. ശെമവൂൻ കൂക്കോയോ ....................41
16. ദമസ്കൊസുകാരൻ വിശുദ്ധ യൂഹാനോൻ ....................42
17. പരിശുദ്ധനായ മോർ കൂറീലോസ് യൂയാക്കീം ബാവ ....................45
18. പരിശുദ്ധനായ മോർ കൂറീലോസ് പൗലോസ് തിരുമേനി ....................49
19. അലക്സന്ത്രിയ പാത്രിയർക്കീസായ മോർ തെയോഫീലോസ് ....................54
20. അലക്സന്ത്രിയായിലെ മോർ തിമോഥിയോസ് ....................57
21. പരിശുദ്ധ അന്തിമോസ് പാത്രിയർക്കീസ് ....................59
22. മോർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ ....................61
23. മോർ ഈവാനിയോസ് യൂഹാനോൻ ....................65
24. പുണ്യശ്ലോകനായ മോർ ദീവന്നാസിയോസ് ജോസഫ് ....................67
25. പുണ്യശ്ലോകനായ കടവിൽ മോർ അത്താനാസിയോസ് പൗലോസ്. ....................71
26. പുണ്യശ്ലോകനായ മോർ സേവേറിയോസ് പൗലോസ് ....................74
27. പുണ്യശ്ലോകനായ കടവിൽ
മോർ അത്താനാസ്യോസ് പൗലോസ് രണ്ടാമൻ ....................78
28. പുണ്യശ്ലോകനായ മോർ കൂറീലോസ് കുരിയാക്കോസ് ....................80
29. പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് തോമസ് ....................82
30. പുണ്യശ്ലോകനായ മോർ തേയോഫിലോസ് തോമസ് ....................84

# വിശുദ്ധ ക്ലീമിസ്
## (ഏ. ഡി.? - 101?)

ക്ലീമിസ് ഫ്േളവിയ കുടുംബത്തിൽ ഫസ്തിനസിന്റെ മകനായി റോമിൽ ജനിച്ചു (Cayre, 1936; Hoever, 1989; White, 1991). അലക്സന്ത്രിയയിലെ ക്ലീമിസിൽ നിന്നും തിരിച്ചറിയുന്നതിനായി റോമിലെ ക്ലീമിസെന്നും പോപ് ക്ലീമിസ് ഒന്നാമനെന്നും ഇദ്ദേഹം അറിയപ്പെടുന്നു. പരിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ വഴിയായി ക്ലിമീസ് ക്രിസ്ത്യാനിയായി.

അപ്പൊസ്തോലനായ പൗലോസ് ശ്ലീഹാ ഫിലിപ്പ്യർക്കെഴുതിയ ലേഖനത്തിൽ (ഫിലി. 4:3) പരാമർശിക്കുന്ന - 'ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലീമിസ്' ഇദ്ദേഹമാണെന്ന് ഒറിഗണും ഐറേനിയോസും അഭിപ്രായപ്പെടുന്നു. ഇദ്ദേഹം പത്രോസ് ശ്ലീഹായ്ക്കു ശേഷം റോമിലെ മൂന്നാമത്തെ മെത്രാപ്പോലീത്തായായിരുന്നു (Hoever, 1989). പത്രോസ് ശ്ലീഹായ്ക്കു ശേഷം ലിനസ് (ഏ. ഡി. 68-80), അനിക്ലീറ്റസ് (ഏ. ഡി. 80-92), ക്ലീമിസ് (ഏ. ഡി. 92-101), എന്നിവരായിരുന്നു റോമിലെ മെത്രാപ്പോലീത്തന്മാരെന്ന് തെർത്തുല്യൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ട്രാജൻ ചക്രവർത്തിയുടെ ഭരണകാലത്ത് ക്ലീമിസിനെ പൊന്തൊസിലേക്ക് (Crimea?) നാടുകടത്തി. അവിടെ മാർബിൾ ക്വാറികളിൽ പണിയെടുക്കുന്നതിന് ശിക്ഷിക്കപ്പെട്ടു (White, 1991). ദാഹജലത്തിന് ആറ് മൈൽ നടക്കേണ്ടിയിരുന്നു. എന്നാൽ അടുത്തു തന്നെ അത്ഭുതകരമായി ഒരു നീരുറവ കണ്ടെത്തി.

ക്ലീമിസ് അനേകരെ സത്യവിശ്വാസത്തിലേക്ക് നയിച്ചു. അവർ പലരും കൂടെ പണിയെടുത്തിരുന്നവരായിരുന്നു. തൻനിമിത്തം ഇദ്ദേഹത്തെ കരിങ്കടലിൽ കെട്ടിത്താഴ്ത്തുന്നതിനു ഉത്തരവുണ്ടായി. കടലിൽ കെട്ടിതാഴ്ത്തിയ മൃതദേഹം ഫോബസ് (Phoebus) എന്ന ശിഷ്യൻ കണ്ടെടുത്തെന്നും അതല്ല മാലാഖന്മാർ കടലിൽ ഇദ്ദേഹത്തിന്റെ കബറിടം പണിതുവെന്നും വിശ്വസിക്കപ്പെടുന്നു. വർഷത്തിലൊരിക്കൽ വേലിയിറക്കസമയത്ത് തീർത്ഥാടകർക്ക് ഈ കബറിടം ദൃശ്യമാകാറുണ്ടെന്നും

ചരിത്രകാരന്മാർ രേഖപ്പെടുത്തിയുട്ടുണ്ട്. (Cross & Livingstone, 1974; White, 1991).

കലഹിച്ചിരുന്ന കൊരിന്ത്യ സഭയ്ക്ക് ക്ലീമിസ് എഴുതിയ ലേഖനം, ഇടയലേഖനത്തിന് ഒരു ഉത്തമ മാതൃകയായി കരുതപ്പെടുന്നു. കൊരിന്ത്യ സഭയിലെ തർക്കവും ഭിന്നിപ്പും പരിഹരിക്കുന്നതിനാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. ശ്ലീഹന്മാരുടെ പാരമ്പര്യന്യായങ്ങളെ അനാദരിച്ചുവന്ന കൊരിന്ത്യ സഭയെ ഗുണദോഷിച്ചുകൊണ്ടും അസൂയ നിമിത്തം നഷ്ടപ്പെടുത്തിയ യശസ്സ് വീണ്ടെടുക്കുന്നതിന് അനുസരണം, താഴ്മ എന്നീ മൂല്യങ്ങൾ പാലിക്കപ്പെടുന്നതിനുള്ള ഉൽബോധനങ്ങളുമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം (Cayre, 1936; Wace & Piercy, 1999). ഹെജിസിപ്പസിന്റെയും, ഐറേനിയസിന്റെയും പരാമർശങ്ങളിൽ നിന്നും ഈ ലേഖനത്തിന്റെ ആധികാരികത സ്പഷ്ടമാണ്. ക്ലീമിസിന്റെ ലേഖനം ഡൊമിഷ്യൻ പീഡനത്തിനു ശേഷം ഏ. ഡി. 96-98 കാലഘട്ടത്തിൽ എഴുതപ്പെട്ടതാണ്.

കൊരിന്ത്യ സഭയ്ക്കെഴുതിയ ക്ലീമിസിന്റെ ഇടയലേഖനത്തിൽ 65 അധ്യായങ്ങളുണ്ട്. 1 മുതൽ 38 വരെയുള്ള അധ്യായങ്ങളിൽ കൊരിന്ത്യസഭയുടെ നല്ല സാക്ഷ്യം വീണ്ടെടുക്കുന്നതിനുള്ള പ്രബോധനങ്ങളും 39 മുതൽ 65 വരെയുള്ള അധ്യായങ്ങളിൽ സഭയിൽ ദൈവം സ്ഥാപിച്ച മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ, വിശ്വാസികൾ എന്ന ക്രമത്തെ സംബന്ധിച്ചും ദൈവത്തിന്റെ പുരോഹിതന്മാരെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയും സ്പഷ്ടമാക്കുന്നുണ്ട്.

ദൈവം ക്രിസ്തുവിനെ അയച്ചതുപോലെ, ക്രിസ്തു അപ്പൊസ്തോലന്മാരെയും, അപ്പൊസ്തോലന്മാർ ആദ്യമേല്പട്ടക്കാരെയും അയച്ചതിനെ പരാമർശിച്ചും; മോശ അഹറോനെ തെരഞ്ഞെടുത്തതുപോലെ അപ്പൊസ്തോലന്മാർ തെരഞ്ഞെടുത്ത ഭരണാധികാരികളെ അവരുടെ സ്ഥാനങ്ങളിൽ നിന്നും നീക്കുന്നത് തെറ്റാണെന്നും സമർത്ഥിച്ചിരിക്കുന്നു (Cayre, 1936). അപ്പോസ്തോലിക പിൻതുടർച്ചയുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് ഈ ലേഖനം (Douglas, 1978). 70 വർഷങ്ങൾക്കു ശേഷവും ഈ ലേഖനം പള്ളികളിൽ വായിച്ചിരുന്നതായി കൊരിന്ത്യയിലെ ദിവന്നാസിയോസ് സാക്ഷിക്കുന്നു. റോമിലെ ക്ലീമിസിന്റേതായി

ഒരു വിശുദ്ധ കുർബാന തക്സ നിലവിലുണ്ട് (Aphrem I, 2000). പ. പാത്രിയർക്കീസ് ബാവമാരുടെ സ്ഥാനാരോഹണത്തിനുള്ള ഒരു പ്രത്യേക പ്രാർത്ഥന ഇദ്ദേഹം ക്രമീകരിച്ചിട്ടുണ്ട് (Bar Hebreaus, 1974). രക്തസാക്ഷിയായി കരുതപ്പെടുന്ന വിശുദ്ധ ക്ലീമിസിന്റെ ഓർമ്മ പെരുന്നാൾ നവംബർ 24-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## പരിശുദ്ധനായ മോർ ശർബീൽ സഹദായും സഹോദരി ബാബായിയും

**(? - എ. ഡി. 105?)**

ദേവനു ബലികഴിക്കുന്ന എല്ലാ പുരോഹിതന്മാരുടെയും തലവനും എല്ലാവരാലും ബഹുമാനിക്കപ്പെട്ടിരുന്നവനും ആയിരുന്നു ശർബീൽ. ചക്രവർത്തിയായ ട്രാജൻ കൈസറിന്റെ (Trajan Caesar) വാഴ്ചയുടെ പതിനഞ്ചാമാണ്ടിൽ അബ്ഗാർ ഏഴാമൻ രാജാവിന്റെ വാഴ്ചയുടെ മൂന്നാമാണ്ടിൽ എ. ഡി. 105 ൽ എല്ലാവരും നോബു (Nebu) ദേവനും ബീൽ (Bel) ദേവനും ബലികളും പൂജകളും നിവർത്തിക്കണമെന്ന് കല്പനയുണ്ടായി (*The Acts of Sharbil*).

രാജകല്പന പ്രകാരം എല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ ബർസമിയ എപ്പിസ്കോപ്പായും (Bishop Barsamya) തീറേദാത്ത് (Tiridath) കശീശായും ശാലൂലാ (shalula) ശെമ്മാശനും കൂടി പുരോഹിതനായ ശർബീലിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു: 'നീ നോബ് ദേവനും ബീൽ ദേവനും ദേശത്തു സമാധാനം ഉണ്ടാക്കുമെന്നും ദേശത്തെ പുഷ്ടിയാക്കുമെന്നും പറയുന്നു. നീ ഇപ്രകാരം ജനത്തെ വഞ്ചിക്കുന്നു. ഇഷ്ടമുണ്ടെങ്കിൽ ഞാൻ പറയുന്ന ആലോചന കേൾക്കുക. കൈവേലയാകുന്ന വിഗ്രഹങ്ങളെ ഉപേക്ഷിച്ച് സൃഷ്ടാവായ ദൈവത്തെയും പുത്രനായ യേശുമശിഹായെയും വന്ദിക്കുക. പിതാവിൽ നിന്നുള്ള റൂഹാ അവരെ വന്ദിക്കുന്ന എല്ലാവരെയും നീതികരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും ആകുന്നു. നിനക്കു പരിചയമുള്ള പോലൂ

ത്ത് (Palut) ഇവ ഞങ്ങളെ പഠിപ്പിച്ചു. ഈ പോലൂത്ത് ആദായി ശ്ലീഹായുടെ ശിഷ്യനാണെന്നും നിനക്കറിവുള്ളതാണല്ലോ?'

ശർബീൽ, തന്നോട് അറിയിച്ച സകലവും സമ്മതിച്ച് ഏറ്റു പറഞ്ഞു. ബർസമിയ ശർബീലിനോട്: 'അനുതപിക്കുന്ന പാപികൾക്ക് ശരണവും മഹാപാപികൾക്ക് മോചനമുണ്ട്. കള്ളനോട് ചെയ്തതുപോലെ നിന്നോടും നിന്നെപ്പോലുള്ളവരോടും ചെയ്‌വാൻ അവനു കഴിയും' എന്നു പറഞ്ഞു. ശർബീൽ ഉത്തരമായിട്ട്: 'വളരെ ഞെരുങ്ങിയിരിക്കുന്ന രോഗികൾക്ക് നീ ജ്ഞാനമുള്ള വൈദ്യനാകുന്നു. ഇപ്പോൾ പെരുന്നാൾ ദിവസമാകകൊണ്ട് നാളെ കഴിഞ്ഞ് രാത്രിയിൽ നിന്റെ അടുക്കൽ ഞാൻ വരാം.'

ശർബീലും അവന്റെ സഹോദരി ബോബായിയും (Babai) കൂടി രാത്രിയിൽ ബർസമിയായുടെ അടുക്കൽ ചെന്നു. പിതാവിലും പുത്രനിലും വിശുദ്ധ റൂഹായിലും അവർ വിശ്വാസം ഏറ്റു പറഞ്ഞ് മാമ്മോദീസാ സ്വീകരിച്ചു. ക്രിസ്ത്യാനികൾക്ക് ഉചിതമായ വസ്ത്രം ധരിച്ചു. ഇതേത്തുടർന്ന് അനേകം പുരുഷന്മാരും സ്ത്രീകളും പട്ടണത്തിലെ അധികാരികളായ നോബും (Labu?) ഹപ്സിയയും (Hafsai) ബക്കൽബായും (Barcalba), അവിദായും (Avida) ശർബീൽ ഏറ്റുപറഞ്ഞ വിശ്വാസം ഏറ്റുപറഞ്ഞു.

മേൽ വിവരിച്ച കാര്യങ്ങൾ ഗ്രഹിച്ച ലൂസനിയ എന്ന ന്യായാധിപൻ (Lysanias, the Judge of the country) ശർബീലിനെ പള്ളിയിൽനിന്നും പിടിച്ചുകൊണ്ടുപോയി വിസ്തരിച്ചു. ശർബീൽ പറഞ്ഞു: 'ഞാൻ എന്റെ ബോധത്തിൽ കുരുടനായിരുന്നപ്പോൾ ഞാൻ അറിയാത്തതിനെ വന്ദിച്ചു. എന്നാൽ ഇന്ന് എന്റെ ബോധക്കണ്ണുകൾ തുറന്നിരിക്കുന്നു. കൊത്തി ഉണ്ടാക്കപ്പെട്ടിരിക്കുന്ന കല്ലുകളിൽ ഇനിയും ഞാൻ ആശ്രയിക്കുകയും മറ്റുള്ളവർക്ക് വിരുദ്ധ കാരണമായി തീരുകയുമില്ല.' ലൂസനിയ ദേവന്മാരുടെ പുരോഹിത ശുശ്രൂഷയിലേക്കു മടങ്ങുന്നതിനും അനുസരിക്കാത്തപക്ഷം കഠിന ദണ്ഡനങ്ങൾക്ക് വിധേയനാക്കുമെന്നും ഭീഷണിപ്പെടുത്തിയെങ്കിലും ആ ഭീഷണികളെയൊന്നും ഭയപ്പെടുന്നില്ലെന്ന് ശർബീൽ അറിയിച്ചു.

ശർബീലിനെ അടിക്കുകയും, തൂക്കിയിട്ട് ഇരുമ്പു ചീപ്പുകൊണ്ട് ശരീരമാസകലം ചീകുകയും, വലത്തു കൈയിൽ

തൂക്കിയിടുകയും, ഇരുമ്പുദണ്ഡ് പഴുപ്പിച്ച് ശരീരഭാഗങ്ങളിൽ വയ്ക്കുകയും, മുറിവുകളിൽ ചൊറുക്കയും ഉപ്പും തളിക്കുകയും ചെയ്തു. ശർബീൽ പറഞ്ഞു: ''ഇതിനുവേണ്ടിയുള്ള മരണം മശിഹാരാജാവിൽ ഏറ്റുപറയുന്നവർക്ക് സത്യജീവനാകുന്നു. അവൻ മഹത്ത്വമുള്ള പിതാവിന്റെ മുമ്പാകെ അവരെ ഏറ്റുപറയും.'' തുടർന്ന് പലവിധമായ കഠിന ദണ്ഡനങ്ങൾക്ക് ശർബീലിനെ വിധേയനാക്കി. ശർബീൽ പറഞ്ഞു: ''സ്കീപ്പായിൽ രക്ഷിക്കപ്പെട്ടിരിക്കുന്നവർക്ക് വീണ്ടും വഞ്ചനയുടെ വിഗ്രഹങ്ങളെ വന്ദിപ്പാനോ ആരാധിപ്പാനോ കഴിയുകയില്ല. എന്തെന്നാൽ സൃഷ്ടിക്കു സൃഷ്ടിയെ വന്ദിപ്പാൻ കഴിയുകയില്ല. അത് അതിന്റെ സ്രഷ്ടാവിനെ വന്ദിക്കേണ്ടതാകുന്നു.'' ഒടുവിൽ മരം കൊണ്ടുള്ള അറപ്പുവാളാൽ അവനെ അറുത്ത് മരിക്കാറാകുമ്പോൾ വാളുകൊണ്ട് അവന്റെ തല വെട്ടണമെന്ന് കല്പനയായി. (I give sentence that he be sawn with a saw of wood, and that, when he is near to die, then his head be taken off with the sword of the headsmen).

പട്ടാളക്കാർ കൊലപാതകരെ കുടിപ്പിക്കുന്ന പതിവനുസരിച്ച് അവന് കുടിപ്പാൻ വീഞ്ഞുനൽകി. അവനത് സ്വീകരിച്ചില്ല. എന്നാൽ പ്രാർത്ഥിപ്പാൻ അല്പം സമയം തരണമെന്നപേക്ഷിച്ചു. ശർബീൽ കിഴക്കോട്ടു തിരിഞ്ഞ് ഇങ്ങനെ പ്രാർത്ഥിച്ചു: ''മശിഹാതമ്പുരാനേ, ഞാൻ നിക്കു വിരോധമായി ചെയ്ത സകല പാപവും ജീവനില്ലാത്ത വിഗ്രഹങ്ങളുടെ അശുദ്ധ ബലിയാൽ നിന്നെ ഞാൻ കോപിപ്പിച്ചതും എന്നോടു ക്ഷമിക്കണമേ. കള്ളനോട് കരുണ ചെയ്തതുപോലെ എന്നോടു കരുണ ചെയ്യണമേ. പതിനൊന്നാം മണിനേരത്തു മാത്രം നിന്റെ മുന്തിരിത്തോട്ടത്തിൽ ഞാൻ പ്രവേശിച്ചു. ന്യായവിധിയിൽനിന്ന് എന്നെ നീ രക്ഷിക്കണമേ.''

അറപ്പുതടിയിൽ ശർബീൽ കിടക്കുമ്പോൾ അവന്റെ സഹോദരി ബോബായി അടുത്തു ചെന്ന് ഒരു പാത്രത്തിൽ അവന്റെ രക്തമെടുത്തു (Babai spread out her skirt (?) and caught his blood). : ''നീ അറിഞ്ഞ് വിശ്വസിച്ചിട്ടുള്ള മശിഹാ തമ്പുരാന്റെ അടുക്കലേക്ക് നിന്റെ ആത്മാവോടു കൂടി എന്റെ ആത്മാവും ചേരട്ടെ എന്നു പറഞ്ഞു.'' ഈ വിവരങ്ങൾ അറിഞ്ഞ ന്യായാധിപതി അവളെയും കൊല്ലുന്നതിന് കല്പിച്ചു. ആ സ്ഥലത്തുവച്ചു

തന്നെ ബോബായിയും വധിക്കപ്പെട്ടു. ആളുകൾ രണ്ടുപേരുടേയും മൃതശരീരങ്ങൾ എടുത്തുകൊണ്ടുപോയി, അബ്ശാലോം (Abshelama) എപ്പിസ്കോപ്പയുടെ പിതാവിന്റെ കബറിങ്കൽ ആദരപൂർവ്വം സംസ്കരിച്ചു. ഇത് കന്നിമാസം 5-ാം തീയതി വെള്ളിയാഴ്ചയാണെന്ന് ഇംഗ്ലീഷ് പരിഭാഷയിൽ കാണുന്നു. മോർ ശർബീൽ സഹദായുടെയും സഹോദരി മർത്ത് ബോബായിയുടെയും ഓർമ്മ സെപ്തംബർ 5-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. ചില സ്ഥലങ്ങളിൽ ഫെബ്രുവരി 27-ാം തീയതിയും ഒക്ടോബർ 14-ാം തീയതിയും ഇവരുടെ ഓർമ്മ ആചരിക്കുന്നുണ്ട്.

## സിനോപിലെ വിശുദ്ധ ഫോക്കാസ്

**(? - എ. ഡി. 303)**

ഫോക്കാസ് എന്ന പേരിൽ മൂന്നു വിശുദ്ധന്മാരാണ് ചരിത്രരേഖകളിൽ പരാമർശിക്കപ്പെടുന്നത്. (1) അന്ത്യോഖ്യാക്കാരൻ ഫോക്കാസ്, (2) സിനോപിലെ മെത്രാപ്പോലീത്തായായ ഫോക്കാസ് (d. 117), (3) സിനോപിലെ തോട്ടക്കാരനായ ഫോക്കാസ് (d. 303)

തോട്ടക്കാരനായ ഫോക്കാസിനെ (Phocas) സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിവായത് അമാസിയയിലെ (Amasea) മെത്രാപ്പോലീത്തായായ അസ്റ്റിറിയസിൽ (Asterius) നിന്നാണ് (Wace & Piercy, 1999; Cross & Livingstone, 1974). ഫോക്കാസിന്റെ നാമത്തിലുള്ള ദൈവാലയത്തിൽ ഫോക്കാസിന്റെ പെരുന്നാൾ ദിവസം എ. ഡി. 400ൽ ഫോക്കാസിനെ പ്രകീർത്തിച്ചുകൊണ്ട് അസ്റ്റിറിയസ് മെത്രാപ്പോലീത്താ പറഞ്ഞു: ''ഫോക്കാസിന്റെ തിരുശേഷിപ്പുകൾ ഉൾക്കൊള്ളുന്ന ഈ ദൈവാലയം ദുഃഖിതർക്ക് ആശ്വാസവും, രോഗികൾക്ക് സൗഖ്യവും, ദരിദ്രർക്ക് വറ്റിപോകാത്ത കലവറയും, അതു മുഖാന്തരം ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും പ്രാപിക്കുന്നതിന് ഇടയായിത്തീരും. വിശേഷാൽ സമുദ്രയാത്രക്കാർക്ക് മദ്ധ്യസ്ഥനായതിനാൽ അവർ

എല്ലാകാലത്തും അവന്റെ മഹത്ത്വങ്ങളെ വർണ്ണിച്ചു പാടുന്നു.'' സമുദ്രയാത്രക്കാർക്ക് മധ്യസ്ഥനായ ഫോക്കാസ് (Phocas of Sinope, gardner) സിനോപിലെ പഫിയഗോണിയ (Paphiagonia) എന്ന സ്ഥലത്തുള്ള ഒരു തോട്ടക്കാരനായിരുന്നു. കരിങ്കടലിന്റെ (Black Sea) തെക്കേ തീരത്തുള്ള സിനോപ് എന്ന പട്ടണ വാതിലിനടുത്താണ് ഫോക്കാസ് താമസിച്ചിരുന്നത്. ഒരു ചെറിയ തോട്ടത്തിൽ നിന്നുള്ള ആദായംകൊണ്ട് സ്വന്തം ആവശ്യങ്ങൾ നിറവേറ്റുകയും, അതുവഴി കടന്നു പോകുന്നവർക്ക് പഴവർഗ്ഗങ്ങൾ വിതരണം ചെയ്യുകയും അവരോട് ദൈവവചനം പ്രഘോഷിക്കുകയും ചെയ്യുമായിരുന്നു.

സത്യസന്ധനും, കഠിനാദ്ധ്വാനിയുമായ ഫോക്കാസ് ക്രിസ്തുമതം സ്വീകരിക്കുകയും സന്യാസിയാകുകയും ചെയ്തു. ഇദ്ദേഹം അതിഥികളെ സൽക്കരിക്കുകയും, അപരിചിതരെ സഹായിക്കുകയും ആദരിക്കുകയും ചെയ്തുപോന്നു. തോട്ടത്തിലെ വിളവുകൾ അതിഥികൾക്കും, ദരിദ്രർക്കും വീതിച്ചുകൊടുക്കുമായിരുന്നു. യാത്രക്കാർക്കും അപരിചിതർക്കും താമസസൗകര്യം കൊടുക്കുകയും ഭക്ഷണം ക്രമീകരിക്കുകയും ചെയ്യുമായിരുന്നു. ക്രിസ്തീയ ധർമ്മനിഷ്ഠയുള്ള ഫോക്കാസിന്റെ ജീവിതംമൂലം പലരും ക്രിസ്തുമതം സ്വീകരിക്കുന്നതിനിടയായി. പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളെ ഫോക്കാസ് സഹായിക്കുമായിരുന്നു.

ഡയോക്ലിഷ്യൻ (Diocletian) ചക്രവർത്തിയുടെ കാലഘട്ടത്തിൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിരുന്നു. ഈ പീഡനങ്ങൾക്ക് പ്രചോദനം നൽകിയത് കീഴ്സ്ഥാനിയായ ഗലേറിയസ് (Galerius) ആയിരുന്നു. ഈ രണ്ട് ഭരണകർത്താക്കളും അവരുടെ ആധിപത്യത്തിലുള്ള മുഴുവൻ സ്ഥലങ്ങളിലും ക്രിസ്ത്യാനികളെ അടിച്ചമർത്തുന്നതിന് തീരുമാനിച്ചു. നിക്കോമേദിയയിലെ കത്തീഡ്രൽ (ഏ. ഡി. 303) ഫെബ്രുവരി 24-ാം തീയതി തകർക്കപ്പെട്ടു. പള്ളികൾ നശിപ്പിക്കുന്നതിനും, വിശുദ്ധഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കുന്നതിനും, ക്രിസ്തീയ വിശ്വാസത്തിൽനിന്ന് പിന്മാറാത്തപക്ഷം അവരെ ജോലിയിൽ തരം താഴ്ത്തുന്നതിനും വിളംബരമുണ്ടായി (Eusebius, 1985). ഇതിന്റെ തുടർച്ചയെന്നോണം മെത്രാപ്പോലീത്തന്മാരെയും, മറ്റു വൈദികഗണത്തിൽപ്പെട്ടവരെ

യും, വിശ്വാസികളെയും തടവിലാക്കുന്നതിനും, പീഡനങ്ങൾക്കു വിധേയരാക്കുന്നതിനും ഉത്തരവുണ്ടായി.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഫോക്കാസ് ക്രിസ്തുമതം സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതിനാൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ശിക്ഷ നടപ്പാക്കുന്നതിന് ഒരു സംഘം റോമൻ പട്ടാളക്കാർ നിയോഗിതരായി. ഫോക്കാസിന്റെ താവളമന്വേഷിച്ചിറങ്ങിയവർ ഫോക്കാസിന്റെ ഒറ്റമുറി കുടിലിലെത്തി. ഫോക്കാസ് അവരെ സ്വീകരിച്ചു. ഫോക്കാസിനെ രാവിലെ കാണിച്ചുകൊടുക്കാമെന്ന് പറഞ്ഞ് അവർ ആ കുടിലിൽ രാപാർത്തു. പട്ടാളക്കാർ ഉറങ്ങിയപ്പോൾ ഫോക്കാസ് തന്റെ തോട്ടത്തിൽ തനിക്കുവേണ്ടി ഒരു ശവക്കുഴി തയ്യാറാക്കി. മരണത്തിനായി ഒരുങ്ങുകയും തീക്ഷ്ണമായി പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുകയും ചെയ്തു.

പിറ്റേന്ന് രാവിലെ പട്ടാളക്കാർ ഫോക്കാസ് എവിടെയാണെന്നന്വേഷിച്ചു. ഫോക്കാസ് പറഞ്ഞു: ' ഫോക്കാസ് ഞാൻ തന്നെയാണ്. നിങ്ങൾ അന്വേഷിക്കുന്ന മനുഷ്യൻ ഞാൻ തന്നെയാണ്.'പട്ടാളക്കാർ മറുപടിയായി ഇപ്രകാരം പറഞ്ഞു: 'ഞങ്ങളോട് ഇത്രയും കരുണകാണിച്ച മനുഷ്യനെ എങ്ങനെ കൊല്ലാൻ കഴിയും. ഫോക്കാസിനെ അന്വേഷിച്ചിട്ട് കണ്ടെത്തിയില്ല എന്ന് അധികാരികളെ ഞങ്ങൾ അറിയിക്കാം.'ഫോക്കാസ് പറഞ്ഞു: 'ഒരുവന്റെ വിശ്വാസത്തിനു വേണ്ടി രക്തസാക്ഷിയാകുന്നതാണ് ഏറ്റവും പ്രീതികരവും ഉന്നതവുമായ നേട്ടം.' അവർ അതിശയത്തോടെ അവന്റെ വാക്കുകൾ ശ്രദ്ധിച്ചു. ഫോക്കാസ് അവൻ കുഴിച്ച ശവക്കുഴിയുടെ അടുത്തേക്ക് അവരെ നയിച്ചു. അവർ അവന്റെ തലവെട്ടി ആ കുഴിയിൽ ശവസംസ്കാരം നടത്തി.

അസ്റ്റിറിയസിന്റെ വിവരണമനുസരിച്ച് ധാരാളം തീർത്ഥാടകർ ഫോക്കാസിന്റെ കബറിടത്തിൽ വന്നു മദ്ധ്യസ്ഥത യാചിക്കുമായിരുന്നു. സിനോപിലെ വിശ്വാസികൾ അവിടെ ഒരു ദൈവാലയം പണികഴിപ്പിച്ചു. സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസിന്റെ കാലഘട്ടത്തിൽ (ഏ. ഡി. 347 - 407) വി. ഫോക്കാസിന്റെ തിരുശേഷിപ്പുകൾ വലിയ ആഘോഷത്തോടെ കുസ്തന്തീനോസ് പോലീസിലേക്കു കൊണ്ടുപോയി. നസിയാൻസൻസിലെ മോർ ഗ്രീഗോറിയോസും (ഏ. ഡി. 330 - 390)

ഫോക്കാസ് ക്രിസ്തുവിന്റെ ഒരു സത്യ ശിഷ്യനായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (Wace & Pierey, 1999).

സമുദ്രയാത്രക്കാർക്ക് മധ്യസ്ഥനായാണ് സിനോപിലെ ഫോക്കാസ് അറിയപ്പെടുന്നത്. അതിന്റെ പശ്ചാത്തലം വ്യക്തമല്ലെങ്കിലും സമുദ്രയാത്രക്കാർക്കിടയിൽ ഒരു ആചാരം നിലനിന്നിരുന്നു (Wace & Pierey. 1999). അവർ ഭക്ഷണം കഴിക്കുമ്പോഴെല്ലാം 'വിശുദ്ധ ഫോക്കാസിന് ഒരു ഓഹരി' നീക്കി വയ്ക്കുമായിരുന്നു. യാത്രക്കാരിലാരെങ്കിലും ഈ ഓഹരി വാങ്ങുകയും അതിന്റെ വില കപ്പിത്താനെ ഏല്പിക്കുകയും ചെയ്യും. കപ്പൽ തുറമുഖത്തടുക്കുമ്പോൾ ആ തുക അവരുടെ സുരക്ഷിതയാത്രയുടെ നന്ദി സൂചകമായി ദരിദ്രർക്ക് ഭാഗിച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു. സന്യാസിയും തോട്ടക്കാരനുമായ സിനോപിലെ വിശുദ്ധനായ ഫോക്കാസിന്റെ ഓർമ്മ ജൂൺ 1-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

## മോർ യാക്കോബ് മഫസ്ക്കൊ

**(ഏ. ഡി. ? - 421/422)**

പേർഷ്യാക്കാരൻ യാക്കോബ് (Yacoub M'fasqo or Jacob, the dismembered) ലോപ്പോത്തു പട്ടണത്തിൽ മാതാപിതാക്കന്മാരോടുകൂടെ താമസിച്ചിരുന്നു. ആ ദേശത്തിലെ ഗുഹോറോൻ രാജാവിന് യാക്കോബിനെക്കുറിച്ച് നല്ല മതിപ്പുണ്ടായിരുന്നു. എന്നാൽ യാക്കോബ് ക്രിസ്ത്യാനിയാണെന്നറിഞ്ഞതിനാൽ അവനെ ആ വിശ്വാസത്തിൽനിന്ന് പിൻതിരിപ്പിക്കുന്നതിന് വളരെ സമ്മാനങ്ങൾ കൊടുക്കുകയും യാക്കോബ് ദൈവത്തിൽനിന്ന് അകലുന്നതിന് ഇടയാക്കുകയും ചെയ്തു.

യാക്കോബിന്റെ മാതാപിതാക്കന്മാർ സത്യവിശ്വാസത്തെ ഉപേക്ഷിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്തെഴുതുകയും അതേ തുടർന്ന് യാക്കോബ് അനുതപിച്ച് മാനസാന്തരപ്പെടുകയും ചെയ്തു. ഗുഹോറോൻ രാജാവിന്റെ മരണശേഷം മകനായ യസദഗറദിനെ യാക്കോബിന്റെ മാനസാന്തരത്തെക്കു

റിച്ച് മറ്റുള്ളവർ വിവരം അറിയിച്ചു. താമസിയാതെ യസദഗറദ് രാജാവ് യാക്കോബിനെ വിളിപ്പിച്ച് ചോദ്യംചെയ്തു.

യാക്കോബ് ഇപ്രകാരം ബോധിപ്പിച്ചു: ''നിങ്ങളെ കൊല്ലുന്നവനൊക്കെയും ദൈവത്തെ വന്ദിക്കുന്നു എന്ന് വിചാരിക്കുന്നതായ നാഴിക വരും എന്ന് ഞങ്ങളുടെ രക്ഷകൻ കല്പിച്ചിട്ടുണ്ട്'' (യോഹ: 16:12). നിങ്ങൾ ദൈവത്തെ വന്ദിക്കുന്നു എന്നു വിചാരിക്കുന്നതു തന്നെ നിങ്ങളുടെ ഭോഷത്ത്വമാകുന്നു.

മേൽ ഉദ്ധരിച്ച വാക്കുകൾ കേട്ട് രാജാവ് കോപിച്ചു. അവന്റെ മേൽ ശിക്ഷ നിശ്ചയിക്കുന്നതിന് മന്ത്രിമാരോട് ആജ്ഞാപിച്ചു. അവൻ ഇപ്രകാരം വിധി പ്രസ്താവിച്ചു: ''ഇവൻ ഒരു കൊലയാൽ പെട്ടെന്ന് കൊല്ലപ്പെടരുത്. ആദ്യമേ ഇവന്റെ കൈവിരലുകളും, പിന്നീട് കാൽവിരലുകളും അതിന്റെ ശേഷം ഭുജങ്ങളും, പിന്നീട് കാലുകളും, എളിയും ഛേദിക്കപ്പെടണം. ഇപ്രകാരം അവന്റെ ഓരോ അവയവങ്ങളും ഖണ്ഡംഖണ്ഡമായി ഛേദിച്ചതിന്റെ ശേഷം അവസാനം അവന്റെ തലയും ഛേദിക്കണം.''

വളരെ വിശ്വാസികൾ ഈ മരണവിധി കേട്ട് ദു:ഖിക്കുകയും ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്തു: ''ബലവാനായ കർത്താവേ! ഏറിയതായ നിന്റെ കരുണയാൽ ഈ ദാസൻ ജയത്തോടെ ഈ പോരാട്ടത്തിൽനിന്ന് പുറപ്പെടുവാനായിട്ട് അവനെ നീ ശക്തിപ്പെടുത്തണമേ.''

യാക്കോബിന്റെ അവയവങ്ങളെ ഛേദിക്കുന്നതിന് ഒരുങ്ങി നിന്നവരോട് പ്രാർത്ഥിക്കുന്നതിനായി യാക്കോബ് അല്പം സമയം ചോദിച്ചു. അവർ അനുവദിച്ചപ്പോൾ യാക്കോബ് കിഴക്കോട്ടു തിരിഞ്ഞ് മുട്ടുകുത്തി ഇപ്രകാരം പ്രാർത്ഥിച്ചു: ''കർത്താവേ! ബലഹീനനായ നിന്റെ ദാസന്റെ അപേക്ഷയെ നീ കേൾക്കണമേ. ഈ നേരത്തിൽ നിന്റെ ദാസനെ ശക്തിപ്പെടുത്തണമേ. . . . നിന്റെ തിരുനാമത്തെ സ്നേഹിക്കുകയും അതിനുവേണ്ടി പീഡയേൽക്കുകയും ചെയ്തവർക്ക് സഖിയായി തീരുവാൻ നിന്റെ ദാസനു നീ കൃപ നൽകണമേ.''

തുടർന്ന് യാക്കോബിന്റെ ഓരോ കൈവിരലും, കാലിലെ വിരലും ഛേദിച്ചു. ഓരോ വിരലും ഛേദിക്കുമ്പോൾ യാക്കോബ് പ്രാർത്ഥിച്ചുകൊണ്ടിരുന്നു: ''എന്റെ അവസാന ശ്വാസത്തോളം

കർത്താവിനെ ഞാൻ സ്തോത്രം ചെയ്യും.'' തുടർന്ന് കൈപ്പത്തി യും, ഭുജങ്ങളും, കാലുകളും, എളിയും ഓരോന്നായി ഛേദിച്ച ശേഷം വാൾകൊണ്ട് പരിശുദ്ധന്റെ തലവെട്ടി മാറ്റി. വിശ്വാസി കൾ രാത്രിയിൽ മോർ യാക്കോബിന്റെ ശരീരമെടുത്ത് 51-ാം സങ്കീർത്തനം ചൊല്ലി കബറടക്കി. ഈ പരിശുദ്ധന്റെ ഓർമ്മ നവംബർ 27-ാം തീയതി ആഘോഷിക്കുന്നു.

## വിശുദ്ധരായ യൂയാക്കീമും ഹന്നായും

**(c. 100 ബി. സി. ? – ?)**

ദൈവമാതാവായ വി. മറിയാമിന്റെ പിതാവായ യൂയാക്കീമും മാതാവായ ഹന്നായും ദാവീദു ഗോത്രത്തിൽപ്പെട്ടവരായിരുന്നു. അവർ ദൈവഭക്തിയുള്ളവരും സമ്പന്നരുമായിരുന്നു.

ലൂക്കൊ. 3:2ൽ യൗസേഫ് ഹേലിയുടെ പുത്രൻ എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ മത്തായി 1:16 ൽ മറിയാമിന്റെ ഭർത്താവായ യൗസേഫിനെ യാക്കോബ് ജനിപ്പിച്ചു എന്നു രേ ഖപ്പെടുത്തിയിരിക്കുന്നു. സ്വഭാവപ്രകാരം യൗസേഫ് യാക്കോ ബിന്റെയും പ്രമാണമനുസരിച്ച് ഹേലിയുടെയും പുത്രനായിരു ന്നു. എന്തെന്നാൽ യൗസേഫ് ഹേലിയുടെ പുത്രി മറിയാമിന് വിവാഹം നിശ്ചയിക്കപ്പെട്ടവനായിരുന്നു (Abdul Ahad, 1948, p. 56). ഈ ഹേലി യുയാക്കിം (Joachim), യുനോക്കീർ (Jonachir), ക്ലേ യോപ്പാസ് (Cleopas), ഏലിയാക്കീം (Eliacim), സാദോക്ക് (Sadoc) എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു (White, 1991).

വി. മറിയാമിന്റെ മാതാവായ ഹന്ന (Hannah), ദീന (Deena), (Ann), (Anne), (Anna) എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. ഹന്ന എന്ന എബ്രായ പദത്തിന് അനുഗ്രഹം എന്നാണർത്ഥം.

യൂയാക്കീമും ഹന്നായും അവരുടെ വാർധക്യത്തിൽ ഗലീല യിൽനിന്നും യെരൂശലേമിൽ വന്നു താമസമാക്കി. ഹന്ന വന്ധ്യ യായിരുന്നു. ഇത് അവർക്കു നിന്ദയ്ക്കു കാരണമായി. ഒരിക്കൽ വന്ധ്യയാണെന്ന കാരണത്താൽ അവരുടെ കാഴ്ചയെ പുരോ ഹിതൻ നിരസിച്ചതായി പറയപ്പെടുന്നു (Abdul Ahad, 1948). ഈ

നിന്ദയെ അകറ്റുന്നതിന് യൂയാക്കീമും ഹന്നയും ദൈവസന്നിധി യിൽ കണ്ണീരോടെ പ്രാർത്ഥിച്ചും ഉപവസിച്ചുംകൊണ്ടിരുന്നു.

യാക്കോബിന്റെ സുവിശേഷം (Gospel of James), വാഴ്ത്തപ്പെട്ട കന്യക മറിയാമിന്റെ ജനനവും രക്ഷകന്റെ ബാല്യകാലവും (*Book of the Nativity of the Blessed Virgin Mary and of the Childhood of the Savior*) എന്നീ ഗ്രന്ഥങ്ങളിൽ യൂയാക്കീമിനും ഹന്നയ്ക്കും മക്കളില്ലാതിരുന്നതു നിന്ദയ്ക്കു കാരണമായിരുന്നുവെന്നും അവർ നാൽപ്പതു ദിവസം ഉപവസിച്ചുവെന്നും രേഖപ്പെടുത്തി യിട്ടുണ്ട്. (White, 1991).

മറ്റൊരു പാരമ്പര്യമനുസരിച്ച് യൂയാക്കീം ദൈവാലയത്തിൽ കൊണ്ടുചെന്ന നേർച്ച പുരോഹിതൻ നിരസിച്ചു. ഇതിൽ ദുഃഖി തനായ .യൂയാക്കീം ഭവനത്തിൽ പോകാതെ ഏകനായി ഒരു മലയിൽ ദൈവത്തോട് പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. ഹന്ന, ഭർത്താവ് മടങ്ങിവരുന്നതിനു താമസിച്ചതിനാൽ ഈ മക്കളി ല്ലാത്ത നിന്ദ നീക്കണമെന്നും തനിക്കു ലഭിക്കുന്ന കുഞ്ഞിനെ ദൈവശുശ്രൂഷയ്ക്ക് നൽകാമെന്നും പ്രതിജ്ഞചെയ്തു. ഒരു മാലാഖ ഹന്നായുടെ അടുക്കൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: ''ഹന്നേ, നിന്റെ കണ്ണുനീർ നാഥൻ കണ്ടിരിക്കുന്നു. നിന്റെ ഗർഭഫലത്തെ ലോകമെല്ലാം ഭാഗ്യവതിയെന്നു പുകഴ് ത്തും.'' യൂയാക്കീമിനും ഇതേ അരുളപ്പാടുണ്ടായി.

യൂയാക്കീമിനും ഹന്നയ്ക്കും ദൈവം നൽകിയ മകൾക്കു മറിയം എന്നു പേരിട്ടു. അവരുടെ നേർച്ചയനുസരിച്ച് മറിയാ മിനു മൂന്നു വയസ്സായപ്പോൾ ദൈവാലയത്തിൽ സമർപ്പിച്ചു. യെഹൂദ ശിശുക്കൾ ദൈവാലയത്തിൽ പുരോഹിതന്മാരുടെ മേൽനോട്ടത്തിൽ ശിശുഗൃഹത്തിൽ താമസിക്കുന്ന ഒരു പതി വുണ്ടായിരുന്നു. അതനുസരിച്ച് വി. മറിയാം ദൈവാലയത്തിൽ 13 വയസ്സുവരെ താമസിച്ചു.

മറിയാമിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നതിനു സാ ക്ഷ്യം വഹിച്ചശേഷം യൂയാക്കീം നിദ്രപ്രാപിച്ച് യെരുശലേമിൽ അടക്കപ്പെട്ടു (White 1991). ഹന്നായും മരിച്ച് യെരൂശലേമിൽ കബറടക്കപ്പെട്ടു. അവരുടെ ഭവനം നിന്നിരുന്ന സ്ഥലത്ത് നാലാം നൂറ്റാണ്ടിൽ ഹെലനി രാജ്ഞി ഒരു ദൈവാലയം പണികഴിപ്പി

ച്ചു. 9-ാം നൂറ്റാണ്ടിൽ ഈ പള്ളി ഒരു മുസ്ലീം വിദ്യാലയമാക്കി. യൂയാക്കീമിന്റെയും ഹന്നയുടെയും കബറിടങ്ങൾ 1889 മാർച്ച് 18-ാം തീയതി വീണ്ടും കണ്ടെടുക്കപ്പെട്ടു. വി. യൂയാക്കീമിന്റെയും ഹന്നയുടെയും ഓർമ്മ സെപ്റ്റംബർ 9-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

## സഭാചരിത്രകാരനായ കൈസര്യായിലെ യൂസേബിയസ്

**(ഏ. ഡി. 263/64 - 339/40)**

സഭാചരിത്ര പിതാവെന്നറിയപ്പെടുന്ന യൂസേബിയസ് പലസ്തീനിലെ കൈസര്യായിൽ ഏ. ഡി. 263 ൽ ജനിച്ചു (Cayre, 1935; Chediath, 2006). വൈദികനായ ഡൊറൊത്തിയസിന്റെ സംരക്ഷണയിലാണ് വളർന്നത്.

കൈസര്യായിലെ പാഠശാലയിലെ പ്രഗത്ഭനായ പംഫിലസ് (Pamphilus) എന്ന വൈദികന്റെ അടുക്കൽ പഠിക്കുകയും രചനാപരമായ അദ്ദേഹത്തിന്റെ അദ്ധ്വാനത്തിൽ സഹായിക്കുകയും ചെയ്തിരുന്നു (Abdul Ahad, 1948). ഒറിഗണിന്റെ ഗ്രന്ഥശാലയിലെ പുസ്തകങ്ങൾക്ക് പംഫിലസ് അനന്തരവകാശിയായി (*Encyclopedia Americana*, 1988). ഈ ഗ്രന്ഥങ്ങൾ പാരായണം ചെയ്ത് യൂസേബിയസ് (Eusebius) ഏ. ഡി. 303 ൽ സഭാചരിത്രത്തിന്റെ ആദ്യത്തെ ഏഴു പുസ്തകങ്ങളുടെ രചന പൂർത്തിയാക്കി. യൂസേബിയസിന്റെ വളർച്ചയ്ക്കും മഹത്ത്വത്തിനും കാരണമായത് പംഫിലസിന്റെ ശിഷ്യത്വമാണ് (Wace & Piercy, 1999).

മതപീഡയുടെ കാലഘട്ടത്തിൽ പംഫിലസിന്റെ ഭവനം വിദ്യാർത്ഥികൾക്കു മാത്രമല്ല രക്തസാക്ഷികൾക്കും ഒരു അഭയകേന്ദ്രമായിരുന്നു. ഡയോക്ലിഷ്യൻ ഗലേറിയസിന്റെ പീഡയെ (ഏ. ഡി. 303-311) തുടർന്ന് പംഫിലസ് തടവിലാക്കപ്പെട്ടു. പീഡയുടെ ഏഴാം വർഷം ഏ. ഡി. 310 ഫെബ്രുവരി 6 ന് പംഫിലസ് രക്തസാക്ഷിയായി (*Encyclopedia Americana*, 1988; Chediath, 2006).

യൂസേബിയസിന് പംഫിലസിനോട് വലിയ ആദരവുണ്ടായിരുന്നു. ഗുരുവിനോടുള്ള ബഹുമാനാർത്ഥം പംഫിലസിന്റെ ആത്മീയപുത്രൻ എന്ന അർത്ഥത്തിൽ യൂസേബിയസ് പംഫിലസ് എന്ന് സ്വയം പരിചയപ്പെടുത്തുന്നതിൽ അദ്ദേഹം അഭിമാനംകൊണ്ടു (Eusebius, 1985; Chediath, 2006). അഗാപിയസ് മെത്രാപ്പോലീത്ത യുസേബിയസിന് വൈദികസ്ഥാനം നൽകി (Cayre, 1935).

പംഫിലസിന്റെ രക്തസാക്ഷിത്വത്തിനു ശേഷം യൂസേബിയസ് ആദ്യം ടെയറിലേക്കും പിന്നീട് ഈജിപ്റ്റിലേക്കും ഓടിപ്പോയെങ്കിലും തടവിലാക്കപ്പെട്ടു. ഏ. ഡി. 311 ൽ ഗലേറിയസ് ക്രിസ്ത്യാനികളെ സാന്ത്വനപ്പെടുത്തിക്കൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചു. ഈ കാലഘട്ടത്തിൽ യൂസേബിയസ് ബിഥിനിയയിലെ ഗവർണർ ഹിരോക്ലിസിന്റെ ക്രിസ്ത്യാനികൾക്കെതിരെയുള്ള ആരോപണങ്ങൾക്കു മറുപടി എഴുതുന്നതിനാരംഭിച്ചു. ഇതേ കാലഘട്ടത്തിൽ തന്നെ സഭാചരിത്രത്തിന്റെ ആദ്യത്തെ എട്ടു പുസ്തകങ്ങളുടെ അവസാന മിനുക്കുപണി നടത്തി.

ഏ. ഡി. 313ൽ കൈസര്യായിലെ മെത്രാപ്പോലീത്തായായി സ്ഥാനമേറ്റെങ്കിലും പഠനകാര്യങ്ങൾക്ക് ഭദ്രാസന ഭരണം തടസ്സമായിരുന്നില്ല. അന്ത്യോഖ്യാ, റോം, അലക്സന്ത്രിയ എന്നീ അപ്പോസ്തോലിക സിംഹാസനങ്ങളുടെ പദവി കൈസര്യക്കില്ലായിരുന്നെങ്കിലും അക്കാലത്ത് യൂസേബിയസിന് സമനായി എഴുത്തുകാരിലും പണ്ഡിതരിലും ആരുമുണ്ടായിരുന്നില്ല. മാത്രവുമല്ല കുസ്തന്തീനോസ് ചക്രവർത്തിയുടെ വിശ്വസ്ത ഉപദേഷ്ടാവായിരുന്നു യൂസേബിയസ് (*Nelson's Encyclopaedia,* 1913). മേൽ വിവരിച്ച കാരണങ്ങളാൽ യൂസേബിയസ് നാലാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ശ്രദ്ധേയനായ പിതാവായിരുന്നു. ഒറിഗൺ കഴിഞ്ഞാൽ ഗവേഷണത്തിലും പാണ്ഡിത്യത്തിലും പിതാക്കന്മാരിൽ പ്രമുഖനാണ് യൂസേബിയസ്.

ഏ. ഡി. 325 ൽ ചേർന്ന നിഖ്യാ സുന്നഹദോസിൽ യൂസേബിയസ് പ്രധാന പങ്കുവഹിച്ചു (Wace & Piercy, 1999). നിഖ്യാ സുന്നഹദോസിലെ തീരുമാനങ്ങളിൽ ഒപ്പുവച്ചെങ്കിലും ആ തീരുമാനങ്ങൾ യൂസേബിയസിന് സ്വീകാര്യമായിരുന്നില്ല എന്ന് ചിലവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിഖ്യാവിശ്വാസ പ്രമാണത്തിലെ

കാതലായ മൂന്നു പ്രയോഗങ്ങളെ സംബന്ധിച്ച് യൂസേബിയസ് വിശദീകരണം ആവശ്യപ്പെട്ടു: (1) സാരാംശത്തിൽ പിതാവിനോട് (of the substance of Father), (2) ജനിച്ചവനും സൃഷ്ടിയല്ലാത്തവനും (bogotten not made), (3) സാരാംശത്തിൽ ഒന്നായിരിക്കുന്നവൻ (of the same substance). യൂസേബിയസ് അറിയോസിനെ പൂർണ്ണമനസ്സോടെ പിൻതാങ്ങിയിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ സെബല്യനിസത്തോട് (God was manifested in progressive modes) ആഭിമുഖ്യം പുലർത്തിയിരുന്നതായി കരുതപ്പെടുന്നു (*Encyclopaedia Britannica*, 1988).

യൂസേബിയോസിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനയാണ് സഭാചരിത്രം. സഭാരംഭം മുതൽ ഏ. ഡി. 324 വരെയുള്ള സംഭവങ്ങളാണ് സഭാചരിത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. പൂർണ്ണവും ക്രമാനുഗതവുമായ ഒരു ചരിത്രമെന്നതിലുപരി ചരിത്രസംഭവങ്ങളുടെ ഒരു വലിയ സമാഹാരമാണിത്. സഭാചരിത്രം കൂടാതെ ദിനവൃത്താന്തം, പലസ്തീനിലെ രക്തസാക്ഷികൾ, വിശ്വാസ സമർത്ഥന കൃതികൾ, വേദപുസ്തക ഭാഷ്യ കൃതികൾ, താത്വിക കൃതികൾ എന്നിവയും രചിച്ചിട്ടുണ്ട് (Eusebius, 1985; Chediath, 2006). യൂസേബിയസിന്റെ ദൈവശാസ്ത്രപരമായ അഭിപ്രായങ്ങൾ കളങ്കിതവും അവസരവാദപരവുമായിരുന്നുവെന്നും വിമർശിക്കുന്നവരുണ്ട് (*Nelson's Encyclopaedia*, 1913).

ഏ. ഡി. 317 ൽ യൂസേബിയസ് എഴുതി പൂർത്തീകരിച്ച സഭാചരിത്രത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് ഏ. ഡി. 324 ൽ തയ്യാറാക്കി. സഭയുടെ ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ സംഭവങ്ങൾ ആധികാരികമായി വിവരിക്കുന്ന ഒരു ചരിത്ര രേഖയാണിത് (Cayre, 1935). പിന്നീട് സഭാചരിത്രം എഴുതിയ എല്ലാവരും ഇദ്ദേഹത്തിന്റെ സഭാചരിത്രത്തെ ഏറെ ആശ്രയിച്ചിട്ടുണ്ട്.

യൂസേബിയസ് മെത്രാപ്പോലീത്തായുടെ ജനസമ്മതിയും സ്വാധീനവും വ്യക്തമാക്കുന്ന പല സന്ദർഭങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുസ്തന്തീനോസ് ചക്രവർത്തിയുടെ സ്ഥാനാരോഹണത്തിന്റെ വാർഷികത്തിൽ ആശംസാപ്രസംഗങ്ങൾ നടത്തിയതും ഏ. ഡി. 337 മെയ് 22 ന് നിര്യതനായപ്പോൾ ചരമപ്രസംഗം ചെയ്തതും യൂസേബിയസ് മെത്രാപ്പോലീത്തായായിരുന്നു.

കുസ്തന്തീനോസ് ചക്രവർത്തിയുടെ മരണത്തിനുശേഷം രണ്ടുവർഷം കഴിഞ്ഞ് ഏ. ഡി. 339 ൽ യൂസേബിയോസ് മെത്രാപ്പോലീത്താ കാലംചെയ്തു (*Encyclopedia Americana*, 1988). ഇരുപത്തിയഞ്ച് വർഷത്തിലധികം കൈസര്യായിലെ മെത്രാപ്പോലീത്തായായിരുന്ന സഭാചരിത്രകാരനായ യൂസേബിയോസിനെ സുറിയാനിക്കാരായ രക്തസാക്ഷികളുടെയും സത്യവിശ്വാസം ഏറ്റുപറഞ്ഞവരുടെയും ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (Wace & Piercy, 1999). ഈ സഭാപിതാവിന്റെ ഓർമ്മ ഫെബ്രുവരി 29-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## ഏകാന്തവാസിയായ വിശുദ്ധ പൌലെ

**(ഏ. ഡി. 234 - 347)**

ക്രിസ്തീയ സന്യാസികൾ ആദ്യം ഉണ്ടായത് ഈജിപ്റ്റിലാണ്. ഇവരിൽ പ്രഥമസ്ഥാനമാണ് പൌലെക്കുള്ളത്. പൌലെ ഏ. ഡി. 234 - ൽ തേബായിൽ ജനിച്ചു. അതിനാൽ ഇദ്ദേഹം തേബായിലെ പൌലെ (Paul of Thebes or Thebaid) എന്നറിയപ്പെടുന്നു. തേബാ ഈജിപ്റ്റിന്റെ പ്രഥമ തലസ്ഥാന നഗരമായിരുന്നു.

പൌലെയുടെ മാതാപിതാക്കൾ ഉന്നതകുലജാതരായ ക്രിസ്ത്യാനികളായിരുന്നു. അതുകൊണ്ടു തന്നെ പൌലെയുടെ സമ്പന്നരായ മാതാപിതാക്കൾ അദ്ദേഹത്തിന് നല്ല വിദ്യാഭ്യാസം നൽകി. അദ്ദേഹം ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ നല്ല പ്രാവിണ്യം നേടി. പൌലെക്ക് 15 വയസ്സുള്ളപ്പോൾ മാതാപിതാക്കന്മാർ നിദ്രപ്രാപിച്ചു. (Aphrem Paulose, 1963).

ഏ. ഡി. 249 - 51 കാലഘട്ടത്തിൽ സീസർ ദോക്കിയസും (Decian) വലേറിയസും (Valerius) ക്രിസ്ത്യാനികൾക്കെതിരായി കഠിന പീഡകൾ ആരംഭിച്ചപ്പോൾ, സഹോദരീ ഭർത്താവ് പൌലയെ വധിച്ച് സ്വത്ത് കൈവശപ്പെടുത്താൻ ശ്രമിച്ചതിനാൽ പൌലെ മരുഭൂമിയിലേക്ക് ഓടിപ്പോയി (Cross & Livingstone, 1974). ഏറെ വഴി ദൂരം ചെന്നപ്പോൾ ഒരു ഗുഹ കണ്ടെത്തുകയും അവിടെ താമസിക്കുകയും ചെയ്തു.

ഈന്തപ്പഴങ്ങൾ ഭക്ഷിച്ചും ഗുഹയുടെ സമീപമുള്ള ഉറവയിൽ നിന്ന് പാനംചെയ്തും ഈന്തപനയോലകൊണ്ടുണ്ടാക്കിയ വസ്ത്രങ്ങൾ ധരിച്ചും ജീവിച്ചുവന്നു. 53-ാം വയസ്സിൽ ഒരു മലങ്കാക്ക (raven) ഒരു അപ്പത്തിന്റെ പകുതി കൊണ്ടുവന്നുകൊടുക്കുന്നതിനാരംഭിച്ചു. ഈ അത്ഭുതകരമായ രീതി പിന്നീടുള്ള അറുപത് സംവത്സരങ്ങൾ തുടരുകയും ചെയ്തു.

ഏ. ഡി. 347 - ൽ ഒരു ദിവസം അതിരാവിലെ അന്തോണിയോസ് (St. Antony of Egypt, ഏ. ഡി. 251 - 356) ഉറക്കത്തിൽ നിന്നുണർന്ന് തന്റെ വടിയുമെടുത്ത് നൈൽ നദിക്കും ചെങ്കടലിനും മധ്യേയുള്ള മരുഭൂമിയിൽ കൂടി നടന്നു. അവിടെ ഒരു സന്യാസിയുണ്ടെന്നും അദ്ദേഹത്തെ സന്ദർശിക്കണമെന്നും ദൈവം അന്തോണിയോസിന് വെളിപ്പെടുത്തിയിരുന്നു. അതനുസരിച്ച് യാത്രയ്ക്കൊടുവിൽ അദ്ദേഹം ഒരു ഗുഹയും അതിന്റെ വാതിൽക്കൽ വളരെ പ്രായമായ നരച്ച ഒരു വൃദ്ധനെയും കണ്ടു (Aphrem Paulose, 1963).

വി. പൌലെ അന്തോണിയോസിനോടു ചോദിച്ചു: ''മനുഷ്യവർഗ്ഗം ഇപ്പോൾ എന്തൊക്കെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്? രാജാക്കന്മാർ ഉണ്ടോ? പിശാചാരാധനയിലേക്ക് മനുഷ്യരെ അടിമപ്പെടുത്തുന്ന അധികാരികൾ ഇപ്പോഴും ഉണ്ടോ?'' (Irmanos, 2008). വി. പൌലെക്ക് 113 വയസ്സുള്ളപ്പോഴാണ് അന്തോണിയോസ് അദ്ദേഹത്തെ കാണുന്നത്. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പകുതി അപ്പംകൊണ്ടു വരാറുണ്ടായിരുന്ന മലങ്കാക്ക ഒരു അപ്പം മുഴുവനായി കൊണ്ടു വന്നു വച്ചിട്ടുപോയി. വി. പൌലെ അന്തോണിയോസിനോട് ഇപ്രകാരം പറഞ്ഞു: ''സഹോദരാ, ദൈവം നമ്മെക്കുറിച്ച് എത്രമാത്രം കരുതുന്നുണ്ടെന്ന് കണ്ടാലും!''

ഭക്ഷണം കഴിഞ്ഞ് ഇരുവരും തീക്ഷ്ണമായി പ്രാർത്ഥിച്ചു. പ്രാർത്ഥനാനന്തരം പൌലെ പറഞ്ഞു: ''ഞാൻ താമസിക്കാതെ മരിക്കും. എന്റെ ശവസംസ്ക്കാരത്തിനായി ദൈവം താങ്കളെ അയച്ചതാണ്, അത്താനാസിയോസ് താങ്കളെ ഏല്പിച്ച വസ്ത്രത്തിൽ എന്നെ പൊതിയണം'' (Cross & Living stone, 1974).

അന്തോണിയോസ്, അത്താനാസിയോസ് ഏല്പിച്ചിരുന്ന

വസ്ത്രം കൊണ്ടുവരുന്നതിനായി മൂന്നുദിവസം വഴിദൂരമുള്ള ദയറായിലേക്കു പോയി. വസ്ത്രമെടുത്ത് തിരിച്ചു വന്നപ്പോൾ വി. പൌലെ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതായി കണ്ടു. അന്തോണിയോസും കുറെ സമയം മൗനമായി പ്രാർത്ഥിച്ചു. എന്നാൽ ഏറെ നേരം കഴിഞ്ഞപ്പോൾ വി. പൌലെ നിദ്രപ്രാപിച്ചുവെന്ന് അന്തോണിയോസ് മനസ്സിലാക്കി (Irmanos, 2008).

വി. പൌലെയുടെ കബറടക്കം എങ്ങനെ നിർവ്വഹിക്കണമെന്ന് അന്തോണിയോസ് ചിന്താഭാരപ്പെട്ടിരിക്കുമ്പോൾ രണ്ട് പെൺ സിംഹങ്ങൾ വന്ന് പൌലെയുടെ കബറടക്കത്തിനുള്ള കുഴി കുഴിച്ചു (Aphrem Paulose, 1963). അന്തോണിയോസ് ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ''ഊമജന്തുക്കൾ പോലും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെ അറിഞ്ഞ് പ്രവർത്തിക്കുന്നുവല്ലോ?'' അന്തോണിയോസ് ഒന്നാമത്തെ ഏകാന്തവാസിയായ വി. പൌലെയെ ക്രമപ്രകാരം കബറടക്കി.

വി. പൌലെ ജനുവരി 10-ാം തീയതിയാണ് നിദ്രപ്രാപിച്ചത്. ജനുവരി 6-ാം തീയതിയിലെ ദനഹ അഥവാ കർത്താവിന്റെ മാമോദീസാ പെരുന്നാൾ കഴിഞ്ഞുവരുന്ന എട്ടു ദിവസങ്ങളും (octave of the Epiphany) പെരുന്നാൾ ദിനങ്ങളായി അന്ന് ഗണിക്കപ്പെട്ടിരുന്നു. ഈ പെരുന്നാളുകളായി ഇടകലരാതിരിക്കുന്നതിന് വി. പൌലെയുടെ പെരുന്നാൾ അക്കാലം മുതൽ ജനുവരി 15-ാം തീയതി ആചരിച്ചു വരുന്നു. (www.stpaulinthedesert.com). ഈ വിശുദ്ധന്റെ പെരുന്നാൾ ജനുവരി 15-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# ക്ലിസ്മയിലെ വിശുദ്ധ ഔഗേൻ

**(ഏ. ഡി. 270 ?   – ?)**

ഈജിപ്റ്റിലെ സൂയസ് പട്ടണത്തിനടുത്തുള്ള ക്ലിസ്മ എന്ന ദ്വീപിലാണ് ഔഗേൻ (Awgin or Eugene) ജനിച്ചത്. ഇദ്ദേഹത്തിന്റെ ജനനം മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണെന്നാണ് പൊതുവായ നിഗമനം. ഔഗേന് ഏതാണ്ട് 50 വയസ്സുള്ളപ്പോൾ നിസിബിസിന് അടുത്തുള്ള ഇസ്ലോ മലയിലേക്ക് പോകുകയും അവിടെ നിസിബിസിലെ വിശുദ്ധ യാക്കോബിനെ (ഉദ്ദേശം ഏ. ഡി. 325ൽ) കണ്ടുമുട്ടുകയും ചെയ്തു.

ഔഗേൻ ഈജിപ്റ്റിലെ സന്യാസിമാരെ സംബന്ധിച്ചുള്ള വൃത്താന്തങ്ങളിൽ ആകൃഷ്ടനാകുകയും പക്കോമിയോസിന്റെ തീബേദിലുള്ള ശിഷ്യന്മാരെ സന്ദർശിക്കുകയും ചെയ്തു (O' Leary, 2002). അതിനുശേഷം സന്യാസശ്രേഷ്ഠനായ പക്കോമിയോസിന്റെ അടുക്കൽ ചെന്ന് സന്യാസവസ്ത്രം സ്വീകരിച്ചു (Chediath, 2006). ആ സമൂഹത്തോട് ചേർന്ന് പ്രവർത്തിക്കുകയും ഔഗേന്റെ സുകൃതങ്ങളിൽ മതിപ്പുതോന്നുകയും അദ്ദേഹത്തെ ദയറാധിപനുമാക്കുവാൻ ദയറായിലെ സഹോദരന്മാർ ആഗ്രഹിക്കുകയും ചെയ്തു. ആയതിനാൽ ഔഗേൻ അവിടെ നിന്ന് പിൻവാങ്ങി സിറിയയിലേക്ക് പോകുകയും ഒടുവിൽ അനേകർക്ക് സത്യവെളിച്ചം പകർന്ന് കൊടുക്കുകയും അത്ഭുതപ്രവർത്തികളാൽ ക്രിസ്തുവിനെ സാക്ഷിക്കുകയും ചെയ്തു (Bedjan, 2008; മോർ ഔഗേന്റെ ജീവിതകഥ, 2016).

ഈജിപ്റ്റിലെ ക്ലിസ്മാക്കാരൻ ഔഗേൻ പാവപ്പെട്ടവരെ സഹായിക്കുന്നതിൽ അതീവതൽപരനായിരുന്നു. ഏതാണ്ട് 25 വർഷത്തോളം കടലിൽ മുങ്ങിത്തപ്പി മുത്തുചിപ്പികൾ ശേഖരിച്ച് ദരിദ്രർക്ക് വിതരണം ചെയ്തുവന്നു.

കടൽക്കൊള്ളക്കാർ ഒരു ചരക്കുകപ്പൽ തട്ടിയെടുക്കാൻ ശ്രമിച്ചെങ്കിലും ഔഗേന്റെ പ്രാർത്ഥനയാൽ ആ ശ്രമം പ

രാജയപ്പെടുകയുണ്ടായി. നിസിബിസിലെ കർദ്ദൂൻ എന്ന ഭരണാധികാരിയുടെ മകനെ സൗഖ്യമാക്കുകയും നിസിബിസിലെ തിന്മകളെയും വിഗ്രാഹാരാധനയെയും അപഭ്രംശങ്ങളെയും ഇല്ലായ്മ ചെയ്യുകയും ചെയ്തു. കരയിൽ നടക്കുന്നതുപേ ാലെ കടലിലൂടെ നടക്കുന്നതിന് ഔഗേന് സാധിക്കുമായിരുന്നു. മോർ ഔഗേന്റെ അത്ഭുതകർമ്മങ്ങളെപ്രതി അദ്ദേഹത്തെ പു കഴ്ത്തുവാനും ആദരിക്കുവാനും ചുറ്റുമുള്ളവർ തുടങ്ങുന്നു എന്നു മനസ്സിലാക്കിയ മോർ ഔഗേൻ അവിടെനിന്ന് ഈജിപ്റ്റിലേക്ക് ഓടിപ്പോയി. അവിടെ ഇസ്ലോ പർവ്വതത്തിൽ മൂന്ന് വർഷം കഴിച്ചുകൂട്ടി. പിന്നീട് മറ്റു പലരും അവിടെവന്ന് ചേരുകയും 350 പുരുഷന്മാർ ഒന്നിച്ചു താമസിക്കുകയും ചെയ്തു.

ഒരിക്കൽ നിസിബിസിലെ മോർ യാക്കോബ് ദയറാ യിലെത്തിയപ്പോൾ (d. 338) ഔഗേൻ ഇപ്രകാരം പറയുകയുണ്ടായി: ‘‘ഇന്ന് ഞാൻ അങ്ങയെ ഒരു അന്യനായി അഭിവാദ്യം ചെയ്യുന്നു; എന്നാൽ രണ്ടു ദിവസം കഴിഞ്ഞ് അങ്ങയെ കർത്താവിന്റെ സഭയുടെ ഇടയനായും പ്രമാണിയായും അഭിവാദ്യം ചെയ്യും.’’ അപ്രകാരം സംഭവിക്കുകയും മോർ യാക്കോബ് നിസിബിസിലെ മെത്രാപ്പോലീത്തായാവുകയും ചെയ്തു.

മോർ ഔഗേനും മോർ യാക്കോബും ചേർന്ന് വികലാം ഗനായ ഒരുവനെ സൗഖ്യമാക്കി. യെഹൂദനായ ഹാനോന്റെ മകൻ ശമുവേലിന് എട്ടു വർഷമായി ദുരാത്മാവ് ബാധിച്ച ഒരു മകൾ ഉണ്ടായിരുന്നു. മോർ ഔഗേൻ ആ മകൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സൗഖ്യം പ്രാപിക്കുകയും തുടർന്ന് ആ കുടുംബം മാമോദീസ സ്വീകരിക്കുകയും ചെയ്തു. ഒരിക്കൽ പൗ ലോസ് എന്നയാളിന്റെ രോഗിയായ മകനെ പ്രാർത്ഥിക്കുന്നതിനു വേണ്ടി മോർ ഔഗേന്റെ ദയറായിലേക്ക് കൊണ്ടുപോകുന്നവഴിക്ക് മരിക്കുകയും ആ മകനുവേണ്ടി മോർ ഔഗേൻ പ്രാർത്ഥിക്കുകയും ആ മകൻ ജീവനിലേക്ക് മടങ്ങിവരുകയും ചെയ്തു.

എല്ലാ ഞായറാഴ്ചയും പ്രഭാതനമസ്കാരത്തിനുശേഷം സന്യാ സികളെ ആത്മീകമായി ശക്തീകരിക്കുവാൻ ഉതകുംവിധം മോർ ഔഗേൻ സംസാരിക്കുമായിരുന്നു. എന്നാൽ ഒരു ദിവസം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഒരു വാചകത്തിനിട യിൽ അദ്ദേഹം നിർത്തി തന്റെ കണ്ണുകൾ അടച്ച് ഒരു മണിക്കൂറോളം

അപ്രകാരം തന്നെ ഇരുന്നു. കുറച്ചു കഴിഞ്ഞ് അദ്ദേഹം തന്റെ കണ്ണുകൾ തുറന്ന് കരയുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ശിഷ്യനായ മീഖായേൽ ദുഃഖകാരണം അദ്ദേഹത്തോട് അന്വേഷിച്ചു. മറുപടിയായി അദ്ദേഹം താൻ കണ്ട ദർശനത്തിന്റെ പൊരുൾ ഇപ്രകാരം പറഞ്ഞു: ''പ്രിയ മക്കളെ, ശത്രുക്കൾ നമ്മുടെ സഭയ്ക്കെതിരെ യുദ്ധത്തിനായി ഒരുങ്ങുന്നു എന്നു ഞാൻ അറിയുന്നു. പക്ഷേ, നമ്മുടെ ദൈവമായ കർത്താവ് ഈ സമൂഹത്തെ മറന്നുകളയുകയില്ല.''

സന്യാസിയായ ശേഷം മോർ ഔഗേൻ സിറിയയിൽ സന്യാസ ആശ്രമങ്ങൾ സ്ഥാപിച്ചു. സിറിയൻ സന്യാസപ്രസ്ഥാനത്തിന്റെ പിതാവായാണ് മോർ ഔഗേൻ അറിയപ്പെടുന്നത്. മോർ ഔഗേൻ പേർഷ്യയിലും സന്യാസ പ്രസ്ഥാനത്തിന് ആരംഭമിട്ടതായി കരുതപ്പെടുന്നു. മോർ ഔഗേൻ 36 വർഷം ദയറാധിപനായി ചുമതല നിർവ്വഹിച്ചു. തന്റെ അന്ത്യത്തെക്കുറിച്ച് മനസ്സിലാക്കിയ മോർ ഔഗേൻ സഹോദര സന്യാസികളെ വിളിച്ച് കൂട്ടിവരുത്തുകയും തന്റെ അന്ത്യം അടുത്തു എന്ന് അറിയിക്കുകയും സ്ലീബായുടെ അടയാളത്താൽ അവരെ അനുഗ്രഹിക്കുകയും ചെയ്തു.

മോർ ഔഗേന്റെ ദയറാ ടർക്കിയുടെ തെക്കുകിഴക്കുള്ള ഇസ്ലോ പർവ്വതനിരകളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശം കേന്ദ്രമാക്കി സുറിയാനി സഭയ്ക്ക് 1926 വരെ ഒരു ഭദ്രാസനം ഉണ്ടായിരുന്നു. മോർ ഔഗേൻ ദയറാ ഇപ്പോൾ തുറബ്ദീൻ മെത്രാപ്പോലീത്ത മോർ തീമോത്തിയോസ് ശമുവേൽ അക്താശിന്റെ ഭരണത്തിലും വന്ദ്യ യൂയാക്കീം ഉൻഫാൽ റമ്പാച്ചന്റെ മേൽനോട്ടത്തിലും പരിപാലിക്കപ്പെടുന്നു. സന്യാസ ശ്രേഷ്ഠനായ വിശുദ്ധ ഔഗേന്റെ ഓർമ്മ ജനുവരി 23നും ഏപ്രിൽ 21നും സുറിയാനി സഭ ആചരിക്കുന്നു.

# വിശുദ്ധ അഫ്രാത്ത് സന്യാസി
## (എ. ഡി. 280? - 364?)

അഫ്രാത്ത് ഉദ്ദേശം എ. ഡി. 280-ൽ പേർഷ്യയുടെ സിറിയൻ അതിർത്തിയിൽ ജനിച്ചു. ഇദ്ദേഹം സുറിയാനി എഴുത്തുകളിൽ അഫ്രാത്ത് (Aphrahat) എന്നും ലാറ്റിൻ ഗ്രന്ഥങ്ങളിൽ അഫ്രാറ്റസ് (Aphraates) എന്ന പേരിലും അറിയപ്പെടുന്നു. ചരിത്ര പുസ്തകങ്ങളിൽ സന്യാസിയായ അന്ത്യോഖ്യക്കാരൻ അഫ്രാറ്റസ് (Hermit Aphraates of antioch) എന്നാണ് പരാമർശിച്ചിരിക്കുന്നത്. അന്യമതക്കാരനായി ജനിച്ച അഫ്രാത്ത് ക്രിസ്തുമതം സ്വീകരിക്കുകയും സന്യാസിയാകുകയും ചെയ്തു. (Aphrem I, 2000).

അഫ്രാത്ത് സന്യാസി മെത്രാപ്പോലീത്തായായപ്പോൾ യാക്കോബെന്നറിയപ്പെട്ടുവെന്നും, മൂസലിലെ മോർ മത്തായി ദയറായുടെ ചുമതല വഹിച്ചുവെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. (Cayre, 1936; Bihlmeyer & Tuchle, 1958) ഇദ്ദേഹം മാമോദീസാ സ്വീകരിച്ചപ്പോഴോ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടപ്പോഴോ യാക്കോബെന്ന പേരിൽ അറിയപ്പെട്ടു എന്ന അഭിപ്രായമുണ്ട് (Wace & Piercy, 1999) എന്നാൽ അഫ്രാത്ത് സന്യാസി മെത്രാപ്പോലീത്തയായി എന്നതിന് തെളിവുകളില്ലെന്നും അക്കാലത്ത് മൂസലിലെ മോർ മത്തായി ദയറാ സ്ഥാപിക്കപ്പെട്ടിരുന്നില്ലെന്നും പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ രേഖപ്പെടുത്തിയിട്ടുണ്ട് (Aphrem I, 2000).

'പേർഷ്യയിലെ ബുദ്ധിമാൻ' എന്നറിയപ്പെട്ട അഫ്രാത്ത് ഭക്തിക്കു പ്രസിദ്ധിയാർജ്ജിച്ച ഉറഹായിലേക്ക് മാറി താമസിക്കുകയും എ. ഡി. 360 ൽ അന്ത്യോഖ്യായിലേക്കു പോയതായും കരുതുന്നു. അഫ്രാത്ത് സന്യാസി അപ്പമോ, പാകം ചെയ്ത ഭക്ഷണസാധനങ്ങളോ, വസ്ത്രമോ യാതൊന്നും ഒരുത്തരിൽ നിന്നും ആവശ്യപ്പെട്ടിരുന്നില്ല. സൂര്യാസ്തമനത്തിനുശേഷം അപ്പവും സസ്യങ്ങളും ഉൾപ്പെട്ട ആഹാരമാണ് ഭക്ഷിച്ചിരുന്നത് (Theodoret, 1990). അറിയോസിന്റെ വേദവിപരീതത്തിനെതിരായി പരസ്യമായി സംസാരിച്ചിരുന്നു. തർക്കിക്കുന്നവർക്ക് ഉപമകളിലൂടെ മറുപടി നൽകുമായിരുന്നു.

ഒരിക്കൽ വാലൻസ് ചക്രവർത്തിയുടെ ഒരു സേവകൻ അഫ്രാത്തിനെ അപമാനിക്കുകയും, ഭയപ്പെടുത്തുകയും, വധിക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ആ സേവകൻ അപമൃത്യു വരിച്ചതിനാൽ ചക്രവർത്തിയും മറ്റുള്ളവരും അഫ്രാത്തിന്റെ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. മറ്റൊരിക്കൽ കുതിരപന്തയത്തിനുപയോഗിച്ചിരുന്ന ഒരു കുതിരയുടെ അസുഖം വെള്ളം വാഴ്ത്തിക്കൊടുത്ത് സുഖപ്പെടുത്തി. മറ്റു പല ദൈവികാനുഗ്രഹങ്ങളും അഫ്രാത്ത് സന്യാസിയുടെ മധ്യസ്ഥതയാൽ ലഭിച്ചിട്ടുണ്ട്. ഈ പരിശുദ്ധന്റെ ജീവിതവും അത്ഭുതപ്രവർത്തനങ്ങളും 'സിറിയയിലെ മുത്തുകൾ' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട് (Theodoret, 1990).

സാപ്പോർ രണ്ടാമന്റെ കാലഘട്ടത്തിൽ (ഏ. ഡി. 340?–380?) പേർഷ്യയിലെ ക്രിസ്ത്യാനികൾക്ക് ഏറെ പീഡകൾ സഹിക്കേണ്ടി വന്നു. എന്നാൽ സുസ്തന്തിനോസ് ചക്രവർത്തി ക്രിസ്ത്യാനികളെ ഔദ്യോഗികമായി അംഗീകരിച്ചതോടുകൂടി റോമൻ സാമ്രാജ്യത്തിന്റെ പരിരക്ഷ ക്രിസ്ത്യാനികൾക്ക് ലഭിക്കുന്നതിനിടയായി. ക്രിസ്ത്യാനികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനെ സംബന്ധിച്ച് കുസ്തന്തീനോസ് ചക്രവർത്തി സാപ്പോർ രണ്ടാമന് കത്തയയ്ക്കുകയും ചെയ്തു. പേർഷ്യൻഭാഷസംസാരിക്കുന്ന ക്രിസ്ത്യാനികൾ ആരാധനാഭാഷയായി സുറിയാനി ഉപയോഗിച്ചിരുന്നു. ഇത് പേർഷ്യൻ രാജാക്കന്മാർക്ക് കൂടുതൽ സംശയങ്ങൾ ഉണ്ടാക്കുന്നതിനിടയാക്കി (O'Leary, 2002).

അഫ്രാത്ത് സന്യാസി സുറിയാനിയിലെഴുതിയ ഇരുപത്തിമൂന്ന് എഴുത്തുകളും പ്രസംഗങ്ങളും എല്ലാ ചരിത്രകാരന്മാരും പരാമർശിക്കുന്നുണ്ട്. അവ വിശ്വാസം, അനുതാപത്തിന്റെ പ്രാർത്ഥനകൾ, ഉപവാസം, ക്രിസ്തുവിന്റെ ദൈവത്വം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയെ സംബന്ധിച്ചുള്ളവയാണ്. ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ സന്യാസം, ബ്രഹ്മചര്യം എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട് (Cross & Livingstone, 1974). മേൽപറഞ്ഞ എഴുത്തുകളിൽ എല്ലാ കൂദാശകളെയും പരാമർശിക്കുന്നുണ്ട് (Cayre, 1936).

അഫ്രാത്ത് തന്റെ പഠിപ്പിക്കലുകളിൽ യേശുക്രിസ്തു ദൈവപുത്രനാണെന്നും, ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ

പത്രോസാകുന്ന പ്രധാന പുരോഹിതനാൽ മേയ്ക്കപ്പെടുന്നതിന് ആട്ടിൻകൂട്ടത്തിന്റെ ചുമതല ഏൽപ്പിക്കപ്പെട്ടതാകുന്നുവെന്നും ഊന്നി പറഞ്ഞു. ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ ആദ്യത്തെ പത്തെണ്ണം ഏ. ഡി. 337 ലും പിന്നീടുള്ള പന്ത്രണ്ടെണ്ണം ഏ. ഡി. 344 ലും അവസാനത്തേത് ഏ. ഡി. 345 ലും എഴുതിയവയാണ് (Cross & Livingstone, 1974).

അവസാന കാലഘട്ടത്തിൽ എഴുതിയവയിൽ ഒന്ന് യെഹൂദന്മാരുടെ ശാബത്, പരിഛേദന എന്നിവയ്ക്കെതിരായുള്ളതാണ്. ഏറ്റവും ഒടുവിലായിയെഴുതിയത്, സാപ്പോർ രണ്ടാമന്റെ കാലഘട്ടത്തിലെ പീഡയിൽ ശേഷിക്കുന്ന ചുരുക്കം നീതിമാന്മാർ നിമിത്തം പരിപൂർണ്ണ നാശത്തിൽനിന്നും ജനത്തെ രക്ഷിക്കുന്നതിനെ പരാമർശിച്ചിട്ടുള്ളതാണ്. Frank Gavin എഴുതിയ *Aphraatus and Jews* എന്ന Gorgias Press ന്റെ പ്രസിദ്ധീകരണത്തിൽ അഫ്രാത്ത് സന്യാസിയുടെ ലേഖനങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ട്. ഈ പരിശുദ്ധന്റെ ഓർമ്മപെരുന്നാൾ ഏപ്രിൽ 7-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## ഇളയവളായ വിശുദ്ധ മക്രീന
**(ഏ. ഡി. 327 - 380)**

മക്രീന കൈസര്യായിൽ ഏ. ഡി. 327 ൽ ജനിച്ചു. മക്രീനയുടെ പിതാവായ ബേസിൽ പൊന്തോസിൽ (Pontus) പ്രസിദ്ധ അഭിഭാഷകനും വാഗ്മിയുമായിരുന്നു. മക്സിമിയൻ പീഡയിൽ രക്തസാക്ഷിയായ ഒരു വിശുദ്ധയുടെ മകളായ എമീലിയ (Emmelia) യാണ് മക്രീനയുടെ മാതാവ്. ബേസിൽ-എമീലിയ ദമ്പതികൾക്ക് അഞ്ച് ആൺമക്കളും അഞ്ച് പെൺമക്കളുമുണ്ടായിരുന്നു (Quasten, 1960; Smith & Wace, 1877; Wace & Piercy, 1999).

പത്തു മക്കളിൽ ഏറ്റവും മൂത്തമകളാണ് മക്രീന. ആൺമക്കളിൽ മൂന്നുപേർ മെത്രാപ്പോലീത്തന്മാരായി (കൈസര്യായിലെ മോർ ബസ്സേലിയോസ് - ഏ. ഡി. 329 - 379; നൈസയിലെ

മോർ ഗ്രീഗോറിയോസ് - ഏ. ഡി. 335 - 394; സെബസ്ത്യായി ലെ മോർ പത്രൊസ്). ഈ മൂന്നു സഹോദരന്മാർ ഒഴികെയുള്ള രണ്ടുപേരിൽ ഒരാൾ ബാല്യത്തിലും രണ്ടാമത്തെ മകനായ നൗ ക്രേഷിയസ് 27-ാം വയസ്സിലും നിര്യാതരായി. മക്രീന സന്യാസി നിയാകുകയും മറ്റു നാലു പെൺമക്കളും വിവാഹിതരാകുകയും ചെയ്തു. മക്രീനയെ തെക്ല എന്നും ഭവനത്തിൽ വിളിച്ചിരുന്നു (Lowther Clarke, 1916).

ബേസിൽ-എമീലിയ ദമ്പതികൾക്ക് വളരെ സമ്പത്തുണ്ടാ യിരുന്നു. അവരുടെ വസ്തുവകകൾ പല ജില്ലകളിയായി വ്യാ പിച്ചു കിടന്നിരുന്നതിനാൽ അവർ മൂന്നു ഗവർണർമാർക്ക് കരം കൊടുത്തുകൊണ്ടിരുന്നു.

മക്രീന കമ്പിളി വസ്ത്രങ്ങൾ നെയ്യുന്നതിൽ ഉത്സുകയായി രുന്നു. മക്രീനയ്ക്ക് പന്ത്രണ്ടു വയസ്സായപ്പോൾ അവളുടെ ചാർ ച്ചയിൽപ്പെട്ട ഒരു യുവാവുമായി വിവാഹം നിശ്ചയിച്ചു. എന്നാൽ ആ യുവാവ് നിര്യാതനായി. മക്രീനയുടെ പിതാവായ ബേസിൽ, മകളെ മറ്റൊരു വിവാഹത്തിനു പ്രേരിപ്പിച്ചുവെങ്കിലും അവൾ സമ്മതിച്ചില്ല ''ഒരു ജനനവും ഒരു മരണവുംപോലെ ഒരു വിവാ ഹമേയുള്ളു. വിവാഹത്താൽ പരസ്പരം ബന്ധിതനായിരിക്കുന്ന പുരുഷൻ മരിച്ചവനല്ല പ്രത്യുത മരണത്താൽ വധുവിൽ നിന്ന് വിദൂരസ്ഥൻ മാത്രമാണ്'' (Lowther Clarke, 1916).

പിതാവായ ബേസിൽ ഏ. ഡി. 349ൽ നിര്യാതനായി. മക്രീന മാതാവായ എമീലിയയോടുകൂടെ താമസിച്ചു. എമീലിയ വാർധ ക്യത്തിൽ ഇപ്രകാരം പറഞ്ഞു: ''ഞാൻ നിശ്ചിതകാലം എന്റെ മക്കളെ ഉദരത്തിൽ വഹിച്ചു. എന്നാൽ മക്രീന എന്നെ എന്നും വഹിച്ചു.''

മക്രീനയുടെ സഹോദരനായ ബേസിൽ (പിന്നീട് കൈസ ര്യായിലെ വലിയ മോർ ബസ്സേലിയോസ്) ഏ. ഡി. 355ൽ ഉന്നത വിദ്യാഭ്യാസം കഴിഞ്ഞ് ഏതൻസിൽനിന്ന് മടങ്ങിവന്നു. മക്രീന അവളുടെ മാതാവായ എമീലിയയെ ഒരു പുതിയ ജീവിത പന്ഥാ വിലേക്ക് നയിക്കുകയും അവരുടെ അടിമകളെ സ്വതന്ത്രരാക്കു കയും അവരെ തുല്യരായി പരിഗണിക്കുകയും ചെയ്തു.

മക്രീനയുടെ സഹോദരന്മാരിൽ രണ്ടാമത്തവനായ നൗക്രേഷിയസ് (Naucratius) അസാധാരണമായ കഴിവുള്ള വ്യക്തിയായിരുന്നു. അദ്ദേഹം ഏകാന്തവാസവും ദാരിദ്ര്യവും തെരഞ്ഞെടുത്തു. പൊന്തൊസിലൂടെ ഒഴുകുന്ന ഐറിസ് (Iris) നദീതീരത്ത് നൗക്രേഷിയസ് ഏകാന്തവാസമാരംഭിച്ചു. അവിടെ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന ഏതാനും വൃദ്ധരെ സ്വന്തകരങ്ങളാൽ ശുശ്രൂഷിച്ചു. തന്റെ യുവത്വത്തെ ദൈവത്തിങ്കലേക്കുള്ള യാത്രയായി കണക്കാക്കി സ്വമാതാവിന്റെ ആജ്ഞകൾ അനുസരിച്ച് ജീവിച്ചു. എന്നാൽ നൗക്രേഷിയസ് പെട്ടെന്ന് (എ. ഡി. 357) നിര്യാതനായി. ഈ പ്രതികൂലസാഹചര്യത്തിൽ മക്രീന എമീലിയയെ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്തു. മക്രീനയുടെ സാന്ത്വനവചനങ്ങൾ നഷ്ടപ്പെട്ടവയെക്കുറിച്ച് വിലപിക്കാതെ ദൈവം തന്ന നന്മകളിൽ സന്തോഷിക്കുന്നതിനിടയാക്കി. മക്രീനയും മാതാവായ എമീലിയയും സുകൃതങ്ങളിൽ വളർന്നു.

മക്രീനയുടെ ഏറ്റവും ഇളയ സഹോദരനായ പത്രൊസ് മക്രീനയുടെ ജീവിതത്തെ ഏറെ സ്വാധീനിച്ചു. മൂത്തമകൾ മക്രീനയും ഇളയ മകൻ പത്രൊസും കൂടെയുണ്ടായിരുന്ന ഒരു ദിവസം എ. ഡി. 373ൽ എമീലിയ നിര്യതയായി. നാല്പതു സഹദേന്മാരുടെ പള്ളിക്കടുത്തുള്ള പിതാവിന്റെ കല്ലറയിൽ എമീലിയയെ കബറടക്കി.

എ. ഡി. 370ൽ? ബേസിൽ കൈസര്യായിലെ മെത്രാപ്പോലീത്തയായി. മോർ ബസ്സേലിയോസ് സഹോദരനായ പത്രൊസിനെ എ. ഡി. 371–ൽ കശീശയാക്കി. എട്ടു വർഷങ്ങൾ കഴിഞ്ഞ് എ. ഡി. 379 ൽ മോർ ബസ്സേലിയോസ് നിര്യാതനായി. സഹോദരനായ മോർ ബസ്സേലിയോസിന്റെ മരണം മക്രീനയ്ക്ക് കടുത്ത ആഘാതമായിരുന്നു.

എ. ഡി. 380ൽ മറ്റൊരു സഹോദരനായ മോർ ഗ്രിഗറി (Mor Gregory of Nyssa) അന്ത്യോഖ്യായിലെ ഒരു സുന്നഹദോസിനു ശേഷം മക്രീനയെ സന്ദർശിച്ചു. ആ സമയത്ത് മക്രീന പനി പിടിച്ച് മരണാസന്നയായിരുന്നു. മക്രീനയെ തറയിൽ ഒരു പലകയിൽ ചാക്കുവിരിച്ച് കിടത്തിയിരിക്കയായിരുന്നു. മക്രീന ക്ഷീണിതയെങ്കിലും തറയിൽ കൈകളൂന്നി മെത്രാപ്പോലീത്താ

യായ സഹോദരനോടുള്ള ആദരവ് പ്രകടിപ്പിച്ച് കൈകളുയർത്തി ഇപ്രകാരം പ്രാർത്ഥിച്ചു: ''ദൈവമെ! ഈ കൈവേലയെ സന്ദർശിക്കത്തക്കവിധം നിന്റെ ദാസനെ നീ അയച്ച് എന്റെ ആഗ്രഹം സാധിച്ച് എന്നോട് കരുണ ചെയ്തുവല്ലോ.'' സഹോദരനായ മോർ ബസ്സേലിയോസിന്റെ മരണത്തെ പരാമർശിച്ച് മക്രീന സംസാരിച്ചപ്പോൾ മോർ ഗ്രിഗറി പൊട്ടിക്കരഞ്ഞു. സഹോദരൻ വിലപിക്കുന്നതു കണ്ട് മക്രീന ശാസിച്ചുകൊണ്ട് പറഞ്ഞു: ''ക്രിസ്തുവിൽ നിദ്രപ്രാപിക്കുന്നവരെക്കുറിച്ച് പ്രത്യാശയില്ലാത്തവരെപോലെ നീ ദുഃഖിക്കരുത്.'' ഗൂഢമായിരിക്കുന്ന ദിവ്യ ഉദ്ദേശ്യം അനർത്ഥത്തിൽ വെളിപ്പെടുന്നു എന്ന് അവളുടെ സംഭാഷണത്തിലൂടെ വ്യക്തമാക്കപ്പെട്ടു. അവർ ഏറെ സമയം സംസാരിച്ചുകൊണ്ടിരുന്നു. അതുകഴിഞ്ഞ് മോർ ഗ്രിഗറി (ഗ്രീഗോറിയോസ്) വിശ്രമിക്കുന്നതിനായി പോയി.

മോർ ഗ്രിഗറി വീണ്ടും മക്രീനയെ ചെന്നു കണ്ടു. അപ്പോൾ മക്രീന അവളുടെ ബാല്യകാലത്തെ സംബന്ധിച്ചും മാതാപിതാക്കന്മാരെ സംബന്ധിച്ചും വിശദമായി പറയുന്നതിനാരംഭിച്ചു. പിതാവിന്റെ മാതാപിതാക്കന്മാർ യേശുക്രിസ്തുവിൽ വിശ്വസിച്ചതിനാൽ അവരുടെ വസ്തുവകകൾ കണ്ടുകെട്ടിയതിനെ സംബന്ധിച്ചും പരാമർശിക്കുകയുണ്ടായി. അപ്പോൾ മോർ ഗ്രിഗറി, വാലൻസ് ചക്രവർത്തിയാൽ നാടുകടത്തപ്പെട്ടതും, സഭയിലെ കലഹങ്ങളും പീഡകളും വിവരിച്ചപ്പോൽ മക്രീന പറഞ്ഞു: ''നീ സ്വർഗ്ഗീയ അനുഗ്രഹങ്ങളെക്കുറിച്ച് അജ്ഞനായിരിക്കുന്നുവോ?' നിന്റെ ആത്മാവിന്റെ നന്ദിയില്ലായ്മ നീ പരിഹരിക്കുമോ? നിന്റെ അവസ്ഥയും നിന്റെ മാതാപിതാക്കന്മാരുടെ അവസ്ഥയും നീ താരതമ്യം ചെയ്തിട്ടുണ്ടോ? നിന്റെ പിതാവ് പൊന്തൊസിൽ മാത്രം അറിയപ്പെട്ടു. നീ എല്ലായിടത്തും അറിയപ്പെടുന്നു. ഇതിലെല്ലാം നീ ദൈവകാരുണ്യം കാണുന്നില്ലേ? നിന്റെ മാതാപിതാക്കന്മാരുടെ പ്രാർത്ഥനയാണ് ഇതിന്റെയെല്ലാം കാരണമെന്ന് നീ തിരിച്ചറിയുന്നുണ്ടോ?''

ഇതിനുശേഷം മക്രീന പ്രാർത്ഥിച്ചു: ''ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു; വിശ്വാസം കാത്തു. . .'' തുടർന്ന് കണ്ണടച്ച് ഒരു സ്വാഭാവിക ഉറക്കംപോലെ ശാന്തമായി നിദ്രപ്രാപിച്ചു. സന്യാസി മഠത്തിലെ മറ്റംഗങ്ങൾ വിലപിച്ചുകൊണ്ടിരുന്നു:

‘‘ഞങ്ങളുടെ കണ്ണുകളിലെ പ്രകാശം കെട്ടുപോയി, ഞങ്ങളെ നയിച്ചിരുന്ന ആത്മാവ് ഞങ്ങളിൽനിന്ന് എടുക്കപ്പെട്ടു.’’ അവരുടെ ആരവം നിയന്ത്രിക്കുന്നതിന് മോർ ഗ്രീഗോറിയോസ് ഇപ്രകാരം പറഞ്ഞു: ‘‘നിങ്ങൾ മക്രീനയെ നോക്കൂ, അവൾ നിങ്ങളെ പരിശീലിപ്പിച്ചതും നിങ്ങളോട് ആജ്ഞാപിച്ചതും ഓർക്കുവിൻ. പ്രാർത്ഥിക്കുമ്പോഴല്ലാതെ കണ്ണുനീർ വീഴുന്നതിനോ നെടുവീർപ്പിടുന്നതിനോ നിർദ്ദേശിച്ചിട്ടുണ്ടോ? നമുക്കു വിലാപങ്ങൾക്കു പകരം സങ്കീർത്തനങ്ങൾ ആലപിക്കാം.’’

വെസ്റ്റിയാന (Vestiana) എന്ന ആശ്രമവാസിയായ വിധവ മക്രീനയെ വെള്ളവസ്ത്രങ്ങൾ ധരിപ്പിക്കുകയും അന്ത്യയാത്രയ്ക്ക് ഒരുക്കുകയും ചെയ്തു. എന്നാൽ ലംപാടിയ (Lampadia) എന്ന സന്യാസിനി അന്ത്യയാത്രക്ക് പ്രത്യേക ഒരുക്കങ്ങൾ ഒന്നും വേണ്ടെന്നാണ് മക്രീനയുടെ താല്പര്യം എന്നറിയിച്ചു (Lowther Clarke, 1916; Wace & Piercy, 1999). മോർ ഗ്രീഗോറിയോസ് ചോദിച്ചു: ‘‘ഇവിടുത്തെ അലമാരയിൽ ശവസംസ്ക്കാരത്തിനായി യോഗ്യമായ തുണികളൊന്നുമില്ലേ?’’ ലംപാഡിയ പറഞ്ഞു: ‘‘ഈ ധരിപ്പിച്ചിരിക്കുന്ന വസ്ത്രവും പഴകിയ പാദരക്ഷകളുമല്ലാതെ ഒരു പുതപ്പും ഒരു ശിരോവസ്ത്രവും മാത്രമേയുള്ളു. കിടപ്പുമുറിയിലോ മറ്റേതെങ്കിലും സ്ഥലത്തോ യാതൊന്നും സൂക്ഷിച്ചിട്ടില്ല. മക്രീനയ്ക്ക് ഒരു നിക്ഷേപകലവറയേയുള്ളൂ. അത് സ്വർഗ്ഗത്തിലാണ് ഭൂമിയിലൊന്നും അവശേഷിപ്പിച്ചിട്ടില്ല.’’

മക്രീനയുടെ ശവസംസ്കാരത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. രാത്രി മുഴുവനും ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. പ്രഭാതമായപ്പോൾ സ്ത്രീകളും കന്യാസ്ത്രീകളും ഒരു കൂട്ടമായും, സന്യാസികളും പുരുഷന്മാരും മറ്റൊരു കൂട്ടമായും നിന്ന് സങ്കീർത്തനങ്ങൾ പാടി വിലാപയാത്ര ആരംഭിച്ചു. അവിടത്തെ (കയീൃമ) അരേക്സിയസ് (അൃമഃശൗ) മെത്രാപ്പോലീത്തായും സംസ്കാരചടങ്ങിൽ സംബന്ധിക്കുന്നതിനായി ഒരു കൂട്ടം പുരോഹിതന്മാരോടുകൂടെ എത്തിച്ചേർന്നു. നാല്പതു സഹദേന്മാരുടെ പള്ളിക്കടുത്തുള്ള മക്രീനയുടെ പിതാക്കന്മാരുടെ കല്ലറ തുറന്ന് മക്രീനയെ അതിൽ കബറടക്കി.

മക്രീനയുടെ ജീവിതകാലത്തു തന്നെ ഒരു പട്ടാളക്കാരന്റെ മകളുടെ കണ്ണിന് മക്രീനയുടെ മധ്യസ്ഥ പ്രാർത്ഥനയാൽ സൗ

ഖ്യം ലഭിക്കുകയും, പലവിധ രോഗികൾ സൗഖ്യമാകുകയും, ഭൂതങ്ങൾ പുറത്താക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ മക്രീനയുടെ ഓർമ്മ പെരുന്നാൾ ജൂലൈ 19-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## ഈജിപ്റ്റിലെ വിശുദ്ധ എപ്പിപാനിയോസ്
### (എ. ഡി. 315? - 402/3)

എപ്പിപാനിയോസ് (Epiphanius of Salamis in Cyprus) പാലസ്തീനിലെ എലുത്തറോപോലീസിനടുത്തുള്ള ഗ്രാമമായ ബെസാൻഡ്യൂക്കിൽ ജനിച്ചു. ബെസാൻ ഡ്യൂക്ക് ഗാസയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ്. എപ്പിപാനിയോസിന്റെ ജനനം എ. ഡി. 315 നോടടുത്താണ് എന്ന് അനുമാനിക്കാം. (Cayre, 1936; Wace & Piercy, 1999).

എപ്പിപാനിയോസ് തന്റെ ജീവിതത്തിന്റെ ആദ്യ കാലഘട്ടം ഈജിപ്റ്റിലെ സന്യാസിമാരോടൊത്ത് ചിലവഴിച്ചു. ഗാസയിലെ സന്യാസിയായ വിശുദ്ധ ഹിലാരിയോണിന്റെ മാതൃകയും ഉപദേശവും മൂലം എപ്പിപാനിയോസ് സന്യാസ ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടു. ഏതാണ്ട് 20 വയസ്സുള്ളപ്പോൾ ബെസാൻ ഡ്യൂക്കിനടുത്ത് ഒരു ദയറാ പണി കഴിപ്പിച്ചു. അവിടെ 30 വർഷത്തോളം താമസിച്ചു (Cayre, 1936). എലുത്തറോപോലീസിലെ മെത്രാപ്പോലീത്തായായിരുന്ന ലുത്തിക്കോസ് ഇദ്ദേഹത്തെ പുരോഹിതനാക്കി (Wace & Piercy, 1999). ഗ്രീക്ക്, ഹീബ്രു, സുറിയാനി, കോപ്റ്റിക്, ലാറ്റിൻ എന്നീ അഞ്ചു ഭാഷകളിൽ പ്രാവിണ്യമുണ്ടായിരുന്നതിനാൽ വി. ജറോം, എപ്പിപാനിയോസിനെ പഞ്ചഭാഷ സംസാരിക്കുന്നവൻ (the pentaglot) എന്നു വിളിക്കുമായിരുന്നു (Cayre, 1936).

അറിയോസിന്റെ വേദവിപരീതത്തിനെതിരായി ശക്തമായ നിലപാടെടുക്കുകയും നിഖ്യാ വിശ്വാസപ്രമാണത്തിന്റെ സംരക്ഷകനായ അന്ത്യോഖ്യാ പാത്രിയർക്കീസ് പൗളിനോസിനോട് ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു. വിശുദ്ധജീവിതവും

പാണ്ഡിത്യവും കൊണ്ട് പ്രശസ്തനായ എപ്പിപാനിയോസ് ഏ. ഡി. 367-ൽ കോൺസ്റ്റൻഷ്യയിലെ (Constantia, the ancient Salamis in Cyprus) മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടു. ഏ. ഡി. 367 മുതൽ ഏ. ഡി. 402/3 വരെ 36 കൊല്ലം സലാമീസിലെ മെത്രപ്പോലീത്തായായി സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ കോൺസറ്റൻഷ്യ ദ്വീപിൽ വളരെയധികം സന്യാസ ആശ്രമങ്ങൾ പണിയപ്പെട്ടു. പാലസ്തീനിലെയും എലുത്തറോപോലീസിലെയും സന്യാസികൾ ഈ ആശ്രമങ്ങളിൽ താമസിച്ചിരുന്നു. അറേബ്യയിലെ വിശ്വാസികൾക്കുള്ള ഒരു കത്തിൽ (against all heresies) 'ദൈവമാതാവ് നിത്യകന്യക' എന്ന ആശയം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

പംഫില്യയിലെ വൈദികരും മറ്റ് പലരും അറിയോസിന്റെ വേദവിപരീതത്തെ ചെറുത്ത് തോൽപിക്കുന്നതിന് എപ്പിപാനിയോസ് മെത്രാപോലീത്തായുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഏ. ഡി. 381 ലെ സുസ്തന്തീനോസ് പോലീസിലെ സുന്നഹദോസിൽ എപ്പിപാനിയോസ് പങ്കെടുത്തിട്ടില്ലെങ്കിലും സലാമീസിലെ സഭയിൽ നിലവിലിരുന്ന വിശ്വാസപ്രമാണത്തിന്റെ പദാനുപദ പ്രഖ്യാപനമാണ് കുസ്തന്തീനോസ് പോലീസിൽ ചേർന്ന സുന്നഹദോസിന്റെ തീരുമാനങ്ങൾ (Wace & Piercy, 1999).

ഏ. ഡി. 382 അവസാനത്തിൽ എപ്പിപാനിയോസ്, വിശുദ്ധ ജറോം, അന്ത്യോഖ്യായിലെ പൗളിനോസ് എന്നിവരോടു ചേർന്ന് പ്രവർത്തിച്ചു. ജറോമിന്റെ ആത്മിക പ്രേരണയാൽ പൗള എന്ന സ്ത്രീ അവളുടെ സ്വത്തുക്കളിൽ നല്ലൊരു പങ്ക് ദരിദ്രർക്കും രോഗികൾക്കുമായി ദാനം ചെയ്തു. എപ്പിപാനിയോസ് പൗളയെ സന്യാസ ജീവിതത്തിന് പ്രേരിപ്പിച്ചു. ഏ. ഡി. 383ൽ പൗള വിശുദ്ധ നാടുകളിൽ തീർത്ഥാടനം നടത്തുകയും സലാമീസിൽ എപ്പിപാനിയോസിന്റെ ആശ്രമത്തിൽ പത്തു ദിവസത്തോളം താമസിക്കുകയും ചെയ്തു.

വി. ജറോം ബേത്‌ലഹേമിന് പോകുന്ന വഴി എപ്പിപാനിയോസിനെ സന്ദർശിക്കുകയും ഒരു വലിയ സംഘം സന്യാസിമാരെ സലാമിസിൽ 'എല്ലാ എപ്പിസ്കോപ്പന്മാരുടെ പിതാവും പുരാതന ധർമ്മനിഷ്ഠയുടെ അവസാന അവശിഷ്ടവുമായ' എപ്പിപാനിയോസിന്റെ സന്നിധിയിൽ കൊണ്ടുവരികയും അദ്ദേഹത്തെ അഭിവാദനം ചെയ്യുകയും ചെയ്തു.

എപ്പിപാനിയോസ്, ഒറിഗനെ 'അറിയോസിന്റെ വേദവിപരീതത്തിന്റെ പൂർവ്വികൻ' എന്നാണ് വിശേഷിപ്പിച്ചത്. ഏ. ഡി. 394 ൽ ഒറിഗണിസം (ദൈവത്വത്തിലെ രണ്ടും മൂന്നും ആളത്വങ്ങൾ പിതാവിനേക്കാൾ താഴ്ന്നതാണെന്ന യുക്തി) പാലസ്തീനിൽ തലപൊക്കിയെന്നറിഞ്ഞ് എപ്പിപാനിയോസ് അവിടെ ഓടിയെത്തി. വേദവിപരീതത്തെ ചെറുക്കുന്നതിന് അദ്ദേഹത്തിന്റെ സാന്നിധ്യം മാത്രം മതിയാകുമായിരുന്നു.

എപ്പിപാനിയോസ് യെരൂശലേമിൽ പുനരുത്ഥാന ദൈവാലയത്തിൽ (Church of the Resurrection) ഒറിഗണെതിരെ ശക്തമായി പ്രസംഗിച്ചു. ഒറിഗണിന്റെ അനുഭാവിയായിരുന്ന യെരൂശലേമിലെ ജോൺ മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ തൽസംബന്ധമായ വിയോജിപ്പ് ഒരു ആർച്ച് ഡീക്കൻ വഴിയായി എപ്പിപാനിയോസിനെ അറിയിച്ചു. ഇതേതുടർന്ന് എപ്പിപാനിയോസ് ജോൺ മെത്രാപോലീത്തായുമായുള്ള സഹവർത്തിത്വം ഉപേക്ഷിച്ചു. യെരൂശലേമിലെ പ്രശസ്തരും സുഹൃത്തുക്കളുമായിരുന്ന ബേത്‌ലഹേമിലെ ജെറോം (Jerome) ഒലിവ്മലയിലെ റുഫിനസ് (Rufinus) എന്നിവരിൽ ജെറോം എപ്പിപാനിയോസിന്റെ പക്ഷത്തും റൂഫിനസ് ജോൺ മെത്രാപോലീത്തായുടെ പക്ഷത്തും ചേർന്നു (Bihlmeyer & Tuchle, 1958). എപ്പിപാനിയോസ് ബേത്‌ലഹേമിലെ സന്യാസികളുടെ ആത്മികകാര്യങ്ങൾക്കായി പൗളിനിയസിനെ (ജെറോമിന്റെ സഹോദരൻ) വൈദികനായി നിയമിച്ചു (Cayre, 1936; Wace & Piercy 1999).

ഒരു മേൽപട്ടക്കാരന്റെ അധികാര അതിർത്തിയിൽ എപ്പിപാനിയോസ് വൈദികനെ നിയമിച്ചത് കാനോന്റെ ലംഘനമാണെന്ന് ആരോപിച്ച് ജോൺ മെത്രപോലീത്ത മറ്റു മെത്രാപോലീത്തന്മാരെ സമീപിച്ചു. ഇതേ തുടർന്നുണ്ടായ തർക്കങ്ങളിൽ മധ്യസ്ഥ ശ്രമങ്ങളൊന്നും വിജയം കണ്ടില്ല.

ഏ. ഡി. 402ൽ എപ്പിപാനിയോസ് കുസ്തന്തീനോസ് പോലീസിലേക്ക് യാത്ര ചെയ്യുകയും ഒറിഗണിന്റെ പാഷാണ്ഡ ഉപദേശത്തെ ചെറുത്ത് തോൽപിക്കുകയും ചെയ്തു. എപ്പിപാനിയോസിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തെ വിശുദ്ധനായി കരുതിയിരുന്നു. അദ്ദേഹം പോകുന്നിടത്തെല്ലാം ധാരാളം ആളുകൾ

അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിന് മണിക്കൂറുകളോളം കാത്തു നിന്നിരുന്നു (Wace & Piercy, 1999).

എപ്പിപാനിയോസിന്റെ രചനകളിലെ രണ്ടു പ്രധാന ഗ്രന്ഥങ്ങളാണ് ഏ. ഡി. 374ൽ എഴുതിയ ആൻകൊറേറ്റസ് (Ancorates or well-anchored) ഏ. ഡി. 377ൽ എഴുതിയ പനാരിയോൺ (panarion or medicine chest). ഇതിൽ ആൻകൊറേറ്റസ് പംഫില്യയിലെ വിശ്വാസികൾ ത്രിത്വത്തെ സംബന്ധിച്ചും പരിശുദ്ധാത്മാവിനെ സംബന്ധിച്ചും സഭയുടെ പഠിപ്പിക്കലുകൾ ആവശ്യപ്പെട്ടപ്പോൾ രചിച്ച ഗ്രന്ഥമാണ്. വിശ്വാസികൾ അറിയോസിന്റെയും മറ്റു വേദവിപരീതികളുടെയും പഠിപ്പിക്കലുകൾ മൂലം ആടിയുലയുമ്പോൾ വിശ്വാസികളെ ഉറപ്പിച്ച് നിർത്തുന്നതിനുള്ള നങ്കൂരമായാണ് ആൻ കൊറേറ്റസ് (wellanchored) രചിച്ചത് (Cayre, 1936). ഈ ഗ്രന്ഥത്തിൽ 121 ഭാഗങ്ങളിലായി ത്രിത്വവിശ്വാസം, ക്രിസ്തുവിന്റെ മനുഷ്യത്വം, പുനരുത്ഥാനം എന്നിവയെ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നു (Wace & Piercy, 1999).

പനാരിയോൺ (Panarion) വേദവിപരീതമെന്ന സർപ്പത്താൽ കടിയേറ്റവരെ സുഖപ്പെടുത്താനുള്ള ഔഷധപ്പെട്ടി (Medicine chest) എന്ന നിലയിൽ രചിച്ച ഗ്രന്ഥമാണ് (Cayre, 1936). അക്കാലത്തു നിലനിന്നിരുന്ന (ആദാം മുതലുള്ള) 80 പാഷാണ്ഡോപദേശങ്ങളെ കുറിച്ച് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ പല ആധികാരിക രേഖകൾ ഉദ്ധരിച്ചിട്ടുണ്ട് (Wace & Piercy, 1999). ഒറിഗണെ ഒരു വേദവിപരീതിയായാണ് പനാരിയോണിൽ പട്ടികപ്പെടുത്തിയിരിക്കുന്നത്.

എപ്പിപാനിയോസിന്റെ പഠിപ്പിക്കലുകളിൽ സഭയുടെ പ്രാധാന്യത്തെപ്പറ്റി ഈന്നിപറയുന്നുണ്ട്. "The Church alone, he says, who received the content of tradition, and it is in her teaching and decisions that the faithful find the truth." അദ്ദേഹം ഇപ്രകാരം പഠിപ്പിക്കുന്നു: അചഞ്ചലമായ വിശ്വാസത്തിന്റെ അടിസ്ഥാനമായ പത്രോസിൻ മേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. എപ്പിപാനിയോസിന്റെ ഓർമ്മ സുറിയാനിസഭ മാർച്ച് 13-ാം തീയതിയും മെയ് 12-ാം തീയതിയും ആഘോഷിക്കുന്നു.

# വിശുദ്ധ സെനോ

## (നാല്/അഞ്ച് നൂറ്റാണ്ട്)

വിശുദ്ധ സെനോ (Zeno) പൊന്തൊസിൻ (Pontus) ജനിച്ചു (Theodoret, 1990; Smith & Wace, 1887). കൈസര്യായിലെ വലിയ മോർ ബസ്സേലിയോസ് അയൽവാസിയായിരുന്നു. സെനൊയുടെ മാതാപിതാക്കന്മാർ സമ്പന്നരായിരുന്നു.

സെനോ, വാലൻസ് ചക്രവർത്തിയുടെ (ഏ. ഡി. 328 - 378, coemperor from ഏ. ഡി. 364) സൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്നു. ആയതിനാൽ സെനോ ജീവിച്ചിരുന്ന കാലഘട്ടം നാലാം നൂറ്റാണ്ടിന്റെ അവസാന പകുതിയോ അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയൊ ആണെന്നനുമാനിക്കാവുന്നതാണ്. മാത്രമല്ല, തിയോഡോറെറ്റ് (Theodoretus, bishop of Cyrus) ഇദ്ദേഹത്തെ സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തിയോഡോറെറ്റിന്റെ കാലഘട്ടം ഏ. ഡി. 393 മുതൽ ഏ. ഡി. 453 വരെയാണെന്ന് ടില്ലിമോണ്ടും (Tillemont) ഏ. ഡി. 457 ലൊ ഏ. ഡി. 458 ലിയോ ചക്രവർത്തിയുടെ ഭരണകാലഘട്ടത്തിലാണ് നിര്യാതനായതെന്ന് മറ്റു ചിലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

വാലൻസ് ചക്രവർത്തിയുടെ മരണശേഷം സെനൊ സൈന്യത്തിലെ ജോലി ഉപേക്ഷിച്ച് സന്യാസവൃതം സ്വീകരിച്ചു. ഈ മനസ്സുതിരിവിൽ മോർ ബേസ്സിലിനു പങ്കുള്ളതായി ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

അന്ത്യോഖ്യക്കു സമീപം ഒരു ഗുഹയിൽ സെനൊ കഠിന തപോനിഷ്ഠകൾ അനുഷ്ഠിച്ച് ജീവിച്ചു. കിടക്കയോ, വിളക്കോ, അടുപ്പോ, പാത്രമോ, കുപ്പിയോ, ഇല്ലാതെ കീറത്തുണിയും വാറില്ലാത്ത ചെരുപ്പുകളും ഉപയോഗിച്ച് അദ്ദേഹം ജീവിച്ചു. തിയോഡോറെറ്റ് സെനൊയെ സന്ദർശിച്ചതിനെ സംബന്ധിച്ച് വളരെ സന്തോഷകരമായ അനുഭവമായി വിവരിച്ചിട്ടുണ്ട്. ഇദ്ദേഹം കർത്തൃദിനത്തിൽ അടുത്തുള്ള ദൈവാലയത്തിൽ പോകുകയും വിശുദ്ധ രഹസ്യങ്ങളിൽ സംബന്ധിക്കുകയും ചെയ്തിരുന്നു.

സന്യാസിയായ സെനൊ രണ്ടു ദിവസത്തിലൊരിക്കൽ ഒരു കഷണം അപ്പം മാത്രം ഭക്ഷിക്കുമായിരുന്നു. അത് അദ്ദേഹത്തിന്റെ പരിചിതരിൽ ഒരാൾ കൊണ്ടുവന്ന് കൊടുത്തിരുന്നു. ആവശ്യത്തിനുള്ള വെള്ളം അല്പം അകലെ നിന്ന് തനിയെ കൊണ്ടുവന്ന് ഉപയോഗിക്കുമായിരുന്നു.

സെനൊ നാല്പതു വർഷത്തോളം താപസജീവിതം നയിച്ചു. ഗ്രന്ഥപാരായണത്തിൽ മുഴുവൻ സമയവും വ്യാപൃതനായിരുന്നു. കുടുംബസ്വത്ത് സെനൊ പൂർണ്ണമായും ഉപേക്ഷിച്ചിരുന്നില്ല, കാരണം, ഇദ്ദേഹത്തിന്റെ സഹോദരങ്ങൾക്ക് പ്രായപൂർത്തിയായിരുന്നില്ല. പിന്നീട് തനിക്കുള്ള സമ്പത്ത് അന്ത്യോഖ്യായിലെ മെത്രാപ്പോലീത്തായായിരുന്ന അലക്സാണ്ടറെ (Patriarch Alexander of Antioch, എ. ഡി. 412-417) ഏൽപിച്ചു. ഒരു ദൈവിക കാര്യസ്ഥനെപോലെ സെനൊ പാത്രിയർക്കീസിനെ സ്വീകരിച്ചിരുന്നു.

ഐസൂരിയൻ (Isaurian) അനേകം പേരെ ഉപദ്രവിക്കുകയും വധിക്കുകയും ചെയ്തപ്പോൾ സെനൊ അതിൽനിന്ന് രക്ഷപ്പെട്ടു. പിന്നീടുള്ള സെനോയുടെ കാര്യങ്ങൾക്ക് വ്യക്തതയില്ല. സന്യാസിയായ സെനൊയുടെ ഓർമ്മ നവംബർ 22-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

## മോർ ബാലായ് മെത്രാപ്പോലീത്ത
### (എ. ഡി. ? - 448?)

ബാൽശിലെ മെത്രാപ്പോലീത്തായായിരുന്ന മോർ ബാലായിയെ സംബന്ധിച്ചുള്ള ചരിത്രരേഖകൾ ചുരുക്കമാണ്. ഇദ്ദേഹം മോർ അഫ്രേമിന്റെ (d. 373) ശിഷ്യനായിരുന്നുവെന്നോ ശിഷ്യന്മാരിൽ ഒരുവന്റെ കീഴിൽ പഠിച്ചുവെന്നോ കരുതപ്പെടുന്നു. ഇദ്ദേഹം ആലപ്പോ പള്ളിയിലെ ഒരു കോർ എപ്പിസ്കോപ്പയായിരുന്നു.

ആലപ്പോ ഭദ്രാസനത്തിന്റെ അക്കാസിയസ് (Acacius) മെത്രാപ്പോലീത്തായുടെ ഒരു ഉത്തമ സഹചാരിയായിരുന്നു മോർ ബാ

ലായി. ഏ. ഡി. 432ൽ മോർ അക്കാസിയസ് മെത്രാപ്പോലീത്താ കാലംചെയ്തു. ഇദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് മോർ ബാലായി അഞ്ച് മദ്രശ്ശോകൾ രചിച്ചിട്ടുണ്ട്. പാത്രിയർക്കീസായിരുന്ന മോറാൻ ബർശുശാന്റെ (d. 1073) വിവരണമനുസരിച്ച് മോർ ബാലായി ബാൽശ് (today known as Maskanal) എന്ന പട്ടണത്തിന്റെ മെത്രാപ്പോലീത്തയായിരുന്നു (Aphrem, 2000). ബാൽശ് പട്ടണം ആലപ്പോയ്ക്കു തെക്കു കിഴക്കായി സ്ഥിതിചെയ്യുന്നു.

അഞ്ചാം തൂബ്ദേനിൽ അനുസ്മരിക്കുന്ന മോർ ബാലായി അഞ്ചാം നൂറ്റാണ്ടിന്റെ അഞ്ചാം ദശകത്തിൽ കാലം ചെയ്തതായി കരുതപ്പെടുന്നു. ഈ നിഗമനത്തിനടസ്ഥാനം ഏ. ഡി. 449 ലും ഏ. ഡി. 451ലും ചേർന്ന സുന്നഹദോസുകളിൽ പങ്കെടുത്തവരിൽ ഇദ്ദേഹത്തിന്റെ പേര് കാണുന്നില്ല എന്നുള്ളതാണ് (അുവ്യലാ, 2000). ഇദ്ദേഹമെഴുതിയ ബോവൂസോകളും ഗാനങ്ങളും സുറിയാനിസഭയിലെ ആരാധനാക്രമങ്ങളുടെ ഭാഗമായി തീർന്നിട്ടുണ്ട്.

## ഇസഹാക്ക് മല്പാൻ
**(ഏ. ഡി. ? - 491?)**

ഇസഹാക്ക്, ഉറഹായിൽ ജനിക്കുകയും അന്ത്യോഖ്യയിൽ (Modern Antakya, Turkey) സ്ഥിരതാമസമാക്കുകയും ചെയ്ത പുരോഹിതനാണ് (അുവ്യലാ ക, 2000). ഇസഹാക്കിന്റെ ഗുരുവായ സിനോബിയസ് സുറിയാനിക്കാരനായ അഫ്രേമിന്റെ ശിഷ്യനായിരുന്നു. ഉറഹായുടെ ദിനവൃത്താന്തത്തിൽ ഇസഹാക്ക് ഫൊനിക്ക്യയിലെ ഗബാലയിലെ ഒരു ദയറാധിപനായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (Smith & Wace, 1882).

ചില ചരിത്രകാരന്മാർ അന്ത്യോഖ്യയിലെ ഇസഹാക്ക് മല്പാനെ പരാമർശിച്ച് മെസപ്പൊട്ടോമ്യയിലെ ആമീദിൽ (ഡയർബക്കർ) (modern Erzurum, Turkey) ജനിച്ചുവെന്നും. ഏ. ഡി. 460ൽ നിര്യാതനായി എന്നും തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട് (Smith & Wace, 1882; Cayre, 1935). ഈ തെറ്റ് അന്ത്യോഖ്യക്കാരൻ ഇസ

ഹാക്ക് മല്പാനെ ആമീദുകാരൻ ഇസഹാക്കെന്ന പുരോഹിത നായി തെറ്റിദ്ധരിച്ച് പൗരസ്ത്യ ദേശക്കാർ എഴുതിയതാണെന്ന് അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ തെളിയിച്ചിട്ടുണ്ട്. ആമീദുകാരൻ ഇസഹാക്കിന്റെ കാലഘട്ടം ഏ. ഡി. 363 മുതൽ ഏ. ഡി. 418 വരെയാണെന്നാണ് അനുമാനം.

പൗരസ്ത്യദേശക്കാർ ഇസഹാക്ക് മല്പാൻ ഏ. ഡി. 460 ൽ നിര്യാതനായി എന്നു പറയുന്നതും ശരിയല്ല കാരണം ആമീദിലെ ഇസഹാക്ക് (ഏ. ഡി. 363)ൽ സുറിയാനിക്കാരനായ അഫ്രേമിനോടു കൂടെ സഹവസിച്ചിട്ടുണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. അന്ന് അദ്ദേഹത്തിന് 20 വയസ്സിനോടടുത്ത് പ്രായമുണ്ടായിരുന്നു. അങ്ങനെയെങ്കിൽ ആമീദിലെ ഇസഹാക്കിന്റെ ജനനം ഏ. ഡി. 343 ൽ ആണെന്ന് അനുമാനിക്കാം. ആമീദിലെ ഇസഹാക്ക് ഏ. ഡി. 460ൽ നിര്യാതനായെന്ന് തർക്കത്തിനുവേണ്ടി സ്വീകരിച്ചാൽ അദ്ദേഹം 117 വയസ്സുവരെ ജീവിച്ചിരുന്നിരിക്കണം. ഇപ്രകാരം വൃദ്ധനായ ഒരു പുരോഹിതൻ ജീവിച്ചിരുന്നതായി ആരും രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, ചരിത്രകാരനായ ഉറഹായിലെ യാക്കോബിന്റെ വിവരണമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്.

സുറിയാനിക്കാരനായ മോർ അഫ്രേമിനെപോലെ ഒരു അനുഗ്രഹീത എഴുത്തുകാരനായിരുന്നു ഇസഹാക്ക് മല്പാൻ. ഇദ്ദേഹത്തെ മഹാനായ ഇസഹാക്ക് എന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഉറഹായിലെ മോർ യാക്കോബ് ഇദ്ദേഹത്തെ പുരോഹിതനും, മല്പാനും, കവിയുമെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഇദ്ദേഹം ഏ. ഡി. 431ലെ എഫെസോസ് സുന്നഹദോസിന് സാക്ഷ്യം വഹിച്ചു (Aphrem I, 2000). പരിശുദ്ധ പത്രോസ് രണ്ടാമൻ (Peter the Fuller) പാത്രിയർക്കീസ് ബാവായുടെ കാലഘട്ടത്തിൽ ഇസഹാക്ക് മല്പാൻ അന്ത്യോഖ്യയിലേക്ക് യാത്രചെയ്തു (Cayre, 1935).

ഇസഹാക്ക് മല്പാന്റെ 200 കൃതികളിൽ 37 എണ്ണം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ (Cayre, 1935). അവയിൽ ചിലതാണ്: നെസ്തോറിനും യൂത്തിക്കോസിനും എതിരായി എഴുതിയ ഖണ്ഡനഗ്രന്ഥങ്ങൾ, ഏ. ഡി. 459ൽ അന്ത്യോഖ്യയിലുണ്ടായ ഭൂമികുലുക്കത്തെ പരാമർശിച്ചെഴുതിയ ദീർഘമായ വിലാ

പഗാനം (Smith & Wace, 1882; Aphrem I, 2000), സന്യാസത്തെ സംബന്ധിച്ചും, തിരുശേഷിപ്പുകളുടെ വണക്കവും വിശുദ്ധ ദിവസങ്ങളുടെ ആചരണവും, പിശാചിനെ ഭയപ്പെടുത്തുന്നതിന് ശിശുസ്നാനത്തിന്റെ അനിവാര്യത, ദൈവത്തിന്റെ അനുവാദമില്ലാതെ സാത്താനു നമ്മുടെ മേൽ (നമ്മെ പരീക്ഷിക്കാൻ) അധികാരമില്ല എന്നതിനെ സംബന്ധിച്ച്, പുരോഹിതന്മാർ പ്രായശ്ചിത്തം കല്പിക്കുമ്പോൾ സഭയിൽ നിന്നും പുറത്താക്കുന്ന ശിക്ഷ നൽകരുതെന്നും ശാരീരികപ്രായശ്ചിത്തമേ ചുമത്താവൂ എന്നും നിർദ്ദേശിക്കുന്നു.

അന്ത്യോഖ്യാക്കാരൻ ഇസഹാക്ക് മല്പാന്റെ ഓർമ്മ ഒക്ടോബർ 14-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

## ശെമവൂൻ കൂക്കോയോ

**(ഏ. ഡി. ? - 514)**

ശെമവൂൻ, ഹാരീം (Harim) എന്ന ഗ്രാമത്തിനടുത്തുള്ള ഗെശീർ (Geshir o Kishir, in the province of Antioch) എന്ന സ്ഥലത്തെ ഒരു ശെമ്മാശനായിരുന്നു. ശെമവൂൻ ശെമ്മാശൻ കളിമൺ പാത്രങ്ങളുടെ നിർമ്മാണത്തിൽ വ്യാപൃതനായിരുന്നു. ܩܘܩܝܐ എന്ന സുറിയാനി പദത്തിന് കളിമൺ പാത്രം നിർമ്മിക്കുന്നവൻ എന്നർത്ഥമാണുള്ളത്. കൂക്കോയോ എന്ന അപരനാമത്തിൽ ശെമവൂൻ അറിയപ്പെടുന്നതിനുള്ള കാരണമിതാണ്.

കളിമൺ പാത്രം നിർമ്മിക്കുമ്പോൾ ശെമവൂർ ശെമ്മാശൻ നല്ല രാഗത്തിൽ ഗാനങ്ങൾ പാടിയിരുന്നു. ഈ ഗാനങ്ങളിൽ ചിലത് ഹാരീമിലെ സന്യാസ ആശ്രമത്തിലെ സന്യാസികൾ രേഖപ്പെടുത്തി സാരൂഗിലെ മോർ യാക്കോബിന്റെ (ഏ. ഡി. 451 - 521) അടുക്കൽ കൊണ്ടു വന്നു. മോർ യാക്കോബ് ശെമവൂൻ ശെമ്മാശന്റെ ഗാനരചനയെ പ്രോത്സാഹിപ്പിച്ചു. അദ്ദേഹം ശെമവൂനെ നേരിൽ കണ്ട് അഭിനന്ദിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്തു.

ശെമവൂൻ രചിച്ച സുറിയാനി ഗാനങ്ങളുടെ ഗ്രീക്കു പരിഭാഷ അന്ത്യോഖ്യ പാത്രിയർക്കീസായിരുന്ന മോർ സേവേറിയോസിനെ (ഏ. ഡി. 459 – 538) കാണിക്കുകയും പരിശുദ്ധ ബാവ കൂടുതൽ ഗാനങ്ങൾ രചിക്കുന്നതിന് ശെമവൂനോട് ആവശ്യപ്പെടുകയും ചെയ്തു.

ശെമവൂൻ നിർമ്മല ജീവിതം നയിക്കുന്നവനും വിജ്ഞാനിയുമായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ഗാനരചനയെ സഹായിച്ചു. ഉറഹായിലെ മെത്രാപ്പോലീത്തായായിരുന്ന മോർ യാക്കോബ് (ഏ. ഡി. 640 – 708) എഴുതിയ ചരിത്രത്തിൽ നിന്നാണ് ശെമവൂൻ കൂക്കോയോയുടെ ചരിത്രം ലഭ്യമായിട്ടുള്ളത് (Aphrem I, 2000).

ശെമവൂൻ കൂക്കോയോ രചിച്ച ഗാനങ്ങളുടെ പ്രധാന വിഷയങ്ങളാണ് – – കർത്താവിന്റെ ജനനം, അത്ഭുതപ്രവർത്തികൾ, കുരിശുമരണം, ഉയിർത്തെഴുന്നേൽപ്, കന്യകമറിയം, വിശുദ്ധന്മാർ, പ്രവാചകന്മാർ എന്നിവ. കർത്താവിന്റെ ജഡധാരണത്തെ സംബന്ധിച്ച ഏഴ് പദ്യങ്ങൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട് (De Lacy O' Leary, 2002).

## ദമസ്കൊസുകാരൻ വിശുദ്ധ യൂഹാനോൻ
### (ഏ. ഡി. 675/76 – 749/50)

സിറിയയിലെ ദമസ്കൊസുകാരൻ വി. യൂഹാനോന്റെ (John of Damascus) ജീവചരിത്രം ലഭ്യമായത് പത്താം നൂറ്റാണ്ടിൽ യെരുശലേം പാത്രിയർക്കീസായിരുന്ന യൂഹാനോനിൽ നിന്നാണ്. യൂഹാനോൻ ദമസ്കൊസിലെ ഒരു സമ്പന്ന ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. (Smith & Wace, 1882; Cayre, 1940). ഇദ്ദേഹത്തിന്റെ പിതാവ് യൂഹാനോൻ, അബ്ദുൾ മാലേക്ക് (Abdul Malek, 685-705) എന്ന കാലിഫിന്റെ ധനകാര്യചുമതല (ക്രിസ്ത്യാനികളിൽ നിന്ന് കരം പിരിച്ചെടുക്കുന്ന) വഹിക്കുകയും രാജസദസ്സിൽ ക്രിസ്ത്യാനികളെ പ്രതിനിധീകരിക്കുകയും

ചെയ്തിരുന്നു. (White, 1991). പിതാവായ യൂഹാനോന് അറബികൾ അൽമൻസൂർ (Almansur) എന്ന ഇരട്ടപ്പേര് വിളിച്ചിരുന്നു. പിന്നീട് ഈ ഇരട്ടപ്പേരിൽ മകനായ യൂഹാനോനും അറിയപ്പെട്ടു (Smith & Wace, 1882).

യൂഹാനോൻ ശിശുവായിരുന്നപ്പോൾ സ്നാനമേറ്റു. കോസ്മോസ് എന്ന സിസിലിയൻ സന്യാസിയായിരുന്നു യൂഹാനോന്റെ അധ്യാപകൻ. ക്രിസ്ത്യാനികൾ കരം കൊടുക്കുന്നതിനാൽ അറബികൾ അവർക്ക് കുറെയൊക്കെ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കാലിഫ് യാസിദ് രണ്ടാമന്റെ (Yazid II) കാലഘട്ടത്തിൽ (ഏ. ഡി. 719 – 723) മകനായ യൂഹാനോനും സർക്കാരിൽ പിതാവിനെക്കാൾ ഉന്നതമായ ചുമതലകൾ (Vizier) നിർവ്വഹിച്ചിരുന്നു (Smith & Wace, 1882). ഏ. ഡി. 715 നോടടുത്ത് യൂഹാനോൻ ദമസ്കൊസിലെ സ്വഭവനം വിട്ട് യെരുശലേമിനടുത്തുള്ള വിശുദ്ധ സെബാസിന്റെ (St. Sebas) ദയറായിൽ അന്തേവാസിയായി (Bihlmeyer & Tuchle, 1963). ഏ. ഡി. 726ൽ സന്യാസിയായി (White, 1991). ഉദ്ദേശം ഏ. ഡി. 730ൽ യെരൂശലേം പാത്രിയർക്കീസ് ജോൺ അഞ്ചാമൻ യൂഹാനോനെ പുരോഹിതനാക്കി (Cross & Livingstone, 1974).

പള്ളികളിൽ ചിത്രങ്ങളും രൂപങ്ങളും ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഏ. ഡി. 717 മുതൽ 843 വരെ തർക്കങ്ങളുണ്ടായി (Gr. eikonoklastes-image-breaker, iconoclastic controversy) എന്നാൽ സലാമിസിലെ വി. എപ്പിപ്പാനിയോസ് (ഏ. ഡി. 315 – 403) ചിത്രങ്ങളും രൂപങ്ങളും പള്ളികളിൽ ഉപയോഗിക്കുന്നതിനെ ശക്തമായി എതിർത്തിരുന്ന സഭാപിതാവാണ് (Douglas, 1978).

ക്രിസ്തുവിന്റെയും മാതാവിന്റെയും രക്തസാക്ഷികളുടെയും രൂപങ്ങളും പടങ്ങളും ഉണ്ടാക്കുന്നത് വിഗ്രഹാരാധനയാണ്. ക്രിസ്തു ഇത് ആവശ്യപ്പെട്ടിട്ടില്ല. വിശുദ്ധഗ്രന്ഥം ഇത് വിലക്കിയതാണ്. ഇതു സംബന്ധിച്ച് വി. എപ്പിപ്പാനിയോസ് തിയഡോഷ്യസ് ചക്രവർത്തിക്കെഴുതി: 'ക്രിസ്തീയ സഭയിൽ രൂപങ്ങൾ ഉണ്ടാക്കുന്നതു തടയാൻ രാജാധികാരം ഉപയോഗിക്കണം. ദൈവാലയങ്ങളിലെ രൂപങ്ങളെല്ലാം മാറ്റണം. പുതുതായി ഒന്നും ഉണ്ടാക്കാൻ അനുവദിക്കരുത്.' തന്റെ വിൽപത്രത്തിൽ അദ്ദേഹം ഇപ്രകാരം എഴുതി. 'ദൈവത്തിന്റെ ഛായ ഹൃദയ

ത്തിലാണ് പേറേണ്ടത്. പള്ളിയിലെങ്ങും രൂപങ്ങൾ വയ്ക്കാൻ പാടില്ല' (Chediath, 2006).

ഏ. ഡി. 400 600 കാലഘട്ടത്തിൽ ചിത്രങ്ങളും രൂപങ്ങളും പള്ളികളിൽ വ്യാപകമായി ഉപയോഗത്തിലിരുന്നു. ഏ. ഡി. 725/26 ൽ ലിയോ മൂന്നാമൻ ചക്രവർത്തി പടങ്ങളും രൂപങ്ങളും ഉണ്ടാക്കുന്നതിനെയും വന്ദിക്കുന്നതിനെയും നിയമംമൂലം നിരോധിച്ചു (Smith & Wace, 1882). റോമിലെ ഗ്രിഗറി രണ്ടാമനും മൂന്നാമനും ചക്രവർത്തിയുടെ നിരോധന ഉത്തരവിനെ പാഷാണ്ഡതയായി പ്രഖ്യാപിച്ചു (Douglas, 1978). തർക്കങ്ങളും, എതിർപ്പുകളും കൊടുംപിരികൊണ്ടിരിക്കുമ്പോൾ യൂഹാനോൻ യെരുശലേം പാത്രിയർക്കീസിന്റെ പ്രതിനിധി എന്ന നിലയിൽ പലസ്തീനിലായിരുന്നു.

പുരോഹിതനായ യൂഹാനോന്റെ അഭിപ്രായത്തിൽ തിരുവെഴുത്തനുസരിച്ച് വിഗ്രഹങ്ങൾ മാത്രമെ നിരോധിച്ചിട്ടുള്ളു. ഇദ്ദേഹത്തിന്റെ എഴുത്തുകൾ താഴെ കാണുന്ന പ്രകാരം സംഗ്രഹിക്കാം (Cayre, 1940). "It is impossible and impious to picture God, but not Christ, the virgin, the Saints and those angels who have appeared in human form. It is permitted to do so; idols alone are forbidden in the scriptures. The advantages of images and their veneration are many. They teach and recall the divine gifts, they nourish piety, they are also canals of grace, a kind of medium between their prototype and the faithful, even possessing a certain instrumentality in the granting of graces from high" (Cayre, 1940, pp. 328-329).

പുരോഹിതനായ യൂഹാനോൻ ഏറെ വിനീതനും, അനുസരണവുമുള്ള ഒരു സന്യാസിയായാണ് അറിയപ്പെടുന്നത്. ഇദ്ദേഹത്തിന്റെ സഭയോടും, വി. ദൈവമാതാവിനോടും, വിശുദ്ധന്മാരോടുമുള്ള ആദരവും ഭക്തിയും പ്രശംസനീയമാണ്. കുസ്തന്തീനോസ്പോലീസിലെ ചക്രവർത്തിയായ ലിയോ ഈസോറിയൻ (Leo, the Isaurian) പ്രതിമാ വന്ദകരെ പീഡിപ്പിക്കാൻ ആരംഭിച്ചപ്പോൾ പുരോഹിതനായ യൂഹാനോൻ അതിനെ ശക്തമായി എതിർത്തു. യൂഹാനോന്റെ വലതുകരം ചക്രവർത്തി വെട്ടിമാറ്റിയെന്നും വി. ദൈവമാതാവിന്റെ മധ്യസ്ഥതയാൽ കൈ സുഖപ്പെട്ടുവെന്നും ഐതിഹ്യമുണ്ട് (Smith & Wace, 1882; Hoever, 1989).

ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഉപയോഗിക്കുന്ന ഏതാനും പ്രാർത്ഥനകൾ വൈദികനായ യൂഹാനോൻ എഴുതി യുട്ടുള്ളതാണ്. എട്ടു നിറങ്ങളിലായി ആലപിക്കുന്ന ഗാനങ്ങൾ ഉറഹായിലെ യാക്കോബും, തെഗ്രീസിലെ അന്ത്രയോസ്സും, ദമസ് കൊസിലെ യൂഹാനോനും, കോസ്മോസും രചിച്ചിട്ടുള്ളതാണ് (Aphrem I, 2000). യൂഹാനോൻ നിര്യാതനായത് ഏ. ഡി. 750ൽ ആണെന്നു കരുതപ്പെടുന്നു. 12-ാം നൂറ്റാണ്ടിലെ ജോൺ ഫോ കാസിന്റെ (John Phocas) വിവരണത്തിൽ യൂഹാനോൻ സെന്റ് സെബാസിന്റെ ആശ്രമത്തിൽ (യെരൂശലേമിന് പത്തു മൈൽ തെക്കു കിഴക്കു മാറി സ്ഥിതിചെയ്യുന്നു) സെന്റ് സെബാസിന്റെ കബറിടത്തിനരികിൽ കബറടക്കപ്പെട്ടു. പിന്നീട് തിരുശേഷിപ്പു കൾ കുസ്തന്തീനോസ്പോലീസിലേക്കു മാറ്റുകയുണ്ടായി (Smith &Wace, 1882). പുരോഹിതനായ വി. യൂഹാനോന്റെ ഓർമ്മ ഡി സംബർ 4-ാം തീയ്യതി സുറിയാനിസഭ ആചരിക്കുന്നു. ഇദ്ദേഹ ത്തിന്റെ ഓർമ്മ മെയ് 6, നവംബർ 29 എന്നീ തീയതികളിലും ആചരിച്ചുവരുന്നുണ്ട്.

## പരിശുദ്ധനായ മോർ കൂറീലോസ് യൂയാക്കീം ബാവ

(ഏ. ഡി. 1818 - 1874)

മോർ കൂറീലോസ് യൂയാക്കീം ബാവ 1818ൽ തുർക്കിയിലെ തുറബ്ദീനിലുള്ള ഹബബ് പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് മൽക്കി ബാർ ഇസ്രായേൽ എന്നായിരുന്നു. ഇദ്ദേഹത്തിന് ഏലിയ, ഇസ്രായേൽ, മൊർദ്ദേക്കായ്, സ്ക്കറിയ, ഗബ്രിയേൽ എന്നീ അഞ്ച് സഹോദരന്മാരും സത്ത, ഹെദ്ന എന്നീ രണ്ട് സഹോദരികളും ഉണ്ടായിരുന്നു.

ബാല്യത്തിൽ തന്നെ യൂയാക്കീം ആത്മിക കാര്യങ്ങൾ ഉത്സാഹത്തോടെ നിർവ്വഹിച്ചിരുന്നു. മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ സുറിയാനി ഭാഷയും ദൈവശാസ്ത്രവും അഭ്യസിച്ചു. 1845 ൽ പരിശുദ്ധ ഏലിയാസ്

ദ്വിതീയൻ പാത്രിയർക്കീസ് ബാവ (1838-1847) യൂയാക്കീം റമ്പാച്ചനെ മോർ കൂറീലോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

മേൽപ്പറഞ്ഞ കാലഘട്ടത്തിൽ മലങ്കരയിലെ സുറിയാനി സഭയുടെ വിശ്വാസസത്യങ്ങൾ വ്യത്യാസപ്പെടുത്തുന്നതിന് ഇംഗ്ലീഷ് മിഷനറിമാർ ചേപ്പാട് മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായിൽ ശക്തമായ പ്രേരണ ചെലുത്തിക്കൊണ്ടിരുന്നു. വി. കുർബ്ബാന തക്സായിൽ നിന്ന് പരേതർക്കായുള്ള പ്രാർത്ഥനകൾ നീക്കം ചെയ്യുക, വി. ദൈവമാതാവിനോടും പരിശുദ്ധന്മാരോടുള്ള മധ്യസ്ഥപ്രാർത്ഥന നീക്കം ചെയ്യുക തുടങ്ങിയവയായിരുന്നു മിഷനറിമാർ ആവശ്യപ്പെട്ടത്. കൽക്കട്ട ബിഷപ്പ് ഡാനിയേൽ വിത്സൺ 1835 ൽ കോട്ടയത്തു വന്ന് ഈ കാര്യങ്ങൾക്ക് നേതൃത്വം നൽകി (Curian, 1982).

മാരാമൺ പാലക്കുന്നത്ത് അബ്രഹാം മല്പാൻ മിഷനറിമാരോട് സഹകരിക്കുകയും അവരുടെ വക്താവായി മാറുകയും ചെയ്തു. ഇതിനെതിരെ ചേപ്പാട് മോർ ദീവന്നാസിയോസിന്റെ സഹകരണത്തിൽ 1836 മകരം 5-ാം തീയതി മാവേലിക്കരയിൽവച്ച് ഒരു യോഗം ചേർന്ന് ഉടമ്പടി അംഗീകരിച്ചു. ഇതാണ് മാവേലിക്കര പടിയോല എന്നറിയപ്പെട്ടത്. ആ പടിയോലയിൽ സുറിയാനിക്കാരായ ഞങ്ങൾ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴിലുള്ളവരാകുന്നുവെന്നും ഞങ്ങളുടെ പള്ളിക്രമങ്ങൾ പരിശുദ്ധ പിതാക്കന്മാരാൽ ക്രമീകരിക്കപ്പെട്ടവയാകുന്നുവെന്നും പ. പാത്രിയർക്കീസ് ബാവായുടെ അനുവാദമില്ലാതെ ഭേദഗതികൽ പാടില്ലെന്നും തീരുമാനിച്ചു (Aphrem Paulose, 1964).

മേൽപ്പറഞ്ഞ ഉടമ്പടിക്കു വിരുദ്ധമായി ഇംഗ്ലീഷുകാർ പ്രവർത്തിച്ചതിന്റെ ഫലമായി ചേപ്പാട്ട് മോർ ദീവന്നാസിയോസ് ഇവിടുത്തെ കാര്യങ്ങൾ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ ബാവായെ അറിയിച്ചു. ഈ പ്രവർത്തനങ്ങളിൽ ഇടവഴിക്കൽ ബഹുമാനപ്പെട്ട ഫീലിപ്പോസ് കശ്ശീശ ശക്തമായ പിന്തുണ നൽകി.

ഈ കാലഘട്ടത്തിൽ മാരാമൺ സ്വദേശിയായ പാലക്കുന്നത്ത് മാത്തച്ചന്റെ പുത്രൻ മാത്യൂസ് ശെമ്മാശനെ ജനങ്ങളുടെ

അപേക്ഷയെന്ന രീതിയിൽ മർദ്ദീനിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ അയച്ചു. പ. ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവാ 1842 ഫെബ്രുവരി 2-ാം തീയതി മാത്യൂസ് ശെമ്മാശനെ പൗരോഹിത്യസ്ഥാനങ്ങൾ നൽകി മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു. ഇദ്ദേഹമാണ് മാർത്തോമാ സഭയുടെ പ്രാരംഭകൻ.

നിയമാനുസൃതമല്ലാതെ വാഴിക്കപ്പെട്ട മാത്യുസ് അത്താനാസിയോസ് നവീകരണക്കാരോട് ചേർന്ന് പ്രവർത്തിക്കുന്നതിനാരംഭിച്ചു. മാത്യൂസ് അത്താനാസിയോസിനെ സംബന്ധിച്ചുള്ള പരാതികൾ പരിശുദ്ധ പാത്രിയർക്കീസ് ബാവ മനസ്സിലാക്കിയപ്പോൾ അതേക്കുറിച്ചന്വേഷിക്കുന്നതിന് മോർ കൂറീലോസ് യൂയാക്കീം ബാവ മലങ്കരയിലേക്ക് അയയ്ക്കപ്പെട്ടു 1846 ചിങ്ങമാസം 26-ാം തീയതി മോർ കൂറിലോസ് യൂയാക്കീം ബാവാ സ്വസഹോദരനായ ഇസ്രയേലിനോടൊന്നിച്ച് കൊച്ചിയിൽ എത്തിച്ചേർന്നു. ചേപ്പാട്ട് മോർ ദീവന്നാസിയോസിന്റെ നേതൃത്വത്തിൽ മലങ്കരസഭയിലെ സത്യവിശ്വാസികൾ മോർ കൂറിലോസ് ബാവായെ സ്വീകരിച്ചു. മോർ കൂറീലോസ് ബാവാ മാത്യൂസ് അത്താനാസിയോസിനെ സംബന്ധിച്ചുള്ള പരാതികൾ കേൾക്കുകയും അദ്ദേഹം കുറ്റക്കാരനാണെന്ന് ബോധ്യമായതിനാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ കൊടുത്തയച്ചിരുന്ന മുടക്കു കല്പന പരസ്യപ്പെടുത്തുകയും ചെയ്തു.

മുടക്കിനെ തുടർന്ന് മാത്യൂസ് അത്താനാസിയോസ് പ്രൊട്ടസ്റ്റന്റുകാരെ ശരണം പ്രാപിച്ചു. അവരുടെ സ്വാധീനത്താൽ 1848 ജൂൺ 9-ാം തീയതി തിരുവിതാംകൂർ രാജാവിനെകൊണ്ട് മാത്യൂസ് അത്താനാസിയോസ് നിയമാനുസൃത മെത്രാപ്പോലീത്തായാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. മാത്യൂസ് അത്തനാസിയോസിന്റെ സ്വാധീനം മൂലം അന്നത്തെ ബ്രിട്ടീഷ് റസിഡന്റ്, വിദേശ മെത്രാന്മാർ തിരുവിതാംകൂറിലും കൊച്ചിയിലും പ്രവേശിക്കരുതെന്ന നിരോധന ഉത്തരവ് പുറപ്പെടുവിച്ചു. ഇതേ തുടർന്ന് 1849 ജനുവരി 8-ാം തീയതി മോർ കൂറിലോസ് ബാവാ കോട്ടയത്തുനിന്ന് കൊച്ചിയിലേക്ക് പോകുന്നതിന് നിർബ്ബന്ധിതനായി (Aphrem Paulose, 1964). മോർ കൂറിലോസ് ബാവാ

ഫോർട്ട് കൊച്ചിയിൽ താമസിക്കുകയും അവിടെ ഒരു പള്ളി പണിയിക്കുകയും ചെയ്തു.

പുതിയ സംഭവവികാസങ്ങൾ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് രണ്ടാമൻ (1847-1871) ബാവാ അറിഞ്ഞപ്പോൾ മോർ അത്താനാസിയോസ് സ്തേഫാനോസ് ബാവായെ മലങ്കരയിലേക്കയച്ചു. ഇദ്ദേഹം 1849 ഫെബ്രുവരിയിൽ കൊച്ചിയിലെത്തി. സാഹചര്യങ്ങൾക്കു മാറ്റം വരാത്തതിനാൽ മോർ അത്താനാസിയോസ് സ്തേഫാനോസ് ബാവാ 1852 സെപ്തംബർ 1-ാം തീയതി കൽക്കട്ട വഴി ലണ്ടനിലെത്തി ഈസ്റ്റ് ഇന്ത്യാ കമ്പനി ഡയറക്ടേഴ്സ് കോടതിയിൽ പരാതിപ്പെടുകയും 1857ൽ നിരോധന ഉത്തരവ് റദ്ദാക്കുകയും ചെയ്തു. തുടർന്ന് മോർ കൂറിലോസ് ബാവായ്ക്ക് മലങ്കരയിൽ യഥേഷ്ടം സഞ്ചരിക്കുന്നതിന് സ്വാതന്ത്ര്യം ലഭിച്ചു. നവീകരണ ശ്രമങ്ങളെ പരാജയപ്പെടുത്തിയും പുതിയ പള്ളികൾ പണികഴിപ്പിച്ചും മോർ കൂറീലോസ് യൂയാക്കീം ബാവാ സത്യവിശ്വാസം സംരക്ഷിച്ചു.

മാത്യൂസ് അത്താനാസിയോസ് കോട്ടയം സെമിനാരി പ്രസ്സിൽ നിന്നും അച്ചടിപ്പിച്ച നമസ്കാര പുസ്തകത്തിൽ 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചേർത്തിരുന്നില്ല. അതിനാൽ മോർ കൂറീലോസ് ബാവാ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ കോഴിക്കോട്ടയച്ച് നമസ്കാര പുസ്തകത്തിന്റെ 2000 കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്തു. വൈദ്യശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും പണ്ഡിതനായിരുന്ന ബാവാ പലരേയും ചികിത്സിച്ച് സുഖപ്പെടുത്തി. സുറിയാനി, അറബി ഭാഷകളിൽ നിപുണനായിരുന്ന ബാവാ 28 വർഷത്തെ മലങ്കരയിലെ താമസത്തിനിടയിൽ മലയാള ഭാഷയും പഠിക്കുകയുണ്ടായി.

മലങ്കരയുടെ ഊർശ്ലേമെന്നറിയപ്പെടുന്ന മുളന്തുരുത്തി പള്ളിയിലായിരുന്നു മോർ കൂറീലോസ് ബാവാ കൂടുതൽ കാലം ചെലവഴിച്ചത്. മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകയിലെ ചാത്തുരുത്തിൽ ഗീവറുഗീസ് ശെമ്മാശന് കശ്ശീശാ സ്ഥാനവും (1865) പിന്നീട് കോർ എപ്പിസ്കോപ്പാസ്ഥാനവും നൽകിയത് മോർ കൂറീലോസ് ബാവായാണ്. ഈ ഇടവകയിലെ തന്നെ കൊച്ചുപറമ്പിൽ ഈലോസിന് 1860ൽ ശെമ്മാശപട്ടം നൽകി

യതും (പിന്നീട് മോർ കൂറിലോസ് പൗലോസ്, പാണംപടി, d. 1917) മോർ കൂറീലോസ് യൂയാക്കീം ബാവായാണ്. മേൽപ്പറഞ്ഞ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെയും (d. 1902) കൊച്ചുപറമ്പിൽ മോർ കൂറീലോസ് തിരുമേനിയുടെയും ആത്മിക വളർച്ചയ്ക്കുള്ള പ്രചോദനം മോർ കൂറീലോസ് യൂയാക്കീം ബാവായുമായുള്ള സഹവാസമായിരുന്നു.

മലങ്കരസഭയിൽ 28 വർഷം സ്തുത്യർഹമായ സേവനങ്ങൾ നിർവ്വഹിച്ച മോർ കൂറീലോസ് യൂയാക്കീം ബാവ 1874 സെപ്തംബർ 2-ാം തീയതി കാലംചെയ്ത് മുളന്തുരുത്തി മാർത്തോമൻ പള്ളിയുടെ വടക്കുവശത്ത് കബറടക്കപ്പെട്ടു. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നമ്പർ E214/08 (dated 10-10-2008) കല്പന പ്രകാരം ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഇദ്ദേഹത്തിന്റെ ഓർമ്മ പെരുന്നാൾ സെപ്തംബർ 2-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## പരിശുദ്ധനായ<br>മോർ കൂറീലോസ് പൗലോസ് തിരുമേനി

**(എ. ഡി. 1850 - 1917)**

തൊഴുപ്പാടൻ വർക്കി കുര്യന്റെയും തോപ്പിൽ സ്കറിയ കത്തനാരുടെ മകൾ അന്നയുടെയും മൂന്നാമത്തെ മകനായ പൗലോസ് 1850 ഡിസംബർ 4-ാം തീയതി ജനിച്ചു. രണ്ടാമത്തെ മകൻ സ്കറിയാ ശെമ്മാശൻ 13-ാമത്തെ വയസ്സിൽ നിര്യാതനായി.

പൗലോസ് ബഹുമാനപ്പെട്ട പള്ളത്തിട്ടയിൽ ഗീവറുഗീസ് മല്പാന്റെയും കൂനപ്പിളിൽ ഗീവറുഗീസ് അച്ചന്റെയും കീഴിൽ സുറിയാനി അഭ്യസിച്ചു. 1860 ൽ മോർ കൂറീലോസ് യുയാക്കീം ബാവാ പൗലോസിന് ശെമ്മാശപട്ടം നൽകി. 1866 ഡിസംബറിൽ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിൽ നിന്നു കശീശാസ്ഥാനമേറ്റു. 1867 ജനുവരി 7-ാം തീയ്യതി കണ്ടനാട് വിശുദ്ധ മർത്തമറിയം പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിച്ചു.

പാലക്കുന്നത്തു മാത്യൂസ് അത്താനാസിയോസിന്റെ പൗരോഹിത്യ സ്ഥാനത്തിന്റെ സാധുതയെ സംബന്ധിച്ച് തർക്കമുണ്ടായ പശ്ചാത്തലത്തിൽ 1873 ചിങ്ങമാസത്തിൽ പരുമലയിൽ കൂടിയ പള്ളിപ്രതിപുരുഷയോഗ തീരുമാനപ്രകാരം 1873 കന്നി 2-ാം തീയതി തൊഴുപ്പാടൻ പൗലോസ് കത്തനാർക്ക് പരുമലപള്ളിയിൽവച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി അഴിച്ച് പട്ടം കൊടുത്തു. തുടർന്ന് മുളന്തുരുത്തി പള്ളി വികാരിയായി ചുമതലയേറ്റു.

ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാച്ചൻ ഈ കാലഘട്ടത്തിൽ വെട്ടിക്കൽ കുരിശുപള്ളിയിൽ താമസിച്ച് ദയറാജീവിതം നയിക്കുന്നുണ്ടായിരുന്നു. പൗലോസ് കത്തനാരും ദയറാജീവിതത്തിൽ തല്പരനായിരുന്നതിനാൽ ചാത്തുരുത്തിൽ റമ്പാച്ചന്റെ സഹിത്വം ഏറെ ഇഷ്ടമായി.

1875 ൽ മലങ്കരയിലെഴുന്നെള്ളിയ പരിശുദ്ധ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തിയിൽ താമസിച്ച കാലയളവിൽ തൊഴുപ്പാടൻ പൗലോസ് കത്തനാർ മുളന്തുരുത്തി പള്ളി വികാരിയായിരുന്നു. 1876 ജൂണിൽ നടന്ന മുളന്തുരുത്തി സുന്നഹദോസ് ആഗസ്റ്റ് മാസത്തിൽ നടന്ന വി. മൂറോൻ കൂദാശ എന്നിവയിലെല്ലാം ചാത്തുരുത്തിൽ റമ്പാച്ചനും, പൗലോസ് കത്തനാരും സജീവ പങ്കാളികളായിരുന്നു.

1876 സെപ്തംബർ 5-ാം തീയതി തൊഴുപ്പാടൻ പൗലോസ് കത്തനാർക്ക് പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനം നൽകി. അന്നുതന്നെ റമ്പാൻ സ്ഥാനം സ്വീകരിച്ചവരാണ് കണ്ടനാട്ട് കരവട്ട് ശെമവൂൻ കോറിയും മുളന്തുരുത്തി ഇടവകയിലെ ചാലപ്പുറത്ത് യാക്കോബ് കോറിയും. റമ്പാച്ചനും, ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാച്ചനും വെട്ടിക്കലിൽ ഒന്നിച്ച് ദീർഘനാൾ താമസിക്കുന്നതിനവസരമുണ്ടായില്ല, കാരണം 1876 ഡിസംബർ 10-ാം തീയതി ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാച്ചനെ പരിശുദ്ധ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

1894–ൽ മലങ്കരമെത്രാപ്പോലീത്ത മോർ ദീവന്നാസിയോസ് തിരുമേനി വന്ദ്യ പൗലോസ് റമ്പാച്ചനെ പഴയ സെമിനാരിയുടെ ചുമതല ഏല്പിച്ചു. താമസിയാതെ സെമിനാരി ചാപ്പൽ നിർമ്മാണം ആരംഭിച്ചു. 1895 ൽ ചാത്തുരുത്തിൽ തിരുമേനി ഊർശ്ലേം യാത്ര നടത്തുന്നതിനാഗ്രഹിച്ചു. 1881 മുതൽ കോട്ടയം പുത്തൻ പള്ളിയിലും തുടർന്ന് പഴയ സെമിനാരിയിലും താമസിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട സ്ലീബാ ശെമ്മാശൻ യാത്രയ്ക്കുവേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ഊർശ്ലേം യാത്രയിൽ തൊഴുപ്പാടൻ പൗലോസ് റമ്പാച്ചനും ചാത്തുരുത്തിൽ തിരുമേനിയെ അനുഗമിച്ചു.

1895 മെയ് മാസത്തിൽ ഊർശ്ലേം സന്ദർശനം കഴിഞ്ഞ് മടങ്ങിയെത്തിയ വന്ദ്യ പൗലോസ് റമ്പാച്ചൻ പഴയ സെമിനാരിയുടെ ഊട്ടുപുര, ചാപ്പൽ എന്നിവയുടെ പണി പൂർത്തീകരിക്കുന്നതിൽ വ്യാപൃതനായി. സെമിനാരി മാനേജർ എന്ന ചുമതല വഹിക്കുമ്പോൾ തന്നെ *മലങ്കര ഇടവകപ്പത്രിക* യുടെ പ്രസിദ്ധീകരണ ചുമതലയും റമ്പാച്ചൻ നിർവ്വഹിച്ചു.

1901ൽ തിരുവനന്തപുരത്ത് ഒരു പള്ളി സ്ഥാപിക്കുന്നതിനുള്ള നിയോഗം ഏറ്റെടുക്കുകയും ഒരു വർഷംകൊണ്ട് പണി പൂർത്തീകരിക്കുകയും ചെയ്തു. ആ പള്ളിയാണ് ഇന്നു കാണുന്ന തിരുവനന്തപുരത്തെ സെന്റ് ജോർജ്ജ് ദൈവാലയം. തുടർന്ന് 1903ൽ പിറവത്ത് ഒരു വിദ്യാലയം സ്ഥാപിച്ചു.

മേൽ വിവരിച്ച വിവിധ ചുമതലകൾ നിർവ്വഹിച്ചിരുന്നെങ്കിലും, പ്രാർത്ഥന, ഉപവാസം, ധ്യാനം എന്നിവയ്ക്ക് യാതൊരു ഭംഗവും വരുത്തിയിരുന്നില്ല. സുവിശേഷവേലയിലുണ്ടായിരുന്ന താല്പര്യം നിമിത്തം അന്യമതസ്ഥരായ ഇരുന്നൂറിലധികം പേർക്ക് മാമോദീസാ നൽകി. അയിത്തവും, തൊട്ടുകൂടായ്മയും നിലനിന്നിരുന്ന കാലത്ത് മണർകാട്, അരീപ്പറമ്പ്, അമയന്നൂർ എന്നീ സ്ഥലങ്ങളിൽ നിന്ന് ക്രിസ്ത്യാനികളായവർക്കുവേണ്ടി സെന്റ് തോമസ് ചാപ്പൽ പണികഴിപ്പിക്കുകയും റമ്പാച്ചൻ തന്നെ ആ പുതുക്രിസ്ത്യാനികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തു.

1908 ഫെബ്രുവരി 27ന് മോർ ദീവന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ കൂടിയ പള്ളി പ്രതിനിധികളുടെ യോഗം വന്ദ്യ പൗലോസ് റമ്പാച്ചനെയും വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചനെയും മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. തുടർന്ന് 1908 ഏപ്രിൽ 25-ാം തീയതി റമ്പാച്ചന്മാർ രണ്ടുപേരും ഉൾപ്പെട്ട പതിനൊന്നംഗ സംഘം യെരൂശലേമിലേക്കു യാത്രതിരിച്ചു. ഊർശ്ലേമിൽ താമസിച്ചിരുന്ന പരിശുദ്ധ അബ്ദേദ് ആലൊഹൊ രണ്ടാമൻ ബാവായുടെ സന്നിധിയിൽ മെയ് 26-ാം തീയതി സംഘം എത്തിച്ചേർന്നു. (അന്നും മുടക്കപ്പെട്ട അബ്ദൽ മശിഹാ പാത്രീയർക്കീസ് ജീവിച്ചിരിപ്പുണ്ടായിരുന്നു. അബ്ദൽ മശിഹായെയാണ് 1912 ൽ ക്ഷണിച്ചുവരുത്തി കാതോലിക്കാസ്ഥാപനം പുനഃസ്ഥാപിച്ചുവെന്ന് അവകാശപ്പെടുന്നത്).

1908 മെയ് 31-ാം തീയതി ഞായറാഴ്ച പരിശുദ്ധ അബ്ദേദ് ആലൊഹോ രണ്ടാമൻ ബാവാ വന്ദ്യ പൗലോസ് റമ്പാച്ചനെ കൂറീലോസ് എന്ന പേരിലും വട്ടശ്ശേരി ഗീവറുഗീസ് റമ്പാച്ചനെ ദീവന്നാസിയോസ് എന്ന പേരിലും മെത്രാപ്പോലീത്തന്മാരായി വാഴിച്ചു. ഈ മേൽപ്പട്ട സ്ഥാനാഭിഷേകത്തിൽ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായും (കുന്നുംകുളം സിംഹാസന പള്ളിയിൽ കബറടങ്ങിയ അന്ത്യോഖ്യാ പ്രിതിനിധി) മോർ ഈവാനിയോസ് ഏലിയാസ് ബാവായും (മഞ്ഞിനിക്കരയിൽ കബറടങ്ങിയ മോറാൻ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ) സഹകാർമ്മികരായിരുന്നു.

1908 ജൂലൈ 17-ാം തീയതി അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ മാർ ഒസ്താത്തിയോസ് സ്ലീബാ ബാവായും, രണ്ട് നവാഭിക്ഷിക്തരായ മെത്രാപ്പോലീത്തന്മാരും മലങ്കരയിൽ തിരിച്ചെത്തി. രാജകീയമായ സ്വീകരണമാണ് മെത്രാപ്പോലീത്തന്മാർക്കു ലഭിച്ചത്.

1909 ജൂലൈ 11-ാം തീയതി മോർ ദീവന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്താ കാലംചെയ്തു. തുടർന്ന് മലങ്കര മെത്രാപ്പോലീത്തയായി വട്ടശ്ശേരിൽ മോർ ദീവന്നാസിയോസ് ഗീവറുഗീസിന്റെ സ്ഥാനാരോഹണം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുവാദത്തോടെ അന്ത്യോഖ്യാ പ്രതിനിധി മോർ

ഒസ്താത്തിയോസ് സ്ലീബ ബാവായുടെ പ്രധാന കാർമികത്വ ത്തിലും മുറിമറ്റത്തിൽ മോർ ഈവാനിയോസിന്റെയും നവാഭി ക്ഷിക്തനായ മോർ കൂറീലോസ് പൗലോസ് മെത്രാപ്പോലീത്താ യുടെയും സഹകരണത്തോടെ പഴയ സെമിനാരിയിൽവച്ച് നിർ വ്വഹിച്ചു. (അന്ത്യോഖ്യാ പ്രതിനിധിയായ മോർ ഒസ്താത്തിയോ സ് സ്ലീബാ ബാവായ്ക്ക് മോർ കൂറിലോസ് തിരുമേനി മലങ്കര മെത്രാപ്പോലീത്തായാകണമെന്നായിരുന്നു താല്പര്യം).

1909 സെപ്തംബർ 24-ാം തീയതി പരിശുദ്ധ അബ്ദേദ് ആ ലൊഹൊ രണ്ടാമൻ ബാവാ മലങ്കര സന്ദർശിക്കുന്നതിന് ബോം ബെയിലെത്തി. തുടർന്ന് തിരുവനന്തപുരത്ത് ശ്രീമൂലം തിരുനാൾ മഹാരാജാവിനെ സന്ദർശിച്ചശേഷം കോട്ടയത്തെത്തി. പരിശുദ്ധ ബാവാ വാഴിച്ച രണ്ടു മെത്രാപ്പോലീത്തന്മാരോടും മുൻധാരണ പ്രകാരം നിയമാനുസൃത ഉടമ്പടി നൽകുവാൻ ആവശ്യപ്പെട്ടു. മോർ കൂറിലോസ് പൗലോസ് തിരുമേനി 1910 ചിങ്ങമാസം 29-ാം തീയതി ഉടമ്പടി സമർപ്പിച്ചു. എന്നാൽ വട്ടശ്ശേരിൽ തിരുമേനി ഉടമ്പടി നൽകുന്നതിന് വിസമ്മതിച്ചു. തുടർന്ന് ഭിന്നിപ്പും ആ രോപണ പ്രത്യാരോപണങ്ങളും, പിരിച്ചിലുകളും വർധിച്ചു.

മേൽ വിവരിച്ച സാഹചര്യത്തിൽ വട്ടശ്ശേരിൽ മോർ ദീവ ന്നാസിയോസ് ഗീവറുഗീസിനെ പരിശുദ്ധ പാത്രിയർക്കീസ് അബ്ദേദ് ആലൊഹൊ രണ്ടാമൻ ബാവാ മുടക്കി, 1911 മെയ് 31-ാം തീയതി കോട്ടയം പഴയ സെമിനാരിയിൽനിന്ന് കല്പന പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് 1911 ആഗസ്റ്റ് 30-ാം തീയ്യ തി ആലുവ തൃക്കുന്നത്തു സെമിനാരിയിൽ പരിശുദ്ധ പാ ത്രിയർക്കീസ് ബാവായുടെ അധ്യക്ഷതയിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ വച്ച് മോർ കൂറീലോസ് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. ശണ്ഠകളും കലഹങ്ങളും പഴയ സെമിനാരിയിൽ നിത്യസംഭവമായി. മോർ കൂറീലോസ് തിരുമേനി പഴയ സെമിനാരി വിട്ടിറങ്ങി കുമരകം ആറ്റാമംഗലം പള്ളിയിലേക്കു പോയി. ശേഷിച്ച കാലയളവിൽ തിരുമേനി പാണംപടി പള്ളിയിലും പിറവം സെമിനാരിയിലു മായി താമസിച്ചു.

1917 തുലാമാസം 2-ാം തീയതി പാണംപടി പള്ളിയിൽ നി ന്നും മോർ കൂറിലോസ് തിരുമേനി എഴുതിയ അന്ത്യകല്പന

ഹൃദയസ്പർശിയാണ്. 1917 ഡിസംബർ ആദ്യ ആഴ്ച മുതൽ തിരുമേനിക്ക് അസുഖം വർധിച്ചു. വിവരമറിഞ്ഞ് മോർ അത്താനാസിയോസ് പൗലോസ് തിരുമേനിയും (d. 1953) അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായും (d. 1930) ഇടവഴിക്കൽ മോർ സേവേറിയോസ് തിരുമേനിയും (d. 1927) പാണംപടി പള്ളിയിലെത്തി വേണ്ട ശുശ്രൂഷകളും പ്രാർത്ഥനകളും നിർവ്വഹിച്ചു.

1917 ഡിസംബർ 14-ാം തീയതി രാത്രി 9 മണിക്ക് മോർ കൂറിലോസ് തിരുമേനി കാലംചെയ്തു. പിറ്റേന്ന് മോർ അത്താനാസിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് പാണംപടി സെന്റ് മേരീസ് പള്ളിയുടെ വടക്കുഭാഗത്ത് മദ്ബഹായോടു ചേർന്ന് തയ്യാറാക്കിയ കല്ലറയിൽ കബറടക്കവും നടന്നു. പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ ചരമപ്രസംഗം നടത്തി. നല്ല പോർ പൊരുതി, ഓട്ടം തികച്ച്, വിശ്വാസം കാത്ത വിശുദ്ധനായ മോർ കൂറീലോസ് പൗലോസ് തിരുമേനിയുടെ ഓർമ്മ ഡിസംബർ 14-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നമ്പർ E215/08 (dated 10-10-2008) കല്പന പ്രകാരം ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

## അലക്സന്ത്രിയ
## പാത്രിയർക്കീസായ മോർ തെയോഫീലോസ്
### (ഏ. ഡി. ? - 412)

അലക്സന്ത്രിയ പാത്രിയർക്കീസായ മോർ തെയോഫീലോസ് ഏ. ഡി. 385 ജൂലൈ മാസത്തിൽ മോർ തീമൊഥിയോസിന്റെ പിൻഗാമിയായി വാഴിക്കപ്പെട്ടു. തെയോഫീലോസിനു ശേഷം അലക്സന്ത്രിയ പാത്രിയർക്കീസായി വാഴിക്കപ്പെട്ട മോർ കൂറീലോസിന്റെ (ഏ. ഡി. 412 - 444) അമ്മാവനാണ് മോർ തെയോഫീലോസ് (Wace & Piercy, 1999; Cross & Livingstone, 1974).

ഏ. ഡി. 385 മുതൽ ഏ. ഡി. 412 വരെ 27 വർഷങ്ങൾ ഈജിപ്റ്റിലെ സഭയെ നയിച്ച മോർ തെയോഫീലോസ് സഭയെയും രാജ്യത്തെയും സംബന്ധിക്കുന്ന എല്ലാകാര്യങ്ങളിലും ശക്തമായ പ്രേരണ ചെലുത്തിയിരുന്നു. കഠിനവും ഔചത്യമില്ലാത്തതുമായിരുന്നു അദ്ദേഹത്തിന്റെ നടപടികളെന്ന് ചിലർ വിശേഷിപ്പിച്ചിട്ടുണ്ട്. തെയോഫീലോസിന്റെ ശത്രുക്കളായിരുന്നവരാണ് ഈ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ആയതിനാൽ അവ സത്യസന്ധമോ നീതിയുക്തമോ എന്ന് ഖണ്ഡിതമായി പറയുവാൻ സാധ്യമല്ല. (Quasten, 1960). മൂന്നു പ്രധാന സംഭവങ്ങളാണ് ഈ ആരോപണങ്ങൾക്കടിസ്ഥാനം. അവ താഴെ വിവരിച്ചിരിക്കുന്നു.

(1) വിഗ്രഹാരാധനക്കാർക്കെതിരായ കർക്കശമായ നടപടികൾ (ഏ. ഡി. 391), (2) ഒറിഗണെതിരായ വാദപ്രതിവാദം (ഏ. ഡി. 399 - 401), (3) സ്വർണ്ണനാവുകാരനായ ഈവാനിയോസിന്റെ (St. John Chrysostom) നിഷ്ക്കാസനവും നാടുകടത്തലും (ഏ. ഡി. 403).

ഈജിപ്റ്റിന്റെ വടക്കുപടിഞ്ഞാറെ നഗരങ്ങൾ വിഗ്രഹാരാധനക്കാരുടെ കേന്ദ്രങ്ങളായിരുന്നു. തെയോഡോഷ്യസ് ചക്രവർത്തിയുടെ അനുവാദത്തോടെ ഏ. ഡി. 391ൽ സെറാപീസിന്റെ (Serapis) ക്ഷേത്രവും മറ്റുക്ഷേത്രങ്ങളും നശിപ്പിക്കപ്പെട്ടു. (Quasten, 1960; Cross & Livingstone, 1974). സെറാപീസിന്റെ വിവിധ ലോഹങ്ങൾകൊണ്ടു നിർമ്മിച്ചതും വിലയേറിയ രത്നങ്ങൾ പതിച്ചതുമായ വിഗ്രഹം വെട്ടിനുറുക്കി. ആ വിഗ്രഹത്തിനടുത്തെത്തിയാൽ ഭൂകമ്പമുണ്ടാകുമെന്ന ഒരു അന്ധവിശ്വാസമുണ്ടായിരുന്നു. ആ വിഗ്രഹത്തിനുള്ളിൽ നിന്ന് ചുണ്ടെലികൾ പുറത്തുവന്നു. (Wace & Piercy, 1999). വിഗ്രഹം നശിപ്പിക്കപ്പെട്ടതിനാൽ ക്രിസ്ത്യാനികൾക്കെതിരെ പീഡനങ്ങളുണ്ടാകുകയും ചിലരെങ്കിലും കൊല്ലപ്പെടുകയും ചെയ്തു. അതിശക്തമായ പോരാട്ടങ്ങളാണ് പലയിടത്തും നടന്നത്.

ക്രിസ്തുവിന്റെ രാജ്യത്വത്തിന് അവസാനമുണ്ടാകുമെന്ന ഒറിഗന്റെ ആശത്തെ തെയോഫീലോസ് നിരസിച്ചു. (ഏ. ഡി. 399/400) ൽ അലക്സന്ത്രിയായിൽ ചേർന്ന ഒരു സുന്നഹദോസിൽ വച്ച് ഒറിഗനെ ശപിച്ചു തള്ളി. ഒറിഗനെ വേദവിപരീതി

യായി പ്രഖ്യാപിച്ചതിൽ ഈജിപ്റ്റിലെ പല സന്യാസികളും വൈദികസ്ഥാനികളും അസ്വസ്ഥരായിരുന്നു. കടുത്ത ഭാഷയിലായിരുന്നു വിമർശനങ്ങളും പ്രതികരണങ്ങളും. പല സന്യാസകേന്ദ്രങ്ങളും ഈ ചേരിതിരിവിനെ തുടർന്ന് ആക്രമിക്കപ്പെട്ടു.

ഒറിഗനെ അനുകൂലിച്ച സന്യാസിമാർ കുസ്തന്തീനോസ്പോലീസിലേക്ക് പാലായനം ചെയ്തു. അമ്പതോളം സന്യാസിമാർ മോർ ഈവാനിയോസിനെ (St. John Chrysostom) കണ്ട് സഹായം അഭ്യർത്ഥിച്ചു. ഈ വിഷയം മോർ തെയോഫീലോസിന് എഴുതി പരിഹാരം കാണുന്നതുവരെ അനസ്ത്താസിയയുടെ ദൈവാലയ പരിസരത്ത് സന്യാസിമാർക്ക് അഭയം നൽകി. ഈ നടപടി മോർ തെയോഫിലോസിന് അനിഷ്ടമായി. ഏ. ഡി. 398ൽ (ഫെബ്രുവരി 26) മോർ തെയോഫിലോസാണ് ഈവാനിയോസിനെ മേല്പട്ട സ്ഥാനത്തേക്കുയർത്തിയത്. ഇതായിരിക്കാം കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയത്.

മേൽപറഞ്ഞ സാഹചര്യത്തിൽ വിഷയം അർക്കേഡിയസ് ചക്രവർത്തിയുടെ പരിഗണനയിൽ വന്നു. മോർ തെയോഫീലോസിനെ കുസ്തന്തീനോസ്പോലീസിൽ കൊണ്ടുവന്നു വിചാരണചെയ്യുന്നതിന് യൂഡോക്സിയ രാജ്ഞിയോട് സന്യാസിമാർ അപേക്ഷിച്ചു. താമസിച്ചാണെങ്കിലും മോർ തെയോഫീലോസ് ഒരു വ്യാഴാഴ്ച (ജൂൺ ഏ. ഡി. 403) കുസ്തന്തീനോസ്പോലീസിലെത്തിച്ചേർന്നു. എന്നാൽ കൽക്കദൂനിന്റെ (Chalcedon) പ്രാന്തപ്രദേശത്തുള്ള ഓക്കിൽ (Oak) വച്ചു നടത്തിയ കൗൺസിലിൽ വച്ച് ഈവാനിയോസിനെ പുറത്താക്കുന്നതിന് നടപടിയായി.

മോർ തെയോഫീലോസ് (ഏ. ഡി. 412) ഒക്ടോബർ 15 ന് കാലം ചെയ്തു. അലക്സന്ത്രിയ പാത്രിയർക്കീസന്മാരുടെ രീതിയനുസരിച്ച് 26 ഈസ്റ്റർ കല്പനകൾ മോർ തെയോഫീലോസ് അയച്ചിട്ടുണ്ട്. അവയിൽ ചുരുക്കം ചിലത് ദൈവശാസ്ത്രപരമായി വളരെ സമ്പന്നമാണ്. മോർ തെയോഫീലോസിന്റെ ഓർമ്മ ഒക്ടോബർ 18-ാം തിയതി സുറിയാനിസഭ ആചരിക്കുന്നു.

# അലക്സന്ത്രിയായിലെ മോർ തിമോഥിയോസ്

(എ. ഡി.? - 477)

തിമോഥിയോസ് അലക്സന്ത്രിയായിലെ മോർ ദിയസ്ക്കോറോസിന്റെ (d. 454) കീഴിലുള്ള ഒരു വൈദികനായിരുന്നു. എ. ഡി. 451 ലെ കൽക്കദൂനാ സുന്നഹദോസിനെ തുടർന്ന് അതിനെ അനുകൂലിക്കാതിരുന്ന ദിയസ്ക്കോറോസും തിമോഥിയോസും ലിബിയയിലേക്കു നാടുകടത്തപ്പെട്ടു.

എ. ഡി. 457 ജനുവരിയിൽ മർക്കിയാൻ ചക്രവർത്തി നിര്യാതനായശേഷം തിമോഥിയോസ് അലക്സന്ത്രിയായിലേക്കു മടങ്ങിവന്നു. തുടർന്ന് അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ദിയസ്ക്കോറോസിന്റെ പിൻഗാമിയായി കൽക്കദൂനാ അനുഭാവികൾ വാഴിച്ച പ്രൊത്തിരിയസ് വധിക്കപ്പെട്ടു. കലുഷിതമായ ആ കാലഘട്ടത്തിൽ അലക്സന്ത്രിയായിലെ ഭരണച്ചുമതല മോർ തിമോഥിയോസ് നിർവ്വഹിക്കുകയും കൽക്കദൂനാ സുന്നഹദോസിന്റെ തീരുമാനങ്ങളെ സ്വീകരിച്ച മെത്രാപ്പോലീത്തന്മാരുമായും വൈദികരുമായും യാതൊരു വിധത്തിലും സഹകരിക്കരുതെന്ന് കൽപനയിറക്കുകയും ചെയ്തു.

നെസ്തോറിന്റെ ഇരുസ്വഭാവവാദത്തെ അംഗീകരിക്കുന്നവരുനമായി യാതൊരു സമ്പർക്കവും പാടില്ലെന്ന് മോർ തിമോഥിയോസിന് നിർബന്ധമുണ്ടായിരുന്നു. ഏതാനും മേൽപ്പട്ടക്കാരെയും വൈദികരെയും ലിയോ ചക്രവർത്തിയുടെ അടുക്കൽ അയയ്ക്കുകയും അലക്സന്ത്രിയായിലെ പള്ളികളും ദയറാകളും ദൈവകാരുണ്യത്താൽ പരിപൂർണ്ണ സമാധാനത്തിലാണെന്നും അവരും അവരുടെ പ്രധാന മേലധ്യക്ഷനും നിഖ്യാവിശ്വാസപ്രമാണത്തെ മുറുകെ പിടിക്കുന്നുവെന്നും അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ സമ്മതിക്കില്ലെന്നും അറിയിച്ചു. കൽക്കദൂനാ സുന്നഹദോസിനെ അലക്സന്ത്രിയായിലെ സഭ അംഗീകരിക്കുന്നില്ലെന്നും രേഖപ്പെടുത്തിയിരുന്നു.

മറ്റു ചില തെളിവുകൾ പരിശോധിച്ചാൽ കൽക്കദുനാ സുന്നഹോസിനുള്ള അംഗീകാരം പിൻവലിക്കണമെന്നും, ഒരു പുതിയ സുന്നഹദോസ് വിളിച്ചു ചേർക്കണമെന്നും മോർ തിമോഥിയോസ് ലിയോ ചക്രവർത്തിയോട് ആവശ്യപ്പെട്ടിരുന്നു. അലക്സന്ത്രിയായിലെ ജനങ്ങളും, സാമൂഹ്യ നേതാക്കന്മാരും മോർ തിമോഥിയോസ് അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തായായി തുടരണമെന്നാഗ്രഹിച്ചിരുന്നു. എന്നാൽ ലിയോ ചക്രവർത്തി മേൽപറഞ്ഞ അപേക്ഷകളടങ്ങിയ നിവേദനപത്രം അന്ത്യോഖ്യാ, കുസ്തന്തീനോസ്പോലീസ്, റോം എന്നിവിടങ്ങളിലെ മെത്രാപ്പോലീത്താമാർക്കും, 55 വൈദികർക്കും, മൂന്ന് സന്യാസശ്രേഷ്ഠന്മാർക്കും (അവരിലൊരാൾ ശെമവൂൻ ദെസ്തുനോയാണ് (d. 459)) അവരുടെ അഭിപ്രായം ആരായുന്നതിനായി അയച്ചുകൊടുത്തു. അവരുടെ പ്രതികരണങ്ങൾ മോർ തിമോഥിയോസിന് അനുകൂലമായിരുന്നില്ല.

ഏ. ഡി. 460ൽ ലിയോ ഒന്നാമൻ ചക്രവർത്തി മോർ തിമോഥിയോസിനെ സഭയിൽനിന്നും പുറത്താക്കുന്നതിനും മറ്റൊരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനും അലക്സന്ത്രിയായിലെ സേനാപതിയായ സ്റ്റിലാസിന് (Stilas) ഉത്തരവു നൽകി. തുടർന്ന് മോർ തിമോഥിയോസിനെ സഹോദരനായ അനാറ്റോലിയസിനോടുകൂടെ ആദ്യം ഗാംഗാറയിലേക്കും വീണ്ടും സഭയിൽ കലഹമുണ്ടാകുകയാൽ മർസൂഹ്യാ എന്ന ചെർസോണിസസ് തീരദേശ ഗ്രാമത്തിലേക്കും നാടുകടത്തി (Wace & Piercy, 1999).

ഏ. ഡി. 475ൽ സെനോ (Zeno) ചക്രവർത്തിയായി സ്ഥാനമേറ്റപ്പോൾ മോർ തിമോഥിയോസിനെ കുസ്തന്തീനോസ്പോലീസിലേക്കു ക്ഷണിക്കുകയും അദ്ദേഹത്തിന്റെ അനുയായികൾ ഉത്സാഹപൂർവ്വം 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ' എന്ന അഭിവാദനത്തോടെ സ്വീകരിക്കുകയും ചെയ്തു. അവിടത്തെ പാർത്രിയർക്കീസായ അക്കാസിയസ് (Acacius) തിമോഥിയോസിനെ പ്രവേശിപ്പിക്കാതിരിക്കുന്നതിനു പള്ളികളെല്ലാം അടച്ചിട്ടു. ഈ സാഹചര്യത്തിൽ മോർ തിമോഥിയോസ് ഭവനങ്ങളിൽ ആരാധന നടത്തിവന്നു.

അന്ത്യോഖ്യായുടെ മോർ യൂഹാനോനും (d. 442) അലക്സന്ത്രിയായിലെ മോർ കൂറിലോസും (d. 444) ഏറ്റുപറഞ്ഞ "ശരീരം ധരിച്ച പിതാവിനോടു സമത്വമുള്ള വചനം" എന്ന വിശ്വാസത്തെ മോർ തിമോഥിയോസ് അംഗീകരിച്ച് ഏറ്റുപറഞ്ഞു. കുസ്തന്തീനോസ്പോലീസിൽനിന്ന് അലക്സന്ത്രിയായിലേക്കുള്ള യാത്രയിൽ എഫെസോസിലെ സഭ സന്ദർശിക്കുകയും കൽക്കദൂനാസുന്നഹദോസിന്റെ 28-ാം കാനോൻ പ്രകാരം എഫെസോസിലെ സഭ കുസ്തന്തീനോസ്പോലീസിന് വിധേയപ്പെടണമെന്ന നിബന്ധന അസാധുവാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അലക്സന്ത്രിയായിൽ തിരികെ എത്തി ഏറെനാൾ കഴിയുന്നതിനുമുമ്പ് ഏ. ഡി. 477ൽ കാലം ചെയ്തു. ഈ പരിശുദ്ധന്റെ ഓർമ്മ ജൂൺ 10-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു

## പരിശുദ്ധ അന്തിമോസ് പാത്രിയർക്കീസ്

**(ഏ. ഡി.? - 541)**

ആറാം നൂറ്റാണ്ടിന്റെ ആദ്യത്തെ രണ്ടു ദശകങ്ങളിൽ സിറിയയിൽ സുറിയാനിക്കാരും നെസ്തോറിയരും തമ്മിൽ വലിയ മത്സരങ്ങൾ നടന്നു. സിറിയയുടെ പടിഞ്ഞാറ് സുറിയാനി സഭാവിശ്വാസികളും കിഴക്ക് നെസ്തോറിയരും കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനങ്ങൾ നടന്നത്. എന്നാൽ സുറിയാനി, ഗ്രീക്ക് ഭാഷകളിൽ പ്രാവിണ്യമുള്ളവർ നെസ്തോറിയരിൽ കുറവായിരുന്നു. സുറിയാനിക്കാരിൽ പണ്ഡിതരായവരുടെ സഭാവിശ്വാസം സംബന്ധിച്ച ലേഖനങ്ങൾ അക്കാലത്ത് ധാരാളം പ്രചരിച്ചിരുന്നു. സുറിയാനി സഭാവിശ്വാസം കിഴക്ക് പേർഷ്യവരെ പ്രചരിക്കുകയും തെഗ്രീസിനടുത്തുള്ള ബെത്ത് ആർശമിലെ എപ്പിസ്കോപ്പായായ ശീമോൻ (Simon d. ഏ. ഡി. 540) സത്യവിശ്വാസം സംരക്ഷിക്കുന്നതിന് കഠിനപ്രയത്നങ്ങൾ ചെയ്തു (Aphrem I, 2000).

പേർഷ്യക്കാർ സിറിയ പിടിച്ചടക്കിയപ്പോൾ നെസ്തോറിയർക്ക് പേർഷ്യക്കാർ സംരക്ഷണം നൽകി. സീസർ ജസ്റ്റിൻ ഒന്നാമൻ

ചക്രവർത്തി പീഡ തുടരുകയും ഏ. ഡി. 523 ലെ വിളംബരം വഴി നെസ്തോറിയരല്ലാത്തവരെ നാടുകടത്താൻ ഉത്തരവാകുകയും ചെയ്തു (O' Leary, 2002, pp. 119-120). ഈജിപ്റ്റിൽ ഈ വിളംബരത്തിന് സാധുതയില്ലായിരുന്നു. ഏ.ഡി. 527ൽ ജസ്റ്റിൻ ചക്രവർത്തി പ്രായാധിക്യത്താൽ മരുമകൻ ജസ്റ്റിനിയനെ സഹ ചക്രവർത്തിയാക്കി. ഏ.ഡി. 527ൽ ജസ്റ്റിൻ ചക്രവർത്തി നിര്യാതനായപ്പോൾ ജസ്റ്റിനിയൻ ഒന്നാമൻ ചക്രവർത്തിയായി.

ജസ്റ്റിനിയൻ ചക്രവർത്തിയുടെ രാജ്ഞി തിയഡോറ ഏകസ്വഭാവ വിശ്വാസത്തെ അനുകൂലിക്കുന്നവരായിരുന്നു. ഈ കാലഘട്ടത്തിൽ മോർ യാക്കോബ് ബുർദോനയും അദ്ദേഹത്തിന്റെ സഹചാരി ദയറാക്കാരനായ സെർജിയസും കുസ്തന്തീനോസ് പോലീസിൽ വന്നു. ഇവരെ കൂടാതെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോർ സേവേറിയോസും (ഏ.ഡി. 459–538) മോർ അന്തിമോസും സത്യവിശ്വാസ സംരക്ഷണത്തിനു നേതൃത്വം നൽകി. തിയഡോറ രാജ്ഞിയുടെ ഇടപെടലുകൾ വഴി ഇടയ്ക്കൊക്കെ ആശ്വാസങ്ങൾ ഉണ്ടായെങ്കിലും അതു പീഡനത്തിന്റെ കാലഘട്ടമായിരുന്നു (O' Leary, 2002).

തിയഡോറ രാജ്ഞിയുടെ ഒത്താശയോടെ മോർ അന്തിമോസ് ഏ.ഡി. 535 ൽ കുസ്തന്തിനോസ്പോലീസിലെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. ഏ. ഡി. 536ൽ പോപ് അഗാപിറ്റസ് കുസ്തന്തീനോസ്പോലീസിൽ വരികയും അന്തിമോസിനെ സ്ഥാനഭ്രഷ്ടനാക്കുകയും മെനാസിനെ (Mennas) പാത്രിയർക്കീസായി അംഗീകരിക്കുകയും ചെയ്തു. താമസിയാതെ ഒരു സുന്നഹദോസ് ചേരുകയും മോർ അന്തിമോസ്, അന്ത്യോഖ്യായുടെ മോർ സേവേറിയോസ്, അഫേമയിലെ പത്രോസ്, സൊണാറസ് സന്യാസി എന്നിവരെ ശപിച്ചുതള്ളുകയും ഈ തീരുമാനങ്ങൾ ഒരു വിളംബരമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. എല്ലാ ഏകസ്വഭാവ വിശ്വാസികളെയും നാടുകടത്തുന്നതിനും അവരുടെ പുസ്തകങ്ങൾ കണ്ടുകെട്ടുന്നതിനും ഉത്തരവാകുകയും ചെയ്തു.

മേൽ വിവരിച്ച സാഹചര്യത്തിൽ തിയഡോറ രാജ്ഞിയും ക്രിസ്ത്യൻ ഷെയ്ക് ഹരിത്ത് ഇമ്പിൻ ജബാലയും (Harith Ibn Jabala) ചേർന്ന് എല്ലാ ഏകസ്വഭാവ മേലധ്യക്ഷന്മാരുടെയും ഒരു

യോഗം ചേർന്നു. ഈ യോഗത്തിൽ അന്ത്യോഖ്യയുടെ മോർ സേവേറിയോസ് പാത്രിയർക്കീസ്, അലക്സന്ത്രിയായിലെ തിയ ഡോഷ്യസ് പാത്രിയർക്കീസ്, കുസ്തന്തീനോസ പോലീസിലെ അന്തിമോസ് പാത്രിയർക്കീസ്, അഫേമയിലെ പത്രോസ്, ലവോ ദീസ്യയിലെ കോൺസ്റ്റാൻഷ്യസ്, മറ്റു മെത്രാപ്പോലീത്തന്മാരും പങ്കെടുത്തു. ഇതേ തുടർന്ന് മോർ യാക്കോബ് ബുർദോന ഏ. ഡി. 541/542 മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. പിന്നീടുള്ള മൂന്നര പതിറ്റാണ്ടുകൾ മോർ യാക്കോബ് ബുർദോനയുടെ (d. ഏ. ഡി. 578) വിശ്രമമില്ലാത്ത ഓട്ടത്തിന്റെ കാലഘട്ടമായിരുന്നു. സുറിയാനി സഭ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുമായിരുന്ന ഒരു വൈതരണിയിൽ സഭയെ സംരക്ഷിക്കാൻ കഠിന പ്രയ ത്നം ചെയ്ത മോർ അന്തിമോസ് പാത്രിയർക്കീസിന്റെ ഓർമ്മ ജൂലൈ 20-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

## മോർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ

**(ഏ. ഡി. ? - 1694)**

മാർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ കോതമംഗലം ചെറിയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന പരിശുദ്ധനായ മാർ ബസ്സേലിയോസ് യൽദോ ബാവായുടെ ജന്മനാടായ ബാ ക്കുദൈദാ ഗ്രാമത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ശമ്മോ എന്നായിരുന്നു.

1661-ൽ മോർ ബഹനാം സഹദായുടെ ദയറായിൽവച്ചു ദൈ വവേലയ്ക്കായി സ്വയം സമർപ്പിച്ചു ദയറാക്കാരനായിത്തീർന്നു. ഇപ്രകാരം ദയറാജീവിതം നയിച്ചുകൊണ്ടിരുന്നതായ അവസര ത്തിലാണ് മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളുടെ സംര ക്ഷണത്തിനായി മോർ ബസ്സേലിയോസ് യൽദോ മപ്രിയാനായോ ടൊത്ത് മലങ്കരയിൽ വന്ന്, ആ പിതാവിനെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനുമായി നിയോഗിക്കപ്പെട്ടത്. കൂനൻകുരിശ് സത്യത്തിനുശേഷം മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ

ബാവാ ഏ. ഡി. 1665ൽ മലങ്കരയിൽ എത്തുകയും സത്യവിശ്വാസം നിലനിർത്തുകയും ചെയ്തു.

ബാവായുടെ കാലശേഷം 1683ൽ അന്നത്തെ അർക്കദിയാക്കോൻ തോമാ ദ്വിതീയൻ, അബ്ദേദ്മിശിഹോ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു യൗസേഫ് എന്നു പേരായ ഒരു കച്ചവടക്കാരൻവശം ഒരപേക്ഷ കൊടുത്തയച്ചു. അതിൽ മാർ ഗ്രീഗോറിയോസ് ബാവാ, ലത്തീൻകാരുടെ അടിമത്വത്തിൽ നിന്നും തങ്ങളെ വിടുവിക്കുന്നതിന് പ്രദർശിപ്പിച്ച ശുഷ്കാന്തിയെക്കുറിച്ചും, തന്റെ മുൻഗാമിയുടെ കാലശേഷം, ലത്തീൻകാർ, അവരുടെകൂടെ നമ്മുടെ സഭാമക്കൾ ചേരേണ്ടതിനുവേണ്ടി ക്രൂരമായ പീഡനങ്ങൾ നടത്തുന്നതിനെപ്പറ്റി കാണിക്കുകയും സഭാമക്കളുടെ സംരക്ഷണത്തിനായി ഒരു മെത്രാപ്പോലീത്തായെയും സമർത്ഥരായ നാല് മല്പാന്മാരെയുമയച്ചുതരുന്നതിനു പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു അപേക്ഷിക്കുകയും ചെയ്തിരുന്നു. ടി. സംഗതിക്കുവേണ്ടി മലങ്കരയിൽനിന്നു ഒരു നിവേദകസംഘവും പാത്രിയർക്കാസന്നിധിയിൽ പോകുകയുണ്ടായി.

മലങ്കരസഭയിലെ സുറിയാനി ജനത്തിന് വന്നു പിടിപെട്ടിരിക്കുന്ന കഷ്ടപ്പാടിൽ വിഷമം തോന്നിയ പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1684ൽ വി. മൂറോൻ കൂദാശ നടത്തുകയും ആ സമയത്ത് മലങ്കരസഭയുടെ ബുദ്ധിമുട്ടുകളെപ്പറ്റി എല്ലാ എപ്പിസ്കോപ്പാമാരോടും വിവരക്കുകയുമുണ്ടായി. മലങ്കരസഭയുടെ ശോചനീയാവസ്ഥ മനസ്സിലാക്കിയ കിഴക്കിന്റെ മപ്രിയാനാ മോർ ബസ്സേലിയോസ് യൽദോ ബാവാ തന്റെ അവിടത്തെ ഭരണം ത്യജിച്ച് ഇടയനില്ലാത്ത ആടുകളുടെ സംരക്ഷണത്തിന് പുറപ്പെടുവാൻ ഒരുക്കമാണെന്ന് അറിയിച്ചതിൻപ്രകാരം മലങ്കരസഭയിൽ എത്തുമ്പോൾ തന്നെ സഹായിക്കുന്നതിനുവേണ്ടി ഇദ്ദേഹത്തിന് മോർ ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനം നൽകി. 1685ൽ മോർ ബസ്സേലിയോസ് ബാവാ തന്റെ സഹോദരനായ ജൂമായോടും, മോർ മത്തായിയുടെ ദയറായിലെയും, മോർ ബഹനാമിന്റെ ദയറായിലെയും ദയറാക്കാരനായ ജോക്കാ റമ്പാച്ചൻ, മത്തായി റമ്പാച്ചൻ, മോർ ഈവാനിയോസ് ഹിദായത്തുള്ള എപ്പിസ്ക്കോപ്പാ എന്നിവരോ

ടുംകൂടി ബസ്രാവഴി യാത്രപുറപ്പെട്ടു. അക്കാലത്തെ ഇവിടത്തെ ഭരണാധികാരികളെ ഭയന്ന് വേഷപ്രച്ഛന്നരായാണ് അവർ കാടും മേടും മലയും താണ്ടി കോതമംഗലത്ത് എത്തിച്ചേർന്നത്. അഞ്ചു പേരാണ് മലങ്കരയിലേക്കു യാത്രപുറപ്പെട്ടതെങ്കിലും ഇവിടെ എത്തിയത് യൽദൊ മോർ ബസ്സേലിയോസ് ബാവാ, മോർ ഈവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പാ, മത്തായി റമ്പാച്ചൻ എന്നിവർ മാത്രമാണെന്നാണ് ചരിത്രരേഖകളിൽ കാണുന്നത്.

ഇപ്രകാരം മലങ്കരയിൽ എത്തിയ മപ്രിയാന കൂടെയുണ്ടായിരുന്ന മോർ ഈവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പായെ ഈലുൽ മാസം 14-ാം തീയതി വി. സ്ളീബാ പെരുന്നാൾ ദിവസം മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തി. മപ്രിയാന മലങ്കരയിൽ 13 ദിവസം മാത്രമേ ജീവിച്ചിരുന്നുള്ളൂ. ഈലൂൽ മാസം 19-ാം തീയതി കാലംചെയ്തു. 20-ാം തീയതി കോതമംഗലം ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു. അതിനാൽ മലങ്കരസഭയെ സത്യവിശ്വാസത്തിൽ സംരക്ഷിക്കേണ്ട സകല ചുമതലയും മാർ ഈവാനിയോസ് ബാവായ്ക്കു വന്നുചേർന്നു. സ്വദേശത്തുനിന്നും കൊണ്ടുവന്ന ദ്രവ്യം ചിലവഴിച്ചു പള്ളികൾ പണിയുകയും ദൈവാലയങ്ങൾ നവീകരിക്കുകയും ചെയ്തതിനുപുറമെ പുരോഹിതഗണത്തെ, സുറിയാനി ഭാഷയിലും സഭാനിയമങ്ങളിലും ആത്മീയ ഉപദേശങ്ങളിലും പണ്ഡിതരാക്കുവാൻ തക്കവണ്ണം അഭ്യസിപ്പിക്കുകയും ചെയ്തു.

ലത്തീൻകാരനായ അലക്സീസ് മെനസ്സീസ് പ്രവേശിപ്പിച്ച നിഷിദ്ധ ആചാരങ്ങൾക്കും നവീനോപദേശങ്ങൾക്കും എതിരായി പ്രത്യക്ഷമായും പ്രസ്പഷ്ടമായും വീറോടെ പ്രസംഗിക്കുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തു. 1599ൽ കൂടിയ ഉദയംപേരൂർ സുന്നഹദോസിൽവച്ചു നിശ്ചയിച്ച നവീനോപദേശങ്ങൾക്കെതിരായി ബാവാ 1686ൽ ചെങ്ങന്നൂർ പള്ളിയിൽവച്ചു ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയുണ്ടായി. അതിൽ തെക്കുള്ള പള്ളികളുടെ പ്രതിനിധികളായി പുരോഹിതന്മാരും അത്മായക്കാരും സന്നിഹിതരായിരുന്നു. വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം പിതാക്കന്മാരുടെയും സഭാമല്പാന്മാരുടെയും പുസ്തകങ്ങളും സാർവ്വത്രിക സുന്നഹദോസുകളുടെയും പ്ര

ാദേശിക സുന്നഹദോസുകളുടെയും കാനോനുകളും വായിക്കപ്പെടുകയും ആവശ്യമായ ചർച്ചകൾക്കുശേഷം മാർ ഈവാനിയോസ് ഒരു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. അതിൽ മലങ്കരസഭയുടെ വിശ്വാസവും ആചാരങ്ങളും ശ്ലീഹന്മാരുടെ കാലം മുതലേ സത്യമായിട്ടുള്ളവയും കുറ്റരഹിതങ്ങളുമായിരുന്നുവെന്നും, എന്നാൽ ലത്തീൻകാർ (റോമാക്കാർ) ഇവിടെ വന്നതു മുതൽ വിശ്വാസത്തിലും ആചാരത്തിലും അവർ എൺപതു വർഷത്തോളം അന്യതത്വങ്ങൾ ബലമായി പ്രവേശിപ്പിച്ചുകൊണ്ടിരുന്നുവെന്നും കാണിക്കുകയും വിശ്വാസികളെ സുറിയാനിസഭയുടെ പതിവനുസരിച്ചുള്ള നോമ്പാചരിക്കുന്നതിനും പുളിപ്പുള്ള അപ്പത്തിൽ ദിവ്യകുർബ്ബാന അനുഷ്ഠിക്കുന്നതിനും ഉൽബോധിപ്പിക്കുകയും ചെയ്തിരുന്നു.

തുടർന്നു പകലോമറ്റം തറവാട്ടിൽപ്പെട്ട ഒരു യുവാവിന് പൗരോഹിത്യപരമായ വിദ്യാഭ്യാസം നൽകി ശെമ്മാശനായും പുരോഹിതനായും പടിപടിയായി പട്ടംകൊടുത്തുയർത്തുകയും അനന്തരം മാർത്തോമ്മാ തൃതീയൻ എന്ന പേരിൽ 1687-ൽ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു. 1688 മേടം 9-ാം തീയതി മാർത്തോമ്മാ തൃതീയൻ കാലംചെയ്തപ്പോൾ തൽസ്ഥാനത്ത് മാർത്തോമ്മാ നാലാമന് മോർ ഈവാനിയോസ് ബാവാ പട്ടംകൊടുത്തു. ഇപ്രകാരം സഭയുടെ പുരോഗതിക്കുവേണ്ടി മോർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ വളരെ പ്രവർത്തിച്ചുകൊണ്ടിരുന്നു.

സത്യവിശ്വാസവൈരികൾക്ക് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തീരെ രസിക്കാതെ വന്നതിനാൽ അവർ ബാവായെ കൊല്ലുന്നതിന് തക്കം അന്വേഷിച്ചുകൊണ്ടിരുന്നു. ഈ സംഗതി ഗ്രഹിച്ച പിതാവ് അനേക രാത്രികൾ മരത്തിൽ കയറിയിരുന്നു കഴിച്ചുകൂട്ടിയിട്ടുണ്ടെന്ന് പറയപ്പെടുന്നു (Aphrem Paulose, 1964). ഈ വിശുദ്ധൻ 9 വർഷം മാത്രമേ മലങ്കരയിൽ ജീവിച്ചിരുന്നുള്ളു. എങ്കിലും ആ കാലഘട്ടത്തിൽ അദ്ദേഹം നിർവ്വഹിച്ച സംഗതികൾ എത്രയോ മഹത്തരങ്ങളാണ്.

പരിശുദ്ധനായ ബാവാ തിരുമനസ്സുകൊണ്ട് 1694 ചിങ്ങം 3-ാം തീയതി മുളന്തുരുത്തി പള്ളിയിൽവച്ച് കാലംചെയ്യുകയും, മദ്ബഹായുടെ തെക്കുവശത്തു കബറടക്കപ്പെടുകയും ചെയ്തു.

''തെക്കേ കബറിങ്കൽ ബാവാ'' എന്നാണ് പിന്നീട് ഇദ്ദേഹത്തിന്റെ കബറിടം അറിയപ്പെടുന്നത്. 2006 ഡിസംബർ 24-ാം തീയതി ഈ പിതാവിന്റെ കബറിടം തുറക്കുകയും തിരുശേഷിപ്പുകൾ മദ്ബഹായുടെ തെക്കേഭിത്തിയിൽ സ്ഥാപിക്കുകയും ചെയ്തു. എല്ലാ വർഷവും ആഗസ്റ്റ് 16-ാം തീയതി ഈ പിതാവിന്റെ പെരുന്നാൾ കൊണ്ടാടുന്നു.

## മോർ ഈവാനിയോസ് യൂഹാനോൻ

**(എ. ഡി.? - 1794)**

യൂഹാനോൻ മോർ ഈവാനിയോസ് ബാവാ മൂസൽ നഗരത്തിൽ ഭൂജാതനായി. മർദ്ദീനിലെ കുർക്കുമ ദയാറായിൽ വച്ച് റമ്പാനായി. 1724ൽ ഇഗ്നാത്തിയോസ് ശക്രുള്ള പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ പുരോഹിതനാക്കി. 1749ൽ ഗീവർഗീസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ ശക്രുള്ള മഫ്രിയാനായോടു കൂടി മലങ്കരയിലേക്ക് അയച്ചു. 1752 മേടമാസം (നീസോൻ) 30 ന് മോർ ബസേലിയോസ് ശക്രുള്ള മഫ്രിയാന ഇദ്ദേഹത്തെ കണ്ടനാട് പള്ളിയിൽവച്ച് എപ്പിസ്കോപ്പായായി വാഴിച്ചു. പള്ളിക്കരപ്പള്ളിയിൽ താമസിച്ചുകൊണ്ട് കാര്യാദികൾ നടത്തുവാൻ നിയമിച്ചെങ്കിലും, അത് മാർത്തോമാ ആറാമന്റെ ഒരു കേന്ദ്രമായിരുന്നതുകൊണ്ട് തദ്ദേശീയർ അദ്ദേഹത്തെ വളരെ കഷ്ടപ്പെടുത്തി. എന്നാൽ മഫ്രിയാന അദ്ദേഹത്തെ സർവ്വവും സഹിക്കുവാൻ ഉത്സാഹിപ്പിച്ചിരുന്നതുകൊണ്ട്, സർവ്വവിധ കഷ്ടപ്പാടുകളും സഹിച്ചുകൊണ്ട് അവിടെ താമസിച്ചു. അവിടെവച്ച് രോഗിയായപ്പോൾ മഫ്രിയാനാ അദ്ദേഹത്തെ ചികിത്സാർത്ഥം കൊച്ചിയിലേക്ക് അയയ്ക്കുകയും, സുഖം വന്നശേഷം കണ്ടനാടിന് നിയമിക്കുകയും ചെയ്തു. മഫ്രിയാനായുടെ നിര്യാണശേഷം മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവായെ ഭരണത്തിൽ സഹായിച്ചുകൊണ്ടിരുന്നു.

1769ൽ സ്വദേശത്തേക്കു കൊണ്ടുപോകുവാനായി ബാവായുടെ സഹോദരനായ അബ്രാഹാം മൂസലിൽനിന്നും വന്നു, എങ്കിലും ബാവാ തിരികെ പോയില്ല. സഭയിൽ സമാധാനമുണ്ടാകുന്നതിനും, മാർത്തോമാ ആറാമനെ ഉപദേശിച്ച് സഭയിലേക്ക് കൊണ്ടുവന്ന് പട്ടം കൊടുക്കുന്നതിനും അത്യധികം ഉത്സാഹിക്കുകയും അപ്രകാരം സാധിക്കുകയും ചെയ്തു. മോർ ഗ്രിഗോറിയോസിന്റെ കാലം കഴിഞ്ഞ്, ഇദ്ദേഹം ദീവന്നാസ്യോസ് ഒന്നാമനോടൊരുമിച്ച് സഭാഭരണം നിർവ്വഹിച്ചു. ഇരുവരുംകൂടി ഒരുമിച്ച്, വ്യാജമായി എപ്പിസ്കോപ്പാ വേഷം ധരിച്ച കാട്ടുമങ്ങാട്ട് അബ്രഹാം റമ്പാച്ചന്റെ കുഴപ്പങ്ങൾക്ക് പരിഹാരം ഉണ്ടാക്കി. കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജാക്കന്മാരുടെ അടുക്കൽ അദ്ദേഹത്തിന്റെ പേരിൽ ഇവർ പരാതി കൊടുത്തു. രണ്ടു രാജാക്കന്മാരും കൂടി ഡച്ചുകമ്പനി അദ്ദേഹത്തെ വിധിക്കുവാൻ ആജ്ഞാപിച്ചു. ഡച്ച് കമ്പനിയുടെ 12 ജഡ്ജിമാർ ഒരുമിച്ച് പരിശോധിച്ച് അദ്ദേഹം വ്യാജ എപ്പിസ്കോപ്പായാണെന്നും ഗ്രിഗോറിയോസ് അദ്ദേഹത്തിന് പട്ടം കൊടുത്തിട്ടില്ലെന്നും, ഗ്രിഗോറിയോസിന്റെ അംശവടിയും വസ്ത്രവിഭൂഷണങ്ങളും അദ്ദേഹമെടുത്ത് സ്വയം അണിഞ്ഞതാണെന്നും വിധി കല്പിച്ചു. തനിക്കെതിരായി വിധി കല്പിക്കപ്പെട്ടുവെന്നറിഞ്ഞപ്പോൾ അബ്രഹാം റമ്പാൻ തന്റെ സ്നേഹിതനായ വരാപ്പുഴ ലത്തീൻ മെത്രാന്റെ അടുക്കലേക്ക് ഓടിപ്പോകുകയും, അപ്പോൾ അദ്ദേഹം പിന്തുടരപ്പെടുകയും പോഞ്ഞിക്കരയിൽ വച്ച് പിടിക്കപ്പെട്ടു തിരികെ കൊണ്ടുവരപ്പെടുകയും ചെയ്തു (Rajan, 2007).

നാലു പട്ടാളക്കാർ അബ്രഹാം റമ്പാനെ ദിവാന്റെ അടുക്കൽ കൊണ്ടുപോകുകയും, മോർ ദീവന്നാസ്യോസിന്റേയും മോർ ഈവാനിയോസിന്റേയും അടുക്കൽ ഏല്പിക്കപ്പെടുന്നതിന് ദിവാൻ കല്പനയാകുകയും ചെയ്തു. അങ്ങനെ ഈ പിതാക്കന്മാർ അന്നു താമസിച്ചിരുന്ന കണ്ടനാട്ടേക്ക് കൊണ്ടുവരുകയും ഒരു ഞായറാഴ്ച പള്ളിനിറയെ വിശ്വാസികളും പുരോഹിതന്മാരും ഒരുമിച്ച് കൂടിയിരിക്കുമ്പോൾ, മദ്ബഹായുടെ മുൻപാകെ ഒരു മേശയിട്ടു അതിൽ സ്ലീബായും ഏവൻഗേലിയോനും മെഴുകുതിരികളും വയ്ക്കുകയും ഓരോ ഭാഗത്തായി മോർ ഈവാനിയോസും ദീവന്നാസിയോസും നിൽക്കുകയും, അബ്രഹാം റമ്പാച്ചനോട് ചെയ്തികളെക്കുറിച്ച് ചോദിക്കുക

യും ഞാൻ പാപം ചെയ്തുപോയെന്നു മറുപടിപറയുകയും ചെയ്തു. അപ്പോൾ എപ്പിസ്കോപ്പായുടെ വേഷവിധാനങ്ങൾ ഉരിഞ്ഞ് മേശമേൽ വയ്ക്കുവാൻ പറയുകയും അപ്രകാരം അം ശവസ്ത്രങ്ങൾ ഉരിഞ്ഞ് വടി, മുടി, സ്ലീബായോടുകൂടി മേശപ്പു റത്തു വയ്ക്കുകയും സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തുപോയി നിന്റെ പുത്രനെന്നു വിളിക്ക പ്പെടുവാൻ ഞാൻ യോഗ്യനല്ല. കൂലിക്കാരനെപ്പോലെ എന്നെ കൈക്കൊള്ളേണമേ. ഞാൻ പാപം ചെയ്തു പോയതിനാൽ നിന്റെ ഭവനത്തിൽ അടിയാനെപ്പോലെ ഞാൻ ആയിക്കൊള്ളാം എന്നുള്ള പ്രാർത്ഥനചൊല്ലി മാപ്പ് അപേക്ഷിക്കുകയും ചെയ് തു. അവരോടുകൂടി മൂന്നുമാസം കണ്ടനാട്ടു താമസിക്കുകയും അനന്തരം രോഗിയാകുകയും അപ്പോൾ ചികിത്സാർത്ഥം പോക ണമെന്നു ആവശ്യപ്പെടുകയും അവർ അനുവദിച്ചപ്രകാരം പേ ാകുകയും ചെയ്തു. ഡച്ചു കമ്പിനിക്കാരുടെ അധികാരത്തിൽ പെട്ട മലബാറിലെ അഞ്ഞൂരിലേക്ക് (തൊഴിയൂർ) പോകുകയും അവിടെവച്ച് വീണ്ടും എപ്പിസ്കോപ്പയുടെ വസ്ത്രം അണിയുക യുമാണ് ചെയ്തത്. ഇദ്ദേഹത്തിൽ നിന്നാണ് അഞ്ഞൂരുകാരുടെ നിയമാനുസൃതമല്ലാത്ത എപ്പിസ്കോപ്പാ സ്ഥാനം സമാരംഭിച്ചത്. അങ്ങനെയല്ലെന്നും അഭിപ്രായമുണ്ട്.

അനന്തരം മോർ ഈവാനിയോസ്, മോർ ദീവന്നാസീയോസ് ഒന്നാമനോടൊരുമിച്ച് സഭാകാര്യങ്ങൾ ഉത്സാഹപൂർവ്വം നടത്തി വരുകയും 1794 മേടമാസം (നീസോൻ) 7-ാം തീയതി കാലംചെ യ്ത് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ കബറടക്കപ്പെ ടുകയും ചെയ്തു.

## പുണ്യശ്ലോകനായ മോർ ദീവന്നാസിയോസ് ജോസഫ്

**(എ. ഡി. 1833 – 1909)**

കുന്നംകുളത്ത് പുലിക്കോട്ടിൽ കുര്യന്റെയും താണ്ടയുടെയും മകനായ ജോസഫ് 1833 ഡിസംബർ 7-ാം തീയതി ജനിച്ചു. 13-ാം വയസ്സിൽ ചേപ്പാട്ട് മോർ ദീവന്നാസിയോസ് മെത്രാപ്പോ

ലീത്തായിൽ നിന്നു കോതമംഗലം ചെറിയപള്ളിയിൽ വച്ച് ശെമ്മാശ പട്ടവും, 20-ാം വയസ്സിൽ മോർ കൂറീലോസ് യൂയാക്കീം ബാവായിൽ നിന്ന് ചാലിശ്ശേരി പള്ളിയിൽവച്ച് കശീശപട്ടവും സ്വീകരിച്ചു.

പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ നവീകരണ ആശയങ്ങൾ അക്കാലത്ത് സഭയിൽ പ്രചരിച്ചിരുന്നു. നവീകരണത്തിന്റെ വക്താവായ പാലക്കുന്നത്ത് അബ്രഹാം മല്പാൻ സഹോദരപുത്രനായ മാത്യൂസ് ശെമ്മാശനെ, ജനങ്ങളാൽ മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു എന്ന വ്യാജേന അന്ത്യോഖ്യായിലേക്കയച്ചു. പ. പാത്രിയർക്കീസ് ബാവായെ തെറ്റിദ്ധരിപ്പിച്ച് മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട് മലങ്കരയിൽ തിരിച്ചെത്തി. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഒത്താശയോടെ 'മലങ്കര മെത്രാപ്പോലീത്താ' എന്ന സ്ഥാനം രാജകീയ വിളംബരപ്രകാരം നേടിയെടുക്കുകയും ചെയ്തു.

മേൽ പറഞ്ഞ വിളംബരം ഭരണസ്വാധീനമുപയോഗിച്ച് നേടിയെടുത്തെങ്കിലും നവീകരണ ആശയങ്ങൾ പരസ്യമായി പ്രചരിപ്പിക്കുകയോ, അപ്രകാരം കൂദാശാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്തില്ലെങ്കിലും നവീകരണക്കാരെ സഹായിക്കുകയും അവരുടെ ആശയ പ്രചരണത്തിനു വഴി ഒരുക്കുകയും ചെയ്തു.

ഈ ദുരവസ്ഥ പരിഹരിക്കേണ്ടത് അത്യാവശ്യമാകയാൽ കോട്ടയം ഇടവഴിക്കൽ ഫീലിപ്പോസ് കശീശ, പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മേല്പട്ട സ്ഥാനത്തേക്ക് നിർദ്ദേശിച്ചു. പരിശുദ്ധ കൂറീലോസ് യൂയാക്കീം ബാവാ പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് കത്തുകളയയ്ക്കുകയും 1038 കുംഭം 27-ാം തീയതി ജോസഫ് കത്തനാർ ശീമയിലേക്ക് യാത്രതിരിക്കുകയും ചെയ്തു.

പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് ദ്വിതീയൻ ബാവ (1847-1871) ജോസഫ് കശീശായെ ടർക്കിയിലെ ആമീദ് പട്ടണത്തിലെ പള്ളിയിൽവച്ച് മോർ ദീവന്നാസിയോസ് എന്ന പേരിൽ 1865ൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മോർ ദീവ

ന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്താ നാട്ടിൽ തിരിച്ചെത്തിയ ശേഷം നവീകരണകാർക്ക് എതിരായും മലങ്കര സഭാവക സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനും ശ്രമമാരംഭിച്ചു. എന്നാൽ ഭരണ സ്വാധീനമുണ്ടായിരുന്നതിനാൽ നവീകരണക്കാരെ പരാജയപ്പെടുത്താൻ സാധിക്കാതെ വന്നു.

മോർ ദീവന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്ത മലങ്കരയിലെ സംഭവ വികാസങ്ങളും ബ്രിട്ടീഷ് ഭരണാധികാരികളുടെ നിലപാടുകളും പരിശുദ്ധ പത്രോസ് തൃതീയൻ (നാലാമൻ) പാത്രിയർക്കീസ് ബാവായെ (1872-1894) അറിയിച്ചു. പ. പത്രോസ് തൃതീയൻ ബാവാ ഇംഗ്ലണ്ടിലെ രാജാവിനെ സന്ദർശിക്കുകയും പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തു. ഇതേ തുടർന്ന് മോർ അത്താനാസിയോസിന്റെ രാജകീയ വിളംബരം പിൻവലിക്കപ്പെട്ടു.

പ. പത്രൊസ് തൃതീയൻ ബാവാ 1875ൽ മലങ്കരയിലേക്കെഴുന്നെള്ളി. 1876 മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുകയും, ഏഴ് ഭദ്രാസനങ്ങളായി മലങ്കര സഭയുടെ ഭരണം ക്രമീകരിക്കുകയും പുതിയ മെത്രാപ്പോലീത്തന്മാരെ വിവിധ ഭദ്രാസനങ്ങൾക്കുവേണ്ടി വാഴിക്കുകയും ചെയ്തു. ഈ സംഭവങ്ങൾ മലങ്കരസഭയ്ക്ക് പുതിയ ഉണർവ് നൽകി. പുലിക്കോട്ടിൽ മോർ ദീവന്നാസിയോസ് ജോസഫ് തിരുമേനി സഭയുടെ പൊതുകാര്യങ്ങളിൽ ശ്രദ്ധചെലുത്തുകയും ശക്തമായ നിലപാടുകളെടുക്കുകയും ചെയ്തു.

നവീകരണക്കാരിൽ നിന്ന് സഭാസ്വത്തുക്കൾ വീണ്ടെടുക്കുന്നതിന് പുതിയ കേസ് ഫയൽ ചെയ്തു. ജില്ലാ കോടതിയും, റോയൽ കോടതിയും മോർ ദീവന്നാസിയോസ് തിരുമേനിക്ക് അനുകൂലമായി വിധിയെഴുതി. ഇതേ തുടർന്ന് സെമിനാരിയും പൊതു സ്വത്തുക്കളും തിരുമേനിക്കു വീണ്ടുകിട്ടി. കോട്ടയം ചെറിയപള്ളി, ആർത്താറ്റ് പള്ളി തുടങ്ങിയ പ്രശസ്തമായ പല ദൈവാലയങ്ങളും തിരികെ ലഭിച്ചതിനാൽ സഭാഭരണം ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുന്നതിന് തിരുമേനിക്ക് സാധിച്ചു.

മോർ ദീവന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്തായുടെ ഭരണ കാലഘട്ടത്തിൽ എം. ഡി. സെമിനാരി ഹൈസ്ക്കൂൾ

(1892) ഉൾപ്പെടെ പല വിദ്യാലയങ്ങളും ആരംഭിച്ചു. പള്ളികളുടെ എണ്ണം 175ൽ നിന്നും 282 ആയി വർധിച്ചു. കോട്ടയം, പാമ്പാക്കുട, പരുമല എന്നിവിടങ്ങളിൽ വൈദിക പാഠശാലകൾ ആരംഭിച്ചു. *ഇടവക പത്രിക, ജ്ഞാനനിക്ഷേപം, സുറിയാനി സഭാ സുവിശേഷകൻ* എന്നീ മാസികകൾ ആരംഭിക്കുകയും സഭാ സംബന്ധമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. മിഷ്യൻ പ്രവർത്തനങ്ങൾക്കായി യാക്കോബായ സുറിയാനി സുവിശേഷ സംഘം രൂപീകരിച്ചു. കൂടാതെ, തിരുവനന്തപുരത്ത് പള്ളിയും വെട്ടിക്കൽ ദയറായും സ്ഥാപിക്കുകയും ചെയ്തു.

1901ൽ തിരുമേനിയുടെ പൗരോഹിത്യ ജൂബിലി കോട്ടയത്തു വച്ച് ആഘോഷിച്ചു. ശ്രീ. ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ തിരുമേനിയുടെ വിശ്വസ്ത സഹായിയായി പ്രവർത്തിച്ചു. 1902ൽ പുലിക്കോട്ടിൽ തിരുമേനിയുടെ പിൻഗാമിയെന്നു കരുതിയിരുന്ന ചാത്തുരുത്തിൽ തിരുമേനി കാലംചെയ്തു. 1907 നവംബർ 2 ന് അങ്കമാലി കോട്ടയം ഭദ്രാസനത്തിന്റെ കടവിൽ മോർ അത്താനാസിയോസ് പൗലോസ് മെത്രാപ്പോലത്ത കാലംചെയ്തു. ഇതേതുടർന്ന് 1908ൽ പരിശുദ്ധ അബ്ദേദ് ആലൊഹൊ രണ്ടാമൻ പാത്രിയർക്കീസ് ബാവാ യെരൂശലേമിലെ മർക്കോസിന്റെ ദയറായിൽ വച്ച് വാഴിച്ച രണ്ടു മെത്രാപ്പോലീത്തന്മാരാണ് കൊച്ചുപറമ്പിൽ മോർ കൂറിലോസ് പൗലോസ് തിരുമേനിയും വട്ടശ്ശേരിൽ മോർ ദീവന്നാസിയോസ് ഗീവർഗ്ഗീസ് തിരുമേനിയും.

നാലര പതിറ്റാണ്ടു മലങ്കരസഭയെ ശുശ്രൂഷിച്ച പുണ്യശ്ലോകനായ തിരുമേനി 1909 ആയപ്പോഴേക്കും വാതരോഗം മൂലം ശയ്യാംവലംബനായി. 1909 ജൂലൈ 11-ാം തീയതി 76-ാം വയസ്സിൽ കാലംചെയ്തു. മഹാരാജാക്കന്മാർ, വൈസ്രോയി, റസിഡന്റ് സായിപ്പ് തുടങ്ങിയ പ്രമുഖർ അനുശോചന സന്ദേശങ്ങളയച്ചു. അന്ത്യോഖ്യാ സിംഹാസന പ്രതിനിധി പരിശുദ്ധ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ അർപ്പിച്ച വി. കുർബ്ബാനാനന്തരം പഴയ സെമിനാരി ചാപ്പലിന്റെ വടക്കുവശത്ത് കബറടക്കി. പുണ്യശ്ലോകനായ പുലിക്കോട്ടിൽ മോർ ദീവന്നാസിയോസ് ജോസഫ് തിരുമേനിയുടെ ഓർമ്മ ജൂലൈ 11-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

Note: കുന്നംകുളം പുലിക്കോട്ടിൽ കുടുംബത്തിൽ നിന്നുള്ള രണ്ടാമത്തെ മെത്രാപ്പോലീത്തായായ ഇദ്ദേഹത്തെ മോർദീവന്നാസിയോസ് അഞ്ചാമനെന്നും (പുലിക്കോട്ടിൽ രണ്ടാമനെന്നും) അറിയപ്പെടുന്നു. പഴയ സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ഒന്നാമൻ, മോർ ദീവന്നാസിയോസ് രണ്ടാമൻ എന്നും അറിയപ്പെടുന്നു.

# പുണ്യശ്ലോകനായ
# കടവിൽ മോർ അത്താനാസിയോസ് പൗലോസ്

**(എ. ഡി. 1833 - 1907)**

വടക്കൻ പറവൂർ കടവിൽ കൂരൻ അവിര വർക്കിയുടെയും വടക്കൻ പറവൂർ വട്ടപ്പറമ്പത്ത് അന്നയുടെയും മകനായി 1833 (M. E. 1008) വൃശ്ചികം 19-ാം തീയതി പൗലോസ് ജനിച്ചു. ബാല്യത്തിൽ തന്നെ ഭക്തനും സൽസ്വഭാവിയുമായിരുന്ന പൗലോസ് ഏവർക്കും പ്രിയങ്കരനായിരുന്നു.

1846 (M. E. 1021) കുംഭം 10-ാം തീയതി ചേപ്പാട്ട് മോർ ദീവന്നാസിയോസ് തിരുമേനിയിൽനിന്ന് കോട്ടയം ചെറിയപള്ളിയിൽ വച്ച് 13-ാം വയസ്സിൽ കോറൂയോസ്ഥാനം സ്വീകരിച്ചു. വടക്കൻ പറവൂർ ഈരാളിൽ എബ്രഹാം കത്തനാർ, അങ്കമാലി പാറയ്ക്കൽ മത്തായി കത്തനാർ, അകപ്പറമ്പ് അരീയ്ക്കൽ (ചക്കര അകത്തൂട്ട്) ദാവീദ് കത്തനാർ എന്നിവരായിരുന്നു പൗലോസ് ശെമ്മാശന്റെ ഗുരുക്കന്മാർ.

1847 (M. E. 1022) ചിങ്ങമാസത്തിൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി പരിശുദ്ധ മോർ കൂറിലോസ് യൂയാക്കീം ബാവായിൽ നിന്ന് ചാലിശ്ശേരി പള്ളിയിൽവച്ച് മ്ശംശൊനോ സ്ഥാനം സ്വീകരിച്ചു. പൗലോസ് ശെമ്മാശൻ മോർ കൂറിലോസ് യൂയാക്കീം ബാവായുടെ ദ്വിഭാഷിയായിരുന്നു. ഈ സഹവാസം സുറിയാനി ഭാഷയിൽ നല്ല പരിജ്ഞാനമുണ്ടാകുന്നതിന് ഇടയായി തീർന്നു.

പിന്നീട് പല പഴയനിയമ പുസ്തകങ്ങളും (തൂബിദിന്റെ പുസ്തകം, മസുമുറാകൾ, ശലോമോന്റെ ജ്ഞാനം, മക്കാബിയർ) തർജ്ജമ ചെയ്യുന്നതിന് മോർ അത്താനാസിയോസ് തിരുമേനിക്കു സാധിച്ചു.

1854 (M. E. 1029) മകരം 6ന് പരിശുദ്ധനായ മോർ കൂറീലോസ് യൂയാക്കീം ബാവായിൽ നിന്ന് പൗലോസ് ശെമ്മാശൻ കശീശ്ശസ്ഥാനം സ്വീകരിച്ചു. സ്വന്തം ഇടവകയായ വടക്കൻ പറവൂർ പള്ളിയിൽ നവപൂജാർപ്പണം നടത്തി പള്ളിയുടെ ഭരണചുമതല ഏറ്റെടുക്കാതെ (?) ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിൽ വ്യാപൃതനായി. തുടർന്ന് കോട്ടയം പഴയ സെമിനാരിയിലെ പ്രധാന മല്പാനായി സേവനമനുഷ്ഠിച്ചു.

ബ. പൗലോസ് മല്പാന്റെ കഴിവും പാണ്ഡിത്യവും മലങ്കരയിലെങ്ങും പ്രസിദ്ധമായി. കോട്ടയം വൈദിക സെമിനാരിയിൽ മല്പാനായിരിക്കെ മലബാർ സ്വതന്ത്രസുറിയാനി സഭയിലെ യൗസേഫ് മോർ കൂറിലോസ് (ആലത്തൂർ) മെത്രാപ്പോലീത്താ ഒരിക്കൽ നേരിട്ടും പലതവണ ആൾവഴിയായും തന്റെ പിൻഗാമിയായി ആ സഭയിൽ മെത്രാപ്പോലീത്തായാകണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും പൗലോസ് കശീശ്ശ അത് സ്വീകരിച്ചില്ല.

1875ൽ പരിശുദ്ധ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എഴുന്നെള്ളി. ഈ അവസരത്തിൽ ബ. പൗലോസ് മല്പാൻ ബാവായെ അനുയാത്ര ചെയ്തു. 1876-ൽ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ വിളിച്ചുചേർത്ത സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനും, തുടർന്നുള്ള പുതിയ ഭരണക്രമവും, ഭദ്രാസന വിഭജനവും മൂലം പുതുതായി 6 മെത്രാപ്പോലീത്തന്മാരെ പരിശുദ്ധ പാത്രിയർക്കീസ് ബാവാ വാഴിക്കുകയുണ്ടായി. അവരിൽ ഒരാളാണ് ബ. പൗലോസ് മല്പാൻ.

1875 (M. E. 1051) മിഥുനം 15-ാം തീയ്യതി പ. പാത്രിയർക്കീസ് ബാവാ പൗലോസ് മല്പാനച്ചനെ റമ്പാച്ചനായി സ്ഥാനം നൽകി. 1876 (M. E. 1052) വൃശ്ചികം 21-ാം തീയതി സ്വന്തം ഇടവകയായ വടക്കൻ പറവൂർ പള്ളിയിൽവച്ച് മോർ അത്തനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. പ. പാത്രിയർ

ക്കീസ് ബാവായ്ക്ക് അത്താനാസിയോസ് തിരുമേനിയോടുള്ള പ്രത്യേക വാത്സല്യംകൊണ്ട് തിരുമേനിയുടെ സ്ഥാത്തിക്കോനിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ മലയാളത്തെ (മലങ്കരയിലെ) പ്രതിപുരുഷൻ എന്ന പ്രത്യേക പദവി നൽകിയിരുന്നു.

1889ൽ കോട്ടം പഴയ സെമിനാരി (കേസിൽ) തിരിച്ചു കിട്ടിയതിനെ തുടർന്ന് അവിടെ താമസിച്ച് കോട്ടയം ഭദ്രാസന ഭരണത്തോടൊപ്പം വൈദികരുടെ പഠനത്തിന്റെ മേൽനോട്ടവും നിർവ്വഹിച്ചു. പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നവീകരണ ശ്രമങ്ങളെ തുടർന്ന് മണർകാട് താഴത്തെപള്ളി അടച്ചുപൂട്ടിയപ്പോൾ കരോട്ടെ പള്ളി പണികഴിപ്പിക്കുന്നതിന് മണർകാട് പള്ളിയിൽ താമസിച്ച് പണികൾക്ക് നിർദ്ദേശങ്ങൾ നൽകി. കൂടാതെ കല്ലുങ്കത്ര, കുമരകം, വെളിയനാട് എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി.

ഗോവയിലെ കത്തോലിക്കരിൽ നിന്ന് സുറിയാനി സഭയിൽ ചേർന്ന ഫാ. അൽവാറിസിനെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം 1889 ജൂലൈ 29-ാം തീയതി കോട്ടയം പഴയ സെമിനാരിയിൽവച്ച് മോർ യൂലിയോസ് എന്ന പേരിലും, അമേരിക്കക്കാരനായ ഫാ. റെനിവിലാത്തിലെ 1892 മെയ് 29 ന് സിലോണിൽവച്ച് മോർ തീമോത്തിയോസ് എന്ന പേരിലും മെത്രാപ്പോലീത്തന്മാരായി വാഴിച്ചപ്പോൾ മോർ അത്താനാസിയോസ് പൗലോസ് തിരുമേനി സഹകാർമ്മികനായിരുന്നു.

അങ്കമാലി ഭദ്രാസനത്തിന്റെ അമ്പാട്ട് മോർ കൂറീലോസ് തിരുമേനി 1891ൽ കാലം ചെയ്തശേഷം ആ ഭദ്രാസനത്തിന്റെ ചുമതലയും മോർ അത്താനാസിയോസ് പൗലോസ് തിരുമേനിയിൽ വന്നു ചേർന്നു. കോതമംഗലം ചെറിയപള്ളി ഉൾപ്പെടെ പല പള്ളികളുടെയും 'കുദിശ് കുദ്ശീൻ' തിരുമേനി തന്നെ രൂപകല്പന ചെയ്ത് പണികഴിപ്പിച്ചിട്ടുള്ളതാണ്.

അമ്പാട്ട് മോർ കൂറീലോസ് തിരുമേനി സ്ഥാപിച്ച ആലുവ തൃക്കുന്നത്തു പള്ളിയുടെ പണി പൂർത്തിയാക്കിയത് മോർ അത്താനാസിയോസ് പൗലോസ് തിരുമേനിയാണ്. പ്രശസ്തവും ധനാഢ്യവുമായ കടവിൽ (കൂരൻ) കുടുംബവകയായി തിരുമേ

നിക്കു ലഭിച്ച സ്വത്തുക്കൾ തന്റെ ഇടവകയായ വടക്കൻ പറവൂർ പള്ളിക്കും ആലുവ തൃക്കുന്നത്തു സെമിനാരിക്കും ദാനംചെയ്ത് ആയതിന് ഒരു വിൽപത്രവും രജിസ്റ്റർ ചെയ്തു.

പുണ്യശ്ലോകനായ തിരുമേനി 1907 തുലാമാസം 20-ാം തിയതി കാലംചെയ്ത് ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ കബറടക്കപ്പെട്ടു. തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൽ നവംബർ 2-ാം തീയതി ആചരിക്കുന്നു.

## പുണ്യശ്ലോകനായ മോർ സേവേറിയോസ് പൗലോസ്

**(എ. ഡി. 1910 - 1962)**

വിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ചെറായി വലിയ പള്ളി ഇടവകയിലെ മുളയിരിക്കൽ ഇട്ടൂപ്പിന്റെയും (കുഞ്ഞിട്ടൂപ്പ്) നെടുമ്പാശ്ശേരി വല്ലത്തുക്കാരൻ എളച്ചിയുടെയും മകനായി പൗലോസ് 1910 നവംബർ 6-ാം തീയതി ജനിച്ചു. കുഞ്ഞ് എന്നായിരുന്നു പൗലോസിന്റെ വിളിപ്പേര്.

പൗലോസിന് യാക്കോബ്, വറുഗീസ് എന്നീ രണ്ടു സഹോദരന്മാരുണ്ടായിരുന്നു. യാക്കോബു പിതാവിന്റെ ആദ്യ വിവാഹത്തിൽ നിന്നുള്ള പുത്രനാണ്. ശിശുവായിരുന്നപ്പോൾ വിക്കുണ്ടായിരുന്ന പൗലോസ് മൂന്നു വയസ്സിനു ശേഷമാണ് ശരിയായി സംസാരിക്കുന്നതിനും നടക്കുന്നതിനും ആരംഭിച്ചത് (മാർ സേവേറിയോസ് സ്മരണകൾ, 1962).

പതിനൊന്നു വയസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മൂന്നു വർഷത്തോളം അയ്യമ്പിള്ളി വികാരി മുറിമറ്റത്തിൽ വർഗ്ഗീസ് കത്തനാരിൽനിന്നും സുറിയാനി പഠിച്ചു. വീണ്ടും പതിനാലാമത്തെ വയസ്സിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ചെറായി രാമവർമ്മ യൂണിയൻ സ്കൂളിൽ ചേർന്ന് പഠിച്ചു.

1926 ൽ ആരക്കുന്നം സെന്റ് ജോർജ്ജ് പള്ളിയിൽവച്ച് ആലുവായിലെ വലിയ തിരുമേനി ശെമ്മാശപട്ടം നൽകി. ശെമ്മാശ

നായ ശേഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസം തുടരുകയും 1929 ൽ സ്കൂൾ ഫൈനൽ പാസാകുകയും ചെയ്തു. വലിയ തിരുമേനിയുടെ കല്പനപ്രകാരം 1929 ൽ ആലുവ തൃക്കുന്നത്തു സെമിനാരിയിലേക്കു താമസംമാറ്റി. സെമിനാരിയിൽ വയലിപ്പറമ്പിൽ ഗീവറുഗീസ് ശെമ്മാശനും മുളയിരിക്കൽ പൗലോസ് ശെമ്മാശനും സഹപാഠികളായിരുന്നു. സെമിനാരിയിൽ എം. റ്റി. ഇട്ടീര മല്പാനിൽ (കോതമംഗലം) നിന്നും സുറിയാനി കൂടുതലായി പഠിച്ചു. 1930ൽ വലിയ തിരുമേനി കശ്ശീശാപട്ടം നൽകി.

സുറിയാനി ഗീതങ്ങൾ ആലപിക്കുന്നതിലും സുറിയാനി ഗ്രന്ഥങ്ങൾ പകർത്തിയെഴുതുന്നതിലും പൗലോസ് കത്തനാർ സമർത്ഥനായിരുന്നു. താഴ്ന്ന ക്ലാസ്സിലെ ശെമ്മാശന്മാരെയും പൗലോസ് കത്തനാർ പഠിപ്പിക്കുമായിരുന്നു.

1934 ആഗസ്റ്റ് 19-ാം തീയതി ആലുവയിലെ പൗലോസ് മോർ അത്താനാസിയോസ് തിരുമേനി തൃക്കുന്നത്തു സെമിനാരിയിൽവച്ച് മുളയിരിക്കൽ എം. ഐ. പൗലോസ് കത്തനാർക്കും വഞ്ചിത്താറ്റിൽ എം. കുരിയാക്കോസ് കത്തനാർക്കും റമ്പാൻ സ്ഥാനം നൽകി.

1939ൽ വന്ദ്യ പൗലൂസ് റമ്പാച്ചൻ കൊരട്ടിയിലേക്കു താമസം മാറ്റി, മോർ കുരിയാക്കോസ് സഹദായുടെ നാമത്തിലുള്ള സീനായ് ആശ്രമം സ്ഥാപിച്ചു. അന്നുവരെ പീച്ചാനിക്കാട്ടെ താബോർ പള്ളിയിലായിരുന്നു മാമ്പ്രയിലെ സുറിയാനിക്കാർ ആരാധനയിൽ സംബന്ധിച്ചിരുന്നത്. നാലഞ്ചു വർഷം അവിടെ താമസിച്ച് ഒരു ദൈവാലയവും പള്ളിക്കെട്ടിടവും പണികഴിപ്പിച്ചു.

1944 മെയ് 10-ാം തീയതി ആലുവായിലെ വലിയ തിരുമേനിയുടെ 30/1944 കല്പനപ്രകാരം കരിങ്ങാച്ചിറപള്ളിയിൽ കൂടിയ കൊച്ചി ഭദ്രാസനപള്ളി പ്രതിപുരുഷയോഗം വന്ദ്യ പൗലൂസ് റമ്പാച്ചനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ആയതിന് ചില തടസ്സങ്ങൾ നേരിട്ടുവെങ്കിലും 1946 ആഗസ്റ്റ് 4-ാം തീയതി പൗലൂസ് റമ്പാച്ചൻ മോർ സേവേറിയോസ് എന്ന പേരിലും വയലിപ്പറമ്പിൽ ഗീവറുഗീസ് കത്തനാർ മോർ ഗ്രീഗോറിയോസ് എന്ന പേരിലും ഹോംസിലെ (സിറിയ) സിംഹാസന ദൈവാലയത്തിൽവച്ച് മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽനിന്നും പ്രധാനാചാര്യത്വം കൈക്കൊണ്ടു.

മേല്പട്ട സ്ഥാനമേല്ക്കുന്നതിന് ഹോംസിലേക്കു പോയപ്പോൾ മഞ്ഞനിക്കരയിൽ താമസിച്ചുവന്നിരുന്ന വന്ദ്യ അബ്ദുൾ ആഹാദ് റമ്പാച്ചനും (പിന്നീട് മോറാൻ യാക്കോബ് തൃതീയൻ ബാവ) സ്വദേശത്തേക്കു മടങ്ങിപ്പോയി.

കൊച്ചു പൗലോസിനെ മോർ സേവേറിയോസ് ആക്കി ഉയർത്തിയ ആധ്യാത്മിക ശില്പി, ആലുവയിലെ വലിയ തിരുമേനിയാണ്. 1886ൽ കൊച്ചി ഭദ്രാസനാധിപനായിരുന്ന മോർ ദീവന്നാസ്യോസ് ശെമവൂൻ മെത്രാപ്പോലീത്താ കാലംചെയ്ത ശേഷം 1946 വരെ 60 വർഷങ്ങൾ കൊച്ചി ഭദ്രാസനം മലങ്കര മെത്രാപ്പോലീത്തന്മാരുടെ ചുമതലയിലായിരുന്നു. ആയതിനാൽ യാതൊരു പൊതുസ്വത്തോ സ്ഥാപനമോ ഭദ്രാസനത്തിനുണ്ടായിരുന്നില്ല. ഭദ്രാസനത്തിന്റെ ചുമതല മോർ സേവേറിയോസ് തിരുമേനി ഏറ്റെടുത്തതു മുതൽ ഭദ്രാസനത്തിനു പുതിയ ഉന്മേഷം കൈവന്നു.

1951 ഫെബ്രുവരി 26-ാം തീയതി കൊരട്ടി സീയോൻ സെമിനാരിക്ക് ആലുവയിലെ വലിയ തിരുമേനി തറക്കല്ലിട്ട് പണിയാരംഭിച്ചു. 1958 ഏപ്രിൽ 17-ാം തീയതി സെമിനാരി കെട്ടിടം ഉൽഘാടനം ചെയ്ത സന്ദർഭത്തിൽ തിരുമേനിയുടെ പ്രസംഗം ശ്രദ്ധേയമായിരുന്നു: ‘‘ഈ അവസരത്തിൽ നാം, നമ്മെ ഈ പദവിയിലേക്കുയർത്തി സ്ഥാനം നൽകിയ പാവനസ്മരണാർഹനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ ശ്ലൈഹിക സിംഹാസനത്തിലെ നി. വ. ദി. മ. ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമേനിയെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഈ സുദിനത്തിൽ നമ്മളോടുകൂടി സന്തോഷിപ്പാനോ, ഇതിനു ഭാവുകം നേർന്ന് ഒരു അനുഗ്രഹ കല്പന നൽകുന്നതിനോ സാധിക്കാത്തവിധം ആ പുണ്യപിതാവ് വേർപ്പെട്ടു പോയതിൽ നമുക്കുള്ള ഖേദം എപ്രകാരമാണ് രേഖപ്പെടുത്തുക? . . . ആ പുണ്യവാന്റെ ആത്മീയ സാന്നിധ്യം ഇവിടെയുണ്ടെന്നുള്ള ഏക വിശ്വാസമാണ് ഇപ്പോൾ ആശ്വാസം നൽകുന്നത്.’’

ആലുവായിലെ വലിയ തിരുമേനിയോടൊന്നിച്ചുള്ള താമസവും പരിശീലനവും മലങ്കരയിലെ വിവിധ ഭദ്രാസനങ്ങളിലെ ആളുകളുമായി പരിചയപ്പെടുന്നതിനിടയായി. അന്ത്യോഖ്യാ

പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായുമായും ഏറെ സൗഹൃദം പുലർത്തിയിരുന്നു. എന്നാൽ 1958 ലെ സമാധാനത്തെ തുടർന്ന് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ നേരിട്ട് ഭരണത്തിലിരുന്ന ആർത്താറ് സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളി, കൊച്ചി ഭദ്രാസന പള്ളിയാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങളാണ് കുന്നുംകുളത്തെ പ്രശ്നങ്ങൾക്കെല്ലാം വഴിവച്ചത്.

1962 ലെ പരിശുദ്ധ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ ശ്രാദ്ധം (മാർച്ച് 19) നടത്തുന്നതിന് മോർ സേവേറിയോസ് തിരുമേനി മാർച്ച് 14-ാം തീയതി ബുധനാഴ്ച കുന്നുംകുളത്ത് സന്ധ്യയോടെ എത്തിചേർന്നു. കേസ്സ് നിലവിലിരുന്ന സാഹചര്യത്തിൽ മോർ സേവേറിയോസ് തിരുമേനിയെ അന്നത്തെ ചില വൈദികരും അത്മായക്കാരും സഹായിച്ചിരുന്നു. അന്ത്യോഖ്യാ പ്രതിനിധിയായ മോർ യൂലിയോസ് ഏലിയാസ് ബാവായെ സിംഹാസന പള്ളിയിൽ പ്രവേശിപ്പിക്കാതെ 1959 മുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്ന ഒരു സാഹചര്യം ആയിരുന്നു നിലനിന്നിരുന്നത്.

1962 മാർച്ച് 16-ാം തീയതി വെള്ളിയാഴ്ച സന്ധ്യക്കു മോർ സേവേറിയോസ് തിരുമേനി രണ്ടു ഫർലോങ്ങ് മാത്രം ദൂരത്തുള്ള ആർത്താറ്റ് വലിയ പള്ളിയിലേക്ക് കാൽനടയായി പോയി. പള്ളിയിലെത്തുന്നതിനു മുൻപ് നെഞ്ചുവേദന അനുഭവപ്പെട്ടു. സിംഹാസനപള്ളിയിൽ മടങ്ങിവന്ന് ശനിയാഴ്ച (മാർച്ച് 17) ഉച്ചഭക്ഷണത്തിനു ശേഷവും ശക്തമായ നെഞ്ചുവേദന അനുഭവപ്പെടുകയും കാലംചെയ്യുകയും ചയ്തു.

കൊരട്ടി സെമിനാരിയിൽ കൊണ്ടുപോയി കബറടക്കമെന്നാണ് തിരുമേനി ആഗ്രഹിച്ചിരുന്നതെന്ന് കൂടെയുണ്ടായിരുന്നവർ പറഞ്ഞെങ്കിലും തിരുമേനിയെ സിംഹാസനപള്ളിയിൽ കബറടക്കിയാൽ, കൊച്ചി ഭദ്രാസനപള്ളിയാക്കാൻ കൂടുതൽ ന്യായങ്ങളുണ്ടാക്കാമെന്ന നിർബ്ബന്ധത്തിൽ മാർച്ച് 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ആർത്താറ്റ് സിംഹാസന പള്ളിയുടെ തെക്കു ഭാഗത്ത് കബറടക്കപ്പെട്ടു. മാർ സേവേറിയോസ് പൗലോസ് തിരുമേനിയുടെ ശ്രാദ്ധം മാർച്ച് 17-ാം തീയതി ആചരിക്കുന്നു.

# പുണ്യശ്ലോകനായ കടവിൽ
# മോർ അത്താനാസ്യോസ് പൗലോസ് രണ്ടാമൻ
### (എ. ഡി. 1915 – 1991)

അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന കടവിൽ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയുടെ ജ്യേഷ്ഠൻ വർക്കിയുടെ മകൻ കടവിൽ കുര്യൻ പൗലോസിന്റെയും കുളങ്ങര തത്തോളിൽ ഈട്ടീച്ചന്റെ മൂത്ത മകൾ കുഞ്ഞന്നത്തിന്റെയും നാല് ആൺമക്കളിൽ ഇളയപുത്രനായി 1915 ജൂൺ 27–ാം തീയതി പൗലോസ് ജനിച്ചു.

ആലുവ യു. സി. കോളേജിൽ നിന്ന് B. A. (1941), മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും തത്വശാസ്ത്രത്തിൽ M. A, കൊളംബിയ സർവ്വകലാശാലയിൽനിന്നും M. A, (1950), കേരള സർവ്വകലാശാലയിൽ നിന്നും Ph.D. (1966) ഡോക്ടറേറ്റും, സ്വീഡനിൽ നിന്നും D. D. യും (1974), D.Litt. എന്നീ ബിരുദങ്ങളും ലഭിക്കുകയുണ്ടായി.

1938ൽ മോർ യൂലിയോസ് ബാവായിൽ നിന്നും കോറുയോ പട്ടവും 1944ൽ ആലുവായിലെ പരിശുദ്ധ മോർ അത്താനാസ്യോസ് പൗലോസ് വലിയതിരുമേനിയിൽ നിന്ന് കശ്ശീശ പട്ടവും 1947ൽ (ചിങ്ങം 24) മോർ യൂലിയോസ് ബാവായിൽ നിന്നും ആലുവ തൃക്കുന്നത്ത് സെമിനാരിയിൽവച്ച് റമ്പാൻ സ്ഥാനവും സ്വീകരിച്ചു.

ആലുവ തൃക്കുന്നത്ത് സെമിനാരി മല്പാനായി ഏതാനും വർഷങ്ങൾ പ്രവർത്തിച്ചു. എഴുത്തുകാരൻ, ധ്യാനഗുരു, പ്രസംഗകൻ എന്നീ നിലകളിൽ ശ്രേഷ്ഠമായ സേവനങ്ങൾ നടത്തി. ഇംഗ്ലീഷിലും മലയാളത്തിലും ഈടുറ്റ അനേകം ഗ്രന്ഥങ്ങൾ സുറിയാനി ഭാഷാവിദഗ്ധനായ റമ്പാച്ചൻ രചിച്ചിട്ടുണ്ട്. സുറിയാനിയിൽ നിന്നും മലയാളം, ഇംഗ്ലീഷ് ഭാഷകളിലേക്ക് പ്രാർത്ഥനാക്രമങ്ങൾ, കുർബ്ബാന തക്സ മുതലായവയും സുറിയാനി ട്യൂണിൽ കുർബ്ബാനക്രമത്തിലെ ഗാനങ്ങൾ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അറബി, ബംഗാളി, ഫ്രഞ്ച് തുടങ്ങിയ ഭാഷകൾ പഠിച്ചിട്ടുള്ള തിരുമേനി *ബൈബിളും*

*ഇന്ത്യയും, ആചാര്യ സഹായി, ശുശ്രൂഷക സഹായി, Four Jacobite Liturgies, Meaning and Interpretation of Eucharist of the Syrian Church,* The Orthodox Syrian Church: Its religion and philosophy (Ph.D. Thesis), *സെൻട്രൽ ജയിൽ അഞ്ചുവർഷങ്ങൾ, ശീമയാത്ര, ഞാൻ കണ്ട ഇന്ത്യയും, ഇംഗ്ലണ്ടും, അമേരിക്കയും, ഇന്നത്തെ വിദ്യാർത്ഥികൾ, രണ്ടു വൃദ്ധന്മാർ, സുറിയാനി കവിതകൾ* തുടങ്ങി 30-ൽ പരം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ചിത്രരചന തിരുമനസ്സിന്റെ ഒരു പ്രധാന വിനോദമായിരുന്നു. പൗരസ്ത്യസുവിശേഷ സമാജം പ്രസിഡന്റ്, അഡ്മിനിസ്ട്രേറ്റർ തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

1970കളിൽ മലങ്കരയിൽ ഉണ്ടായ സഭയുടെ പ്രതിസന്ധിഘട്ടത്തിൽ സുവിശേഷ സമാജത്തിന്റെ അപേക്ഷപ്രകാരം സമാജത്തിന്റെ മിഷ്യൻ ഡയറക്ടറായി പ്രവർത്തിച്ചുവന്നിരുന്ന വന്ദ്യ ഡോ. പോൾ റമ്പാച്ചനെ 1973 സെപ്തംബർ 2-ാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മോർ അത്താനാസ്യോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു. തന്റെ പൂർവ്വികനായ കടവിൽ തിരുമേനിയുടെ അതേ നാമമാണ് തിരുമേനിക്കും പരിശുദ്ധ പാത്രിയർക്കീസ് ബാവാ നൽകിയത്.

പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനിയുടെ ആലസ്യകാലത്ത് (1955) വന്ദ്യ ഡോ. പോൾ റമ്പാച്ചനെ നിരണം, കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങൾ സഹായ മെത്രാപ്പോലീത്തയായി തിരഞ്ഞെടുത്തിരുന്നതാണ്. ഏതായാലും സഭയുടെ പ്രതിസന്ധിഘട്ടത്തിൽ ഒന്നാമതായി മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. 1973 മുതൽ സഭയിലും സുവിശേഷസമാജത്തിലും ധീരമായ നേതൃത്വം നൽകിയ തിരുമേനി 70 വയസ് തികഞ്ഞപ്പോൾ 1985ൽ ഭരണകാര്യങ്ങളിൽ നിന്ന് വിരമിച്ച് ചെറിയ വാപ്പിലശേരി പള്ളിയയിൽ വിശ്രമജീവിതം നയിച്ചു. 1991 മാർച്ച് 6-ാം തീയതി രാത്രി* 11:25ന് കാലംചെയ്ത് ചെറിയ വാപ്പിലശ്ശേരി മോർ ഇഗ്നത്തിയോസ് പള്ളിയിൽ കബറടങ്ങി. പുണ്യശ്ലോകനായ തിരുമേനിയുടെ ശ്രാദ്ധം മാർച്ച് 7-ാം തീയതി ആചരിക്കുന്നു.

ഈ വിശദാംശങ്ങൾ ലഭ്യമാക്കിയത് ബഹു. കെ.വി. ജോൺ അച്ചനാണ്.

## പുണ്യശ്ലോകനായ
## മോർ കൂറീലോസ് കുരിയാക്കോസ്
### (എ. ഡി. 1935 - 1995)

മോർ കൂറീലോസ് കുരിയാക്കോസ് തിരുമേനി 1935 മെയ് 1-ാം തീയതി മേപ്രാൽ പൂതികോട്ട് പായിക്കണ്ടത്തിൽ ചെറിയാൻ ജോർജ്ജിന്റെയും അന്നമ്മയുടെയും മകനായി ജനിച്ചു.

വീയപുരം സെന്റ് തോമസ് മിഡിൽ സ്കൂൾ, തിരുവല്ല M.G.M. ഹൈസ്ക്കൂൾ, ആലുവ U.C. കോളേജ്, കോട്ടയം C.M.S. കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി.

1956 മെയ് 8-ാം തീയതി മേപ്രാൽ സെന്റ് ജോൺസ് വലിയ പള്ളിയിൽവച്ച് അങ്കമാലി, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടം ഏറ്റു. വൈദികവിദ്യാഭ്യാസം വന്ദ്യ മാടപ്പാട്ട് യാക്കോബ് റമ്പാച്ചന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചു. മലങ്കരമല്പാൻ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായും തിരുമേനിയുടെ ഗുരുനാഥനാണ്.

1961 ൽ കുമരകം ആറ്റാമംഗലം പള്ളിയിൽവച്ച് അമേരിക്കയുടെയും, കാനഡയുടെയും ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് യേശു ശമുവേൽ മെത്രാപ്പോലീത്തായിൽ നിന്ന് യൗഫദ്യക്കിനോ പട്ടം സ്വീകരിച്ചു. 1962 ഫെബ്രുവരി 2-ാം തീയതി പിറമാടം ദയറായിൽവച്ച് പുണ്യശ്ലോകനായ മോർ ഫീലക്സിനോസ് (പിന്നീട് ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ) തിരുമേനിയിൽനിന്ന് കശ്ശീശ പട്ടം സ്വീകരിച്ചു.

മേപ്രാൽ വലിയ പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസന പള്ളി പ്രതിപുരുഷയോഗം മെത്രാപ്പോലീത്താ സ്ഥാനത്തേക്കു

ബ. കുര്യനച്ചനെ തെരഞ്ഞെടുത്തു. 1974 ജൂലൈ 21-ാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ദമസ്ക്കൊസിലെ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ വച്ച് മോർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

സഭാകേസിന്റെ നടത്തിപ്പിൽ മുഖ്യ പങ്കുവഹിച്ച തിരുമേനി പ്രമേഹരോഗിയായിരുന്നു. വിശ്രമരഹിതമായ ജീവിതക്രമം തിരുമേനിക്ക് താങ്ങാവുന്നതിനുപ്പുറമായിരുന്നു. എന്നിരുന്നാലും രണ്ടു പതിറ്റാണ്ടത്തെ സേവനങ്ങൾ സഭാമക്കൾക്ക് മറക്കാവുന്നതല്ല. അടൂർ മീഖായേൽ മോർ ദീവന്നാസിയോസ് ഐ. ടി. സി., വിലവൂർകോണം ഡെലിഗേറ്റ് മോർ ജൂലിയോസ് U. P. സ്ക്കൂൾ, ആദിച്ചനെല്ലൂർ സ്ക്കൂൾ, സെന്റ് മേരീസ് സ്നേഹസദനം എന്നിവ തിരുമേനി സ്ഥാപിച്ചതാണ്. മഞ്ഞനിക്കര തീർത്ഥാടകരുടെ സൗകര്യാർത്ഥം പല ക്രമീകരണങ്ങളും തിരുമേനി ചെയ്തിട്ടുണ്ട്. ആറന്മുളയിൽ കുരിശുംതൊട്ടി പണിയിക്കുകയും തീർത്ഥാടകർക്ക് ഭക്ഷണപൊതി വിതരണം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

ഒരു പതിറ്റാണ്ട് സണ്ടേസ്കൂൾ അസോസിയേഷൻ പ്രസിഡന്റായിരുന്ന തിരുമേനി അടൂരിൽ ഭദ്രാസന ആസ്ഥാനവും ചാപ്പലും സ്ഥാപിച്ച് പണികൾ നടത്തിവരുന്നതിനിടയിലാണ് 1995 മാർച്ച് 21-ാം തീയതി അടൂരിൽവച്ച് കാലംചെയ്തത്. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽനിന്ന് *മ്സബ്രോനോ നാസിഹോ* (ഉത്തമ സുവിശേഷകൻ) എന്ന ബഹുമതി തിരുമേനിക്കു നല്കിയിട്ടുണ്ട്.

മേപ്രാൽ വലിയപള്ളിയുടെ സമീപത്തുള്ള ഒരു ചെറിയ കെട്ടിടമായിരുന്നു തിരുമേനിയുടെ അരമന. പരിമിതമായ സൗകര്യങ്ങളിൽ ലളിതമായ ജീവിതം നയിച്ച തിരുമേനിയുടെ ശ്രാദ്ധ പെരുന്നാൾ മാർച്ച് 21-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

# പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് തോമസ്

**(ഏ. ഡി. 1904 - 2000)**

പന്തലുമാക്കിൽ കുടുംബത്തിൽപ്പെട്ട സീതാർകുഴി (പച്ചില ക്കാട്ട്) പുത്തൻപുരയിൽ മത്തായിയുടെയും അന്നമ്മയുടെയും മകനായ തോമസ് 1904 ജൂൺമാസം 5-ാം തീയതി ജനിച്ചു. ബാല്യകാലം ജന്മദേശമായ പുതുവേലിയിൽ തന്നെയായിരുന്നു.

പുതുവേലി പ്രൈമറി സ്കൂളിൽ 4-ാം ക്ലാസ്സുവരെ പഠനം നടത്തി. അതിനുശേഷം 7-ാം ക്ലാസ്സുവരെ കുറവിലങ്ങാട് സെന്റ് മേരീസ് സ്കൂളിലും, ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരി ഹൈസ്ക്കൂളിലും തിരുവല്ല എം. ജി. എം. ഹൈസ്ക്കൂളിലുമായി പൂർത്തിയാക്കി.

ചെറുപ്പത്തിൽ തന്നെ പ്രസംഗം, അഭിനയം, കവിത എന്നീ മേഘലകളിൽ താല്പര്യം കാണിച്ചിരുന്നു. കായികരംഗങ്ങളിലും തോമസ് വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു.

ഒൻപതു വയസ്സു പ്രായമുള്ളപ്പോൾ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പരിശുദ്ധ കൊച്ചുപറമ്പിൽ മോർ കൂറിലോസ് പൗലോസ് (പാണംപടി) മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോപട്ടം സ്വീകരിച്ചു. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് മിഡിൽ സ്കൂളിൽ പോകുന്നതിനു മുൻപ് മൂന്നു കൊല്ലത്തോളം പാമ്പാക്കുട സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തി. തുടർന്നുള്ള കാലങ്ങളിൽ വന്ദ്യകൊച്ചുപറമ്പിൽ ഗീവറുഗീസ് റമ്പാച്ചന്റെയും ബഹുമാനപ്പെട്ട കോനാട്ട് മാത്തൻ മല്പാനച്ചന്റെയും ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെയും ശിഷ്യനായിരുന്നിട്ടുണ്ട്.

കോട്ടയം സി. എം. എസ്. കോളേജിൽ നിന്ന് ഇന്റർമീഡിയറ്റും, ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്ന് ബിരുദവും സമ്പാദിച്ചു. 1930 ൽ കശീശ പട്ടമേറ്റു. തുടർന്ന് അന്ത്യോഖ്യാ സിംഹാസന പ്രതിനിധി അഭിവന്ദ്യ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ നിർദ്ദേശപ്രകാരം മദ്രാസിലെ സെന്റ് മത്ഥിയാസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

1940 ൽ സ്വദേശത്ത് തിരിച്ചെത്തിയശേഷം തിരുവനന്ത പുരം മഹാരാജാസ് ട്രെയിനിംഗ് കോളേജിൽ നിന്ന് B. T. ബിരുദം സമ്പാദിച്ചു. പിന്നീട് കീരംമ്പാറ സെന്റ് സ്റ്റീഫൻസ് പള്ളിവക സ്കൂളിൽ പ്രഥമാധ്യാപകനായി. തുടർന്ന് വടകര ഹൈസ്ക്കൂളിൽ 5 വർഷം അധ്യാപകനായും 11 വർഷം പ്രധാന അധ്യാപകനായും സേവനമനുഷ്ഠിച്ചു. വടകരയിലെ T.T.C. സ്ക്കൂൾ തിരുമേനിയുടെ ശ്രമഫലമായി ആരംഭിച്ചതാണ്. പല ചെറു കവിതകളും തിരുമേനി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വടകര ഹൈസ്കൂളിൽ നിന്ന് 60-ാ മത്തെ വയസ്സിൽ വിരമിച്ചതിനുശേഷം മദ്രാസിലെ പെരുമ്പൂരിൽ ഷെവലിയാർ ടി. തോമസിനോടൊപ്പം സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിന് മുൻകൈ എടുത്തു. സെന്റ് മേരീസ് സ്കൂളിൽ അധ്യാപകനായും വൈസ് പ്രിൻസിപ്പളായും സേവനം അനുഷ്ഠിച്ചു.

മലങ്കരസഭാ സുന്നഹദോസിന്റെ തീരുമാനപ്രകാരം 71-ാ മത്തെ വയസ്സിൽ മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തു. 1975 ജൂൺ 12-ാം തീയതി അന്ത്യോഖ്യായുടെയും കിഴക്കോക്കയുടെയും പരമാധ്യക്ഷനായ മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവാ തോമസച്ചനെ മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

1975-82 കാലഘട്ടത്തിൽ കണ്ടനാട്, കോട്ടയം ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി ശുശ്രൂഷകൾ നിർവ്വഹിച്ചു. 1982 ലെ പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ ബാവായുടെ പ്രഥമ മലങ്കര സന്ദർശനവേളയിൽ നടന്ന പ. സുന്നഹദോസിന്റെ തീരുമാനപ്രകാരം കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായായി നിയോഗിക്കപ്പെട്ടു.

സ്വന്തമായ ഒരാസ്ഥാനമൊ മറ്റു സ്ഥാപനങ്ങളോ ഇല്ലാതിരുന്ന അവസ്ഥയിലാണ് 78 വയസ്സായ മോർ ഒസ്താത്തിയോസ് തോമസ് തിരുമേനി കൊച്ചി ഭദ്രാസനത്തിന്റെ ഭരണ ചുമതല ഏറ്റെടുത്തത്. വാർദ്ധക്യത്തിലെത്തിയിരുന്നെങ്കിലും തിരുമേനി ഭദ്രാസനത്തിനുവേണ്ട ക്രമീകരണങ്ങൾ ക്രമമായി നടപ്പിൽ വരുത്തി. കരിങ്ങാച്ചിറ പള്ളിയിൽ താമസമാക്കിക്കൊണ്ട് ഭരണം

ആരംഭിച്ചു. താമസിയാതെ തിരുവാങ്കുളം കൃംതാ ചാപ്പലിനെ കൊച്ചി ഭദ്രാസന ആസ്ഥാനമാക്കി വളർത്തി. അധ്യാപന ജീവിതത്തോടുള്ള താല്പര്യം മൂലം 'ജോർജിയൻ അക്കാഡമി' എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു.

തിരുമേനിയെ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനം 'സ്നുഗറോദ് ഹൈമ്മോനൂനോ' (വിശ്വാസ സംരക്ഷകൻ) എന്ന ബഹുമതി നൽകി ആദരിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ അനാരോഗ്യം നിമിത്തം ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനായി അഭിവന്ദ്യ തിരുമേനി നിയോഗിതനായി. അതോടൊപ്പം പരിശുദ്ധസഭയുടെ ലിറ്റിഗേഷൻ കമ്മറ്റി ചെയർമാനായും സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു.

1994ൽ ഭദ്രാസന ഭരണത്തിൽനിന്ന് വിരമിച്ച തിരുമേനി, പിൻഗാമിയായി അഭിവന്ദ്യ മോർ ഗ്രീഗോറിയോസ് ജോസഫ് തിരുമേനിയെ ഭദ്രാസനഭരണം ഏല്പിക്കുകയും ചെയ്തു. ശാന്തനും, വിദ്യാസമ്പന്നനും, വിനയാന്വിതനുമായ തിരുമേനി 96 വയസ്സ് പൂർത്തിയാക്കി 2000 ജൂലൈ 28 ന് കാലംചെയ്ത് നിത്യവിശ്രമത്തിൽ പ്രവേശിച്ചു. ജൂൺ 30-ാം തീയതി തിരുവാങ്കുളം കൃംതാ സെമിനാരി കത്തീഡ്രലിൽ കബറടക്കപ്പെട്ടു. പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് തോമസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപെരുന്നാൾ ജൂലൈ 28-ാം തീയതി ആചരിക്കുന്നു.

## പുണ്യശ്ലോകനായ
## മോർ തേയോഫിലോസ് തോമസ്
### (എ. ഡി. 1919 – 1992)

മുത്തേടത്ത് മാമച്ചന്റെയും (കൊച്ചുകുഞ്ഞ്) റിബേക്കായുടെയും നാലാമത്തെ പുത്രനായ തോമസ് 1919 നവംബർ 1 ന് ജനിച്ചു. കല്ലുപ്പാറ, കുമ്പനാട് ഗവൺമെന്റ് സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തി. സ്ളീബാദാസ സമൂഹസ്ഥാപകനായ മുക്കാഞ്ചേരിൽ ബഹുമാനപ്പെട്ട M. P. പത്രോസ് കത്തനാർ (പി

ന്നീട് പത്രോസ് മോർ ഒസ്താത്തിയോസ്) കുമ്പനാട് എത്തി സുവിശേഷ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ തുടങ്ങി.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാമ്പാക്കുട സെമിനാരിയിൽ ചേരുകയും കോനാട്ട് ഏബ്രഹാം മൽപ്പാന്റെ ശിഷ്യത്വം സ്വീകരിക്കുകയും സുറിയാനി ഭാഷ പഠിക്കുകയും ചെയ്തു. 1942-ൽ ബസേലിയോസ് ഗിവറുഗീസ് ദ്വിതീയനിൽനിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു. 1946ൽ ഔഗേൻ മോർ തീമോത്തിയോസ്, തോമസ് ശെമ്മാശന് മുവാറ്റുപുഴയിൽവച്ച് കശ്ശീശപട്ടം നൽകി. തുടർന്ന് വിവിധ പള്ളികളിൽ സേവനമനുഷ്ഠിക്കുകയും ജബൽപൂർ തിയോളജിക്കൽ കോളേജിൽ ചേർന്ന് പഠിക്കുകയും ചെയ്തു.

1964ൽ തോമസ് അച്ചൻ ബാംഗ്ലൂർ പള്ളി വികാരിയായിരിക്കുമ്പോൾ പരിശുദ്ധ യാക്കോബ് തൃതിയൻ ബാവായ്ക്ക് അവിടെ ഗംഭീര സ്വീകരണം നൽകി. പിന്നീട് കൽക്കട്ട, കുവൈറ്റ് ഇടവകകൾ ഭരിച്ചു. ആ സമയത്ത് വിശുദ്ധ നാടുകൾ സന്ദർശിച്ചു. 1966ൽ മോർ അത്താനാസിയോസ് മാത്യൂസ് മെത്രാപ്പോലീത്തായുമൊത്ത് പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ആതിഥ്യം സ്വീകരിക്കുകയും അവിടെയുള്ള സ്ഥലങ്ങളിൽ പര്യടനം നടത്തുകയും ചെയ്തു. അങ്ങനെയിരിക്കെ ഓർത്തഡോക്സ് മാനേജിംഗ് കമ്മിറ്റി പരിശുദ്ധ അന്ത്യോഖ്യ സിംഹാസനവുമായുള്ള ബന്ധം വിഛേദിച്ചു നിശ്ചയം പാസാക്കിയതിനെ എതിർത്ത അച്ചൻ പത്രപ്രസ്താവന നടത്തുകയും അങ്ങനെ ഔഗേൻ കാതോലിക്ക ബാവാ അദ്ദേഹത്തെ നിരോധിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ തോമസ് അച്ചൻ മേപ്രാലിൽ എത്തി മോർ കൂറിലോസ് കുറിയാക്കോസ് തിരുമേനിയുമായി പ്രശ്നങ്ങൾ ചർച്ച ചെയ്തു യാക്കോബായ സുറിയാനി സഭയിലേക്ക് വരുകയും ചെയ്തു. 1974ൽ മേപ്രാൽ പള്ളിയിൽവച്ച് കടവിൽ ഡോ. പൗലോസ് മോർ അത്താനാസിയോസ്, ഗീവറുഗീസ് മോർ ഗ്രീഗോറിയോസ്, കുര്യാക്കോസ് മോർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാർ ചേർന്ന് അച്ചനെ കോർ എപ്പിസ്കോപ്പാ ആക്കി. തുടർന്ന് ഭദ്രാസന സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അം

ഗം, വർക്കിംഗ് കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പിന്നീട് ബോംബെ, ഭോപ്പാൽ, നാഗപ്പൂർ, ജബൽപൂർ ഇടവകൾ സ്ഥാപിച്ചു. 1976-ൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ വികാരി ജനറലായി ശ്രേഷ്ഠ കാതോലിക്ക ബാവ നിയമിച്ചു. തുടർന്ന് ശ്രേഷ്ഠ ബാവായുമൊത്ത് ബാഹ്യകേരളം മുഴുവൻ സന്ദർശിച്ചു. അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് സഞ്ജീവ് റെഡ്ഡി, പ്രധാനമന്ത്രി ഇന്ദിരാഗാന്ധി, കേന്ദ്രമന്ത്രിമാർ, ഗവർണ്ണമാർ എന്നിവരെ സന്ദർശിക്കുകയും ചെയ്തു. കൂടാതെ ഡൽഹിയിൽ യാക്കോബായ സഭയ്ക്ക് ഒരു ഇടവക രൂപം നൽകാനും സാധിച്ചു. 1978 ഫെബ്രുവരിയിൽ മഞ്ഞനിക്കര പെരുന്നാളിനോടനുബന്ധിച്ച് അവിടെവച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവാ റമ്പാൻ സ്ഥാനം നൽകി.

വിവിധ സേവനപ്രവർത്തനങ്ങളിലൂടെ സഭയ്ക്ക് ഗണ്യമായ സംഭാവനകൾ പ്രദാനം ചെയ്ത വന്ദ്യ തോമസ് റമ്പാൻ 1979 ഏപ്രിൽ 19ന് വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽവച്ച് ശ്രേഷ്ഠകാതോലിക്ക ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ഇതോടൊപ്പമാണ് പുണ്യശ്ലോകരായ മോർ തീമോത്തിയോസ് യാക്കോബ്, മാർ ഈവാനിയോസ് ഫീലിപ്പോസ് എന്നീ മെത്രാപ്പോലീത്താമാർ വാഴിക്കപ്പെട്ടത്. ബാഹ്യകേരള മെത്രാപ്പോലീത്ത എന്ന നിലയിൽ ഡൽഹി കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച തിരുമേനിക്ക് പല ഇടവകളും, കോൺഗ്രിഗേഷനുകളും രൂപവൽക്കരിക്കുന്നതിന് സാധിച്ചു. സഭാ യോജിപ്പുമൂലം നഷ്ടപ്പെട്ട ബാഹ്യകേരള ഇടവകൾക്കു പകരം പല സ്ഥലങ്ങളിലും ഇടവകകളും കോൺഗ്രിഗേഷനുകളും സ്ഥാപിച്ചു.

N. C. C. I. യുടെ വിശ്വാസവും പട്ടത്വവും സംബന്ധിച്ച കമ്മീഷനിൽ അംഗമാവുകയും എക്സിക്യൂട്ടീവ് കമ്മറ്റിയംഗമാവുകയും ചെയ്തു. യാക്കോബായ യൂത്ത് അസോസിയേഷന്റെ പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ച തിരുമേനി യൂത്ത് അസോസിയേഷന് ഒരു ഭരണഘടന ഉണ്ടാക്കുകയും, ഇന്നത്തെ നിലയിൽ വളർത്തുകയും ചെയ്തു.

1990-ൽ മുളന്തുരുത്തി വെട്ടിക്കൽ MSOT സെമിനാരി സ്ഥാപിക്കപ്പെട്ടപ്പോൾ സെമിനാരിക്കുവേണ്ടി നല്ല ഒരു തുക സംഭാവന

നൽകുകയും തിരുമേനിയുടെ ഗ്രന്ഥശേഖരങ്ങൾ സെമിനാരി ലൈബ്രറിക്ക് നൽകുകയും ചെയ്തുകൊണ്ട് സെമിനാരിയിൽ താമസം ആരംഭിച്ചു. പിന്നീട് ബാഹ്യകേരള ഭദ്രാസന ഓഫീസും തിരുമേനിയുടെ ആസ്ഥാനവും സെമിനാരിയായിരുന്നു. ഹൃദ്രോഗിയായ തിരുമേനി 1992 ജനുവരി 12 ന് തിരുവനന്തപുരത്ത്വച്ച് കാലംചെയ്യുകയും മുളന്തുരുത്തി വെട്ടിക്കൽ MSOT സെമിനാരിയിലെ മോർ അഫ്രേം ചാപ്പലിൽ കബറടക്കുകയും ചെയ്തു. തിരുമേനിയുടെ ശ്രാദ്ധം ജനുവരി 12 ന് സുറിയാനി സഭ ആചരിക്കുന്നു.

## Reference


*പരിശുദ്ധനായ മാർ ശർബ്ബീൽ സഹദായുടെ ജീവചരിത്രം* (1930). (Fr. K. V. Geevarghese, Trans.) കോട്ടയം: മാർ ശർബ്ബീൽ ദയറ, തൃക്കോതമംഗലം.

Abdul Ahad Ramban (1948). *സഭാചരിത്രം.* ചിങ്ങവനം റവ. ഫാ. തകടിയിൽ യാക്കോബ്.

Aphrem Barsaum (2000). *The history of Syriac literature and sciences.* (Mathi Moosa, Trans.) Pueblo: Passeggiate Press

Aphrem Paulose (1964). *ശീമക്കാരായ പിതാക്കന്മാർ* (Rev. Fr. T. J. Abraham, Trans.). Manjinikkara: Mor Ignatins Dayara.

Aphrem Paulose Ramban (1963). *വെള്ളിനക്ഷത്രങ്ങൾ* (Fr. T. J. Abraham, Trans.). Manjinikkara: Mor Ignatius Dyara.

Bar Hebraeus (1974). *Hudaya canon.* (V. Rev. Yacoub Ramban, Trans.). Cochin: Syrian Publications.

Bihlmeyer, K., & Tuchle, H. (1958). *Church History* (Vol.I) (V.E. Mills, Trans.) Maryland: The New man Press.

Bihlmeyer, K. & Tuchle, H. (1963). *Church history*. (Vol. II). (V. E. Mills & F. J. Mullar, Trans.). Paderborn: Ferdinand Schoningh.

Cayre, A. A. (1935). *Manual of patrology* (Vol. I). (A. A. Howitt, Trans.). Paris: Deselee & Co.

Cayre, A. A. (1936). *Manual of Patrology and history of theology* (Vol. II). (A. A. Howitt, Trans) Paris: Desclee & Co.

Cayre, A. A. (1940). *Manual of patrology and history of theology* (Vol. III). (H. Howitt, Trans.). Paris: Desclee & Co.

Chediath, G. (2006). *പട്രോളജി.* (Vol 2). കോട്ടയം; പൗരസ്ത്യ വിദ്യാപീഠം

Cross, F. L. & Livingstone, E. A. (1974). *The Oxford dictionary of the christian church*. New York: Oxford University Press.

Curian corepiscopa (1982). *സുറിയാനി സഭ* Thiruvalla: Chev. K.T. Alexander Kaniyanthra.

Douglas, J. D. (Ed.) (1978). *The new international dictionary of the christian church*. (rev. ed.). Michigan: Zondervan Publishing house.

*Encyclopedia Americana* (19880. Connecticut: Grolier Incorporated.

*Encyclopedia Britannica* (1988). Chicago: Encyclopedia Britannica

Eusebius (1985). *തിരുസഭാ ചരിത്രം.* (G. Chediath, Trans) കോട്ടയം: പൗരസ്ത്യ വിദ്യാപീഠം

Hoever, H. (1989). *Lives of saints* (rev. ed.). New York: Catholic Book Publishing Company.

Irmanos (2008). *മോർ പൗലോയുടെ ജീവചരിത്രം* (Fr. M. Kuriakose, Vanchithattil). Kolencherry: Mor Baselius Paulose II Study Centre.

Itteera, M. T. (1930). *സഹദയായ മോർ യാക്കൂബ് മ്പ്പസ്കോയുടെ ചരിത്രം.* Kunnamkulam: Syrian Christian Book Depot.

Lowther Clarke, W. K. (1916). *Gregory of Nyssa, Life of St. Macrina* (pp. 17-79). London: Society for Promoting Christian Knowledge.

n.a. (1962). *മോർ സേവേറിയോസ് സ്മരണിക.*

*Nelson's Encyclopedia.* (1913). New York: Thomas Nelson & Sons.

O' Leary De Laey (2002). *The Syriac Church and Fathers.* New Jersey: Georgias Press

Paulose, K. V. (2005). *മലങ്കരയുടെ പൗലോസ് മോർ കൂറീലോസ് മെത്രാപ്പോലീത്ത.* Valakom: St. Gregorios Publications.

Quasten, J. (1960). *Patrology* (Vo. III). Maryland: The Newman Press.

Rajan, K. M. (Ed.) (2007). *Angel of peace - Platinum Jubilee Souvenir of St. Elias III.* Manjinikkara: Mor Ignatius Dayro Cathedrel.

Smith, W., & Wace, H. (Eds.). (1877). *A dictionary of christian biography* (Vol. I). London: John Murray.

Smith, W. & Wace, H. (Eds.) (1882). *A dictionary of christian biography* (Vol. III). London: Johv Murray.

Smith, W., & Wace, H. (1887). *A dictionary of christian biography* (Vol. IV). London: John Murray.

*The Acts of Sharbil* (Sarbelus), the confessor (n.d.). Written by Marinus and notarised by Anatolus.

Theodoret (1990). *സിറിയായിലെ മുത്തുകൾ.* (Sales & Quriaqos Elijah Vadaketh, Trans.). Kottayam: Denha Services.

Wace, H., & Piercy, W. C. (1999). *A dictionary of early christian biography* U. S. A.: Hendrickson Publishers.

White, K. E. (1991). *A guide to the saints*. New York: Ivy Books.

www. stpaulinthedesert.com/

## Name Index
## Vol. I


Antonius of Egypt ........................................................... 38
Aphrem I, Patriarch........................................................... 93
Athanatius Shemavoon .................................................. 131
Athantius Yeshu Samuel.................................................. 125
Bar Hebreaus, Maphrian ................................................. 108
Barsoumo ......................................................................... 44
Baselus Paulose II, Catholicos .........................................112
Fourty martyrs of Sebesthe .............................................. 10
George, Saint .................................................................... 13
Gregorius of Chathuruthil ................................................. 69
Ignatius, Noorono ............................................................. 26
Ivanius, Gold-mouthed ...................................................... 75
Jacob of Sarug ................................................................. 85
Jacob, The disciple........................................................... 16
James Bardeaus................................................................ 80
John, the Baptist................................................................. 5
Julius Yacob .....................................................................116
Luke, the Evangelist .......................................................... 67
Mathew, the disciple .......................................................... 59
Michael Rabo, Patriarch .................................................. 100
Moshe Bar Kipho ............................................................. 123
Osthatheos Sleeba............................................................ 48
Paul, the apostle................................................................ 23
Peter III (IV), Patriarch...................................................... 88
Peter, Chief among apostles ............................................. 19
Simon, the stylite .............................................................. 55
Thekkla, the Saint.............................................................. 61
Thimotheos Yacoub ......................................................... 120
Thomas, the apostle .......................................................... 31
Yacoub III, Patriarch ......................................................... 96

## Name Index
## Vol. II


Abgar V, the Black ........ 55
Agatha, Martyr ........ 08
Aphrem, the Syrian ........ 71
Athanatius Paulose, Saint ........ 43
Barbara and Juliana, Martyrs ........ 23
Baselius of Caesera, Saint ........ 38
Cipriyan, Martyr ........ 19
Clemis Abraham ........ 94
Cyril of Alexandria ........ 73
Dionysius Michael ........ 84
Elias III, the Patriarch of Antioch ........ 50
Gregorius Abdul Jaleel, Saint ........ 59
Gregory of Nyssa, Saint ........ 42
Helen, Queen ........ 68
James of Jerusalem, Martyr ........ 13
James of Nisbis ........ 64
John bar Aphthoonia ........ 77
John, the Disciple ........ 62
Julius Elias, the delegate of Antioch ........ 89
Kuriakose and Yulithi, Martyrs ........ 15
Mark, Martyr ........ 09
Marutha, the Maphrian ........ 82
Mary, Magdelena ........ 75
Mary, Mother of God ........ 26
Osthatheos, the Patriarch of Antioch ........ 80
Philexenus of Mabbug, Martyr ........ 25
Rabula of Edessa ........ 92
Sergius and Baccus, Martyrs ........ 22
Severius, the Patriarch of Antioch ........ 47
Stephen, Martyr ........ 05

## Name Index
## Vol. III


Abahai, Martyr .................................................... 15
Abded Aloho II, Patriarch.................................................... 48
Ahudemeh, The Great Bishop ............................................ 51
Ambrose, Saint.................................................................. 32
Andrew, The Disciple ........................................................ 21
Athanatius of Alexandria.................................................... 39
Babula, Patriarch ................................................................. 5
Bartholomew, The Disciple ..................................................11
Dionysius of Alexandria ..................................................... 46
Dioscoros of Alexandria..................................................... 43
Gregorius Gheevarghese ................................................... 60
Gregorius Yuhanon ........................................................... 76
Gregory of Nazianzen, ..................................................... 27
Jacob of Edessa................................................................ 65
James, Son of Alphaeus.................................................... 18
Joseph, The Just ............................................................... 34
Juda, The Disciple ............................................................... 9
Julius of Rome, ................................................................. 37
Julius Yeshu Cicek ............................................................ 79
Mathias, The Disciple ....................................................... 13
Osthatheos Bennyamin Joseph ........................................ 71
Pachomius, Saint.............................................................. 29
Pelagia, Saint ................................................................... 16
Philip, The Disciple .......................................................... 19
Philoxenos Samuel .......................................................... 58
Polycarp of Smirna, Martyr ................................................ 24
Severius Gheevarghese.................................................... 67
Shukr Allah of Aleppo, Maphrian ....................................... 55
Simeon, The Zeolot .......................................................... 07
Yeldho Baselius Maphrian, Saint....................................... 52

## Name Index
## Vol. IV

Anthimus of Constantinople.............................................. 59
Aphrahat, Hermit .............................................................. 26
Athanatius Paulose Kadavil I............................................. 71
Athnatius Paulose, Kadavil II............................................ 78
Augen of Clysma .............................................................. 23
Balai, Bishop of Balsh....................................................... 38
Clement of Rome............................................................... 05
Coorilos Kuriakose ........................................................... 80
Coorilos Paulose .............................................................. 49
Coorilos Yuyakim............................................................... 45
Dionysius Joseph .............................................................. 67
Epiphanius of Salamis....................................................... 33
Eusebius of Caeseria ....................................................... 17
Isaac, the Doctor .............................................................. 39
Ivanios Hidayathulla ......................................................... 61
Ivanios Yuhanon ................................................................ 65
Joachim & Hannah ............................................................ 15
John of Damascus.............................................................. 42
Macrina.............................................................................. 28
Osthatheos Thomas .......................................................... 82
Paul of Thebaid ................................................................ 20
Phocas of Sinope, Gardner .............................................. 10
Severios Paulose............................................................... 74
Sharbil, Martyr .................................................................. 07
Simon, the Potter............................................................... 41
Themotheos of Alexandria................................................. 57
Theophilos Thomas .......................................................... 84
Theophilus of Alexandria .................................................. 54
Yacoub, M’fasquo ............................................................. 13
Zeno .................................................................................. 37

## Name Index
## Vol. V


Acacious Aleppo .......... 46
Anastasia, the Martyr .......... 6
Arnobius, the Martyr .......... 16
Deevannasios Simon .......... 55
Didymus, the blind .......... 51
Dodo Gregorios, the Saint .......... 33
Fabronia, the Martyr .......... 24
Flavian, the Patriarch .......... 39
Habib, the Martyr .......... 11
Ivanios Philipose .......... 60
John of Arabia .......... 48
Julius Geevarghese .......... 53
Julius Kuriakose .......... 68
Koorilos Geevarghese .......... 58
Koorilos Markose .......... 64
Kuriakose, the Patriarch .......... 42
Kuriakose Vanchithattil, Ramban .......... 71
Macarius, the Egyptian .......... 20
Malke, the Saint .......... 32
Marina, the Saint .......... 30
Meletius Barnaba .......... 62
Meletius, the Patriarch .......... 37
Mena, the Martyr .......... 08
Ossyo, Martyr .......... 18
Polycarpus Geevarghese .......... 66
Serapion, the Patriarch .......... 36
Shalito, the Martyr .......... 21
Simon, the Martyr .......... 05
Simon Theophilus, the Patriarch .......... 40
Yuhanon, the Bishop of Ephesus .......... 43

## Name Index
## Vol. VI


Adai, the first bishop of Edessa ........................................ 19
Adrian with his wife Natalia, Martyrs ................................. 24
Ahathulla .......................................................................... 41
Alexander, the Patriarch of Constantinople ....................... 40
Anthrayose, Kallada, Kerala, India .................................. 51
Athanasius Aphrem Barsoum, Archbishop ....................... 55
Babylas, Patriarch of Antioch, the Martyr .......................... 43
Barnabas, the Apostle ...................................................... 09
Carpos & Papylos, Martyrs ............................................... 26
Dionysius of Milan, the Bishop .......................................... 50
Euphemia, Virgin & Martyr ................................................. 28
Evodius, The Patriarch of Anticoh, Martyr ......................... 39
Gabriel of Thur'abdeen ..................................................... 36
Gregorius Gheevarghese, Vayaliparampil ......................... 57
Gregory, the Wonderworker ............................................. 34
Hesychius, the Martyr ....................................................... 14
Hippolytus of Rome, the Martyr......................................... 22
Iranaeus of Sirmium, the Martyr ........................................ 23
Joseph of Arimathea ......................................................... 03
Justin, the Martyr................................................................ 12
Longinus, the Martyr ......................................................... 04
Nicephorus, the Martyr ..................................................... 15
Pantaenus of Alexandria (priest) ....................................... 08
Pantaleon, the Martyr ....................................................... 18
Pelagia of Tarsus, Virgin & Martyr .................................... 17
Philexinose Yoohanon ...................................................... 53
Shmuni, her seven children and Eliazar ........................... 05
Simeon, the Aged & Morth Hannah ................................. 01
Tharakkos, Prokkos & Andronikkos, Martyrs .................... 29
Zakka I, the Patriarch of Antioch ....................................... 45

## Name Index
## Vol. VII


Abraham Kidunay ........................................................... 26
Aggai, The second Bishop of Edessa................................ 09
Agnes, Virgin & Martyr..................................................... 15
Alexander, the Patriarch of Alexandria ............................ 19
Ammon (Amus) of Nitria ................................................. 23
Anthimos, Episcopo of Nicomedia, the Martyr.................. 13
Anysia, the Martyr........................................................... 14
Apollonia, the Martyr....................................................... 12
Bar-had- bashabo, Deacon & Martyr................................ 25
Callistus, Episcopo of Rome.............................................11
Cosmas & Damian, Martyrs............................................. 16
Cyril of Jerusalem............................................................ 30
Daniel, the Stylite............................................................. 33
Hilarion, Abbot (of Gaza) ................................................ 28
Irenaeus, the Bishop of Lyons ......................................... 07
Isaac of Nineveh (Syrian) ................................................ 48
Jacob of Edessa .............................................................. 50
John III of Sedre, the Patriarch of Antioch ........................ 45
John of Egypt, the Abbot ................................................. 35
Mary of Egypt .................................................................. 37
Maximus, the Confessor................................................... 43
Pamphilus of Caesarea, the Martyr .................................. 17
Severus Sabukht, Bishop of Qinnesrin.............................. 47
Shemvun of Qartmin......................................................... 41
Silvester, the Patriarch of Rome ....................................... 21
Simon Zaytuni (of Harran) ................................................ 53
Theodotus, the Patriarch of Antioch ................................. 39
Timothy, the disciple of Apostle St. Paul........................... 01
Titus, the disciple of Apostle St. Paul ............................... 04
Zokhe (Nicholavos), Bishop of Moora (Myra).................... 22

## Name Index
## Vol. VIII


Aho, the Ascetic .......... 05
Arsenius, the Great .......... 31
Artemius, Martyr .......... 04
Athanasius Denho .......... 03
Behnam and Sara, Martyrs .......... 22
Dionysius Tal Mahre, the Patriarch of Antioch .......... 19
Dionysius, the Areopagite .......... 55
Drosis, daughter of Emperor Trajan .......... 17
Eugenia, Martyr .......... 38
Eulogius, Episcopo of Edessa .......... 28
Evagrius, Ascetic and Writer .......... 35
Gregorius of Armenia, the Illuminator .......... 01
Hilaria, daughter of Emperor Zeno .......... 33
Ignatius Nuh (Noah), the Patriarch of Antioch .......... 27
Irene (Erini/Irini), Martyr .......... 42
Isidore of Chios, Martyr .......... 57
John (Yuhanon) of Tella .......... 45
John IX, Bar Shushan, the Patriarch of Antioch .......... 20
Mamas of Caesarea, Martyr .......... 40
Mennas, Martyr .......... 12
Moses, the Ethiopian .......... 24
Palladius, the Solitary .......... 53
Pambo, the Ascetic .......... 14
Paul (I) of Edessa .......... 58
Philexinose Yuhanon Dolabani of Mardin .......... 09
Theodora, Empress of Byzantine .......... 50
Theodotus, Martyr .......... 48
Thomas of Heraclea .......... 43
Yuhanon of Mardin .......... 47
Zenobius and Zenobia, Martyrs .......... 13

## Books by the Author

1. Rajan, K. M. (1991). *Queen of the  Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead.* New Delhi: NIEPA.
6. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2011). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.

18. Rajan, K. M. (2016). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VII). Puthencruz: J.S. C. Publications..

21. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VIII). Puthencruz: J.S. C. Publications.

22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications..23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications..

23. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.

24. Rajan, K. M. (2017). S*uriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (250 Biographies). Puthencruz: J.S. C. Publications.

**Books Compiled, Edited & Reprinted**

1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

## ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദ ങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കര സ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാ ക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമ ബാവായിൽ ന ിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോ ബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശ പട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാ മൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭ യിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രി യർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോ സിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവാ യുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽ നിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ

അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-IV) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I-VII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com

# സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

വാല്യം - 4

**ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും, പരിശുദ്ധന്മാരുടെയും, മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രവും അനുകരണീയ മാതൃകകളും, സഭാ ശുശ്രൂഷകളും എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം.**

**ആർത്താറ്റ് – കുന്നംകുളം – സെന്റ് മേരീസ് സിംഹാസന പള്ളി അംഗവും, ആ പള്ളിയുടെ ഇപ്പോഴത്തെ വികാരിയുമായ ഗ്രന്ഥകർത്താവ്, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് പ്രിൻസിപ്പാളാണ്.**



**The Travancore Syriac Orthodox Publishers**
**Kottayam-686 004**
**SOCMNet.Org**